Date of publication: 9 ഏപ്രിൽ 2015
വോള്യം 9 / ലക്കം 4 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം

# പ്രണയം






പ്രിയവായനക്കാർക്ക് ഹൃദയപൂർവ്വമായ ഈസ്റ്റർ - വിഷു ആശംസകൾ!


# സംഘടിത

ഏപ്രിൽ 2015 |വോള്യം 9 |ലക്കം 4


## ഉള്ളടക്കം


6. തീയായി മാറുന്ന ചാരം - **മൃദുല ഭവാനി**

9. പ്രണയത്തിന്റെ സൈദ്ധാന്തിക സഞ്ചാരങ്ങൾ - **പ്രസീദ യു.വി.**

27. കനൽപ്പൂക്കളായി... എന്റെ പ്രണയം - **ഷീബ അമീർ**

30. ലൗ ഫെസ്റ്റോ - **സ്മിത പി.കുമാർ**

36. ജീവിതക്കളരികളാകുന്ന കളിക്കളങ്ങൾ - **വിനയ**

37. പ്രണയം പുറത്ത് സരസ്വതിയമ്മ അകത്ത് - **ഷംഷാദ് ഹുസൈൻ**

45. പെൺപക്ഷം - **അജിത കെ.**

46. ശില്പമാകാൻ തയ്യാറെടുക്കുകയാണ് ഓരോ പ്രണയവും (കവിത) - **ബിന്ദു ചാഴൂർ**

47. മലബാർ ഗോൾഡിനെതിരെയുള്ള സമരത്തിൽ അണിചേരുക! (റിപ്പോർട്ട്)

51. ദൂരം (കഥ) - **കെ.ആർ.മല്ലിക**

53. വാസ്തവം - **ഡോ.ജാൻസി ജോസ്**

54. ബസ്യാത്രയും സ്ത്രീ സംവരണ പ്രതിസന്ധികളും - **രശ്മി ജി.**

56. ടിന്റ്ഡ് ഗ്ലാസ് (മിനിക്കഥ) - **ജയലക്ഷ്മി പി.**

57. 2015 മണ്ണിന്റെ അന്താരാഷ്ട്ര വർഷം (ശാസ്ത്രം) - **സീമ ശ്രീലയം**

59. പെൺകൂട്ടിന്റെ തെരുവരങ്ങ് (റിപ്പോർട്ട്)





21 പ്രണയത്തെ തൊടുമ്പോൾ
**ജ്യോതി നാരായണൻ**





17 അലിഞ്ഞു ചേർന്ന്, ലയിച്ചു ചേർന്ന്, മറ്റൊന്നില്ലാതെ
**വി. എം. ഗിരിജ**






33 പ്രണയത്തിന്റെ പാതകൾ
**ഹസീന വി.എ.**



| | | |
|---|---|---|
| എഡിറ്റർ | : | ഷീബ കെ.എം. |
| മാനേജിംഗ് എഡിറ്റർ | : | കെ. അജിത |
| എക്സി.എഡിറ്റർ | : | രാജലക്ഷ്മി കെ.എം. |
| ഗസ്റ്റ് എഡിറ്റർ | : | ചാരുലത |
| പത്രാധിപ സമിതി | : | ഡോ. ജാൻസി ജോസ്, ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത ടി.വി., അഡ്വ.കെ. കെ.പ്രീത, ഷീബാ ദിവാകരൻ, ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് |
| സർക്കുലേഷൻ മാനേജർ | : | ചാരുലത എ.എസ്. |
| ഉപദേശകസമിതി | : | സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ |
| ലേഔട്ട് & കവർ | : | സുവിജ |
| പ്രിന്റിംഗ് | : | ഏ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934 |

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org www.sanghaditha.com



# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

അന്താരാഷ്ട്രവനിതാദിനമാചരിച്ച മാർച്ച് മാസത്തിൽ സ്ത്രീകൾക്ക് ഭരണകൂടത്തിന്റെ ഏറ്റവും ഉയർന്ന കേന്ദ്രങ്ങളിൽ നിന്നും അപമാനം നേരിടേണ്ടി വന്നതിൽ ഖേദിക്കുന്നു. ലോകസഭയിൽ ശരദ് യാദവ് തെന്നിന്ത്യൻ സ്ത്രീകളുടെ ശരീരസൗന്ദര്യം വർണ്ണിച്ചപ്പോൾ കേരളനിയമസഭയിൽ ജനപ്രതിനിധികളായിരുന്നിട്ടും സ്ത്രീകൾ കേവലം ലൈംഗികശരീരങ്ങളായി വിവക്ഷിക്കപ്പെട്ടു. സ്ത്രീശാക്തീകരണത്തിനുള്ള ഉപാധിയായി രാഷ്ട്രീയപങ്കാളിത്തവും പ്രവർത്തനവും ഭാവിയിൽ എങ്ങനെ ഉന്നയിക്കാനാവുമെന്നത് ഗൗരവമായി ചിന്തിക്കേണ്ട കാര്യം തന്നെ.

ഭരണം നടത്തേണ്ടവർ അത്യന്തം സ്ത്രീവിരുദ്ധാരവുമ്പോൾ സ്ത്രീജീവിതങ്ങളെ ബാധിക്കുന്ന അനേകം പ്രശ്നങ്ങൾ അവഗണനയിലാവുന്നു. വേനൽചൂടിൽ കുടിവെള്ളത്തിനായുള്ള നെട്ടോട്ടങ്ങൾ സ്ത്രീകളുടെ അദ്ധ്വാനത്തെ ഇരട്ടിയാക്കുന്നു. തൃശൂരിലെ കല്യാൺസാരീസിലെ നീതിനിഷേധപൂർവ്വമായ തൊഴിൽ സാഹചര്യങ്ങൾക്കെതിരെയുള്ള വനിതാജീവനക്കാരുടെ സമരം നൂറാം ദിവസത്തിലേക്ക് കടക്കുകയാണ്. കോഴിക്കോട് കാക്കഞ്ചേരിയിലെ ജനങ്ങൾ മലബാർഗോൾഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം സൃഷ്ടിക്കുന്ന കഠിനമായ പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെ ഏറെ നാളായി പ്രക്ഷോഭത്തിലാണ്. കുത്തക മുതലാളിമാരും ഭരണകൂടവും ഒരുപോലെ പങ്കാളികളാവുന്ന ഈ ചൂഷണത്തിനും ഹിംസാത്മകതയ്ക്കുമെതിരെ കൂടുതൽ കൂടുതൽ അണിചേരേണ്ടതിന്റെ ആവശ്യകത നാം തിരിച്ചറിയേണ്ടതുണ്ട്.

ആൺകോയ്മയുടെ സദാചാരം കൈയിലെടുത്ത 'നാട്ടുകാർ' കേവലം 16 വയസ്സു മാത്രം പ്രായമുള്ള ഒരു പെൺകുട്ടിയുടെ ജീവൻ അപഹരിച്ചു. കൊടുങ്ങല്ലൂരിലെ അശ്വതിയുടെ ആത്മഹത്യ മനുഷ്യത്വരഹിതമായ പുരുഷാധികാര പ്രയോഗങ്ങളുടെ മറ്റൊരു വേദനിപ്പിക്കുന്ന ദൃഷ്ടാന്തമാണ്. പ്രതിരോധം എത്രമേൽ അടിയന്തിര സ്വഭാവമുള്ളതാണെന്ന് ഈ സംഭവം തെളിയിക്കുന്നു.

തിരുവനന്തപുരം സി.ഇ.ടി (എഞ്ചിനീയറിങ് കോളേജ്) വിദ്യാർത്ഥിനികൾ Break the Curfew എന്ന പ്രക്ഷോഭം തുടങ്ങിയിരിക്കുകയാണ്. വനിതാഹോസ്റ്റലുകൾ സ്വസ്ഥവും സുരക്ഷിതവുമായ വാസസ്ഥലങ്ങൾ എന്നതിനുപകരം വ്യവസ്ഥിതിയുടെ സദാചാരചട്ടങ്ങളും ലിംഗവിവേചനവും നടപ്പിലാക്കാനുള്ള കാരാഗൃഹങ്ങളായി വർത്തിക്കാൻ അനുവദിച്ചുകൂടാ. കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കും ആളിപ്പടരുന്ന സമരാഗ്നിയായി അത് വളർത്താൻ നമുക്ക് പരിശ്രമിക്കാം.

ദുരിതങ്ങൾക്കും ഇരയാക്കപ്പെടലിനും ഇടയിൽ സ്ത്രീജീവിതങ്ങളുടെ ആഹ്ലാദങ്ങളും ആവിഷ്കാരങ്ങളും സാധ്യമാവുന്നതിന്റെ തെളിവായിരുന്നു മാർച്ച് 8ന് വിനയയുടെ നേതൃത്വത്തിൽ തൃശൂർ ഗാർഗിയുടെ ആഭിമുഖ്യത്തിൽ നടന്ന സ്ത്രീകളുടെ വോളിബോൾ മേള. വീട്ടമ്മമാരും കുട്ടികളുമൊക്കെ ആവേശകരമായി പങ്കെടുത്തു ഈ മേളയിൽ. ഫെബ്രുവരിയിൽ അങ്കമാലിയിൽ നടന്ന 'വർഗ്ഗീയതയ്ക്കും ഫാഷിസത്തിനുമെതിരെ പ്രണയം ഒരു സാദ്ധ്യതയാണ്' എന്ന പരിപാടി ചെറുത്തുനിൽപ്പിന്റെ നാളം കൊളുത്തിയതിൽ ആഹ്ലാദം പങ്കുവെയ്ക്കുന്നു ഈ അവസരത്തിൽ.

പ്രണയം എന്ന വിഷയമാണ് ചാരുലത സമ്പാദകയായ ഈ ലക്കം സംഘടിതയിൽ ചർച്ച ചെയ്യുന്നത്. പ്രണയം വിപ്ലവം തന്നെയാണ്. വർഗ്ഗം, ജാതി, മതം, ദേശീയത എന്നീ വിഭാഗീയതകളെ അതിർലംഘിക്കാൻ ശേഷിയുള്ള ഒരു മഹദ് അനുഭവം. നിലനിൽക്കുന്ന വ്യവസ്ഥിതിയെ അസ്ഥിരപ്പെടുത്താനും അരക്ഷിതമാക്കാനും പ്രണയത്തിന് സാധിക്കും. എന്നാൽ പ്രണയാനുഭവം കേവലം കാല്പനികവും വൈകാരികവും മാത്രമാണോ? വേട്ടയാടലിന്റെ ഭീതിയിൽ പ്രണയമനുഭവിക്കുന്ന സ്വവർഗ്ഗാനുരാഗികളും പുരുഷാധിപത്യത്തിന്റെ ചതിക്കുഴികളിൽ വീണുപോകുന്ന പ്രണയിനികളും കൂടി പ്രണയത്തിന്റെ ഭൗതികയാഥാർത്ഥ്യങ്ങളായി കൂട്ടിവായിക്കപ്പെടേണ്ടതാണ്. ആത്മത്യാഗവും സ്വയം സമർപ്പണവുമാണ് പ്രണയത്തിന്റെ പര്യായങ്ങളെങ്കിൽ സ്വത്വബോധത്തോടെ സ്ത്രീകൾ പ്രണയം അനുഭവിക്കുന്നതെങ്ങനെ? ഈ ആലോചനകളിൽ സജീവമായി പങ്കാളികളാവാൻ വായനക്കാരെ ക്ഷണിക്കുന്നു.

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



ചാരുലത

അവരെന്നോട് ചോദിച്ചു
'അനുരാഗി എന്നാൽ എന്താണ്?'
ഞാൻ പറഞ്ഞു
'അർത്ഥങ്ങൾ എന്നോട്
ചോദിക്കാതിരിക്കുക
എപ്പോൾ നീ എന്നെപ്പോലെ
അനുരാഗിയാകുന്നുവോ,
അപ്പോൾ നിനക്കതിൻ
പൊരുളറിയാം.'
*-ജലാലുദ്ദീൻ റൂമി*

# 'പ്രണയം...' ഞാൻ എന്നെ നിർവചിക്കുന്നു


ചിറകുള്ള നിശാശലഭം പോലെ അവളുടെ വഴിയിൽ, ഏകാന്തതയിൽ ഇഴപിരിച്ചെടുക്കാനാവാതെ കിടക്കുന്ന, മോഹഭംഗം, നെടുവീർപ്പുകൾ, വേദനകൾ... പ്രണയം.

സ്ത്രീയിലെ സവിശേഷത പോലെ തന്നെ അവളിലെ പ്രണയവും പുരുഷനിൽ നിന്ന് വേറിട്ട് നിൽക്കുന്നു. പുരുഷൻ അനുഭവത്തിനുവേണ്ടി തിരയുമ്പോൾ സ്ത്രീ അനുഭവങ്ങളുടെ തീച്ചൂളയാവുന്നു. 'ഞാനനുഭവിച്ച സംഘർഷങ്ങൾ' ആണ് അവളെ പ്രണയത്തിലേക്ക് നയിച്ചതെങ്കിൽ 'നീ ജീവിച്ചിരിക്കുന്നു' എന്ന അടയാളപ്പെടുത്തലാണ് അവൾക്ക് പ്രണയം. അതുകൊണ്ടു തന്നെ എല്ലാ സദാചാരത്തേയും തകർത്തുകൊണ്ട് നഷ്ടപ്പെടുന്നതിൽ നിന്ന് അവൾ തുടങ്ങുകയാണ്. അധികാരത്തിന്റെ, അവകാശത്തിന്റെ ഒരേടും യഥാർത്ഥ പ്രണയത്തിൽ വരുന്നില്ല. സ്വന്തമായ ഒരിഷ്ടം അവൾക്കു വരുന്നത് എത്രയോ കഷ്ടത്തിനു ശേഷമാണ്. ഒരു പ്രശ്നത്തിനും പരിഹാരം കണ്ടെത്തലല്ല അവൾക്കു പ്രണയം... പക്ഷേ, തന്റെ എല്ലാ പ്രശ്നങ്ങൾക്കും അവളിലെ പ്രണയം ആശ്വാസമാകുന്നു. ഒറ്റപ്പെട്ടുപോയ പകലുകൾ, രാത്രികൾ, അഗാധമായ ശൂന്യതയിൽ ഒരാളുണ്ടെന്ന ആശ്വാസം, ആയിരം ജന്മങ്ങൾ കൂടെ കഴിഞ്ഞിട്ടുണ്ടെന്ന തോന്നൽ, നീലക്കടലിന്റെ അഗാധതയിൽ നോക്കി നിൽക്കും പോലെ അടക്കിപ്പിടിച്ച ശ്വാസം... അങ്ങനെ, അങ്ങനെ തന്റെ പ്രണയത്തിന് അവൾ കൊടുക്കുന്ന ഭാവങ്ങൾ എത്രയാണ്.

തീവ്രമായ എല്ലാ സ്നേഹവും പ്രണയമാണെന്ന് പറഞ്ഞത് വിജയൻമാഷാണ്. പ്രണയിനിക്കു വേണ്ടി ചെങ്കോലും കിരീടവും ഉപേക്ഷിച്ചവർ, രക്തസാക്ഷികളായവർ... ഇതും പ്രണയം.

പ്രണയപ്പതിപ്പിലേക്ക് ലേഖനം ചോദിച്ചപ്പോൾ എല്ലാ എഴുത്തുകാരികളും സന്തോഷത്തോടു കൂടി സമ്മതം തന്നതാണ്. എന്നാൽ എഴുത്തു മേശക്കരുകിൽ ഒന്നുമെഴുതാനാകാതെ ഇവരെല്ലാവരും തന്നെ വല്ലാത്തൊരു സംഘർഷാവസ്ഥയിലേക്കു പോയത് ഞാൻ ആഹ്ലാദത്തോടെ മനസ്സിലാക്കുന്നു. ഒരു പെണ്ണിനും അവളുടെ പ്രണയത്തെ നിഷേധിക്കാനോ നിർവചിക്കാനോ കഴിയുന്നില്ല എന്നതു കൊണ്ടോ ഇത്; തന്നോട് നീതിപുലർത്താത്ത ഒരു വാക്കു പോലും പ്രണയത്തെക്കുറിച്ച് അവൾക്ക് എഴുതാൻ കഴിയുന്നില്ല എന്നതുകൊണ്ടോ അതുമല്ലെങ്കിൽ, തന്റെ ഉള്ളിലെ പ്രണയമെന്ന ഭാവം താനുദ്ദേശിക്കുന്ന അതേ അർത്ഥത്തിൽ മറ്റുള്ളവരിലേക്ക് പകർന്നുകൊടുക്കാൻ കഴിയുമോ എന്ന ആശങ്കയോ... എന്തോ, അറിയില്ല. എന്തുകൊണ്ടെന്നോ ഞാനുമതുപോലെ....

വസ്തുനിഷ്ഠമോ സൈദ്ധാന്തികമോ ആയ ഒരു ചർച്ചയെന്നതിലുപരി തീവ്രമായ ഒരു വൈകാരികഭാവം എന്ന രീതിയിലാണ് ഞാൻ പ്രണയത്തെ കാണുന്നത്. ഈ ഭൂമിയിൽ സത്യസന്ധയായിരിക്കാൻ പ്രയാസമാണ്. കാപട്യക്കാരിയാവാൻ അസാധ്യവും... പ്രണയം വിശ്വാസമാണ്... സംഗീതമാണ്... തൃഷ്ണയാണ്...



മൃദുല ഭവാനി

**2013** ജൂലായ് മാസം തമിഴ് നാട്ടിൽ ഇളവരശൻ കൊല്ലപ്പെട്ടത് ജാതിയുടെ പേരിലാണ്. അവൻ പ്രണയിച്ചത് ഉയർന്ന ജാതിക്കാരിയായ ഒരു പെൺകുട്ടിയെയാണ്. ഒരിക്കൽക്കൂടി, മാനം കാക്കൽ കൊലയുടെ വാർത്ത കണ്ടു കഴിഞ്ഞപ്പോൾ ഇങ്ങനെ  എഴുതി,ഇന്നാട്ടിലെ 'കഴിവുകെട്ട' ദൈവങ്ങളെയും ജീവനില്ലാത്ത നേതാക്കളെയും പറ്റി, നിറങ്ങൾ കൊണ്ട് അതിര്  തിരിച്ച വൃത്തികെട്ട ലോകത്തെപ്പറ്റി, അവരുടെ പ്രണയത്തിന്റെ പേരിൽ കത്തിയ തെരുവുകളെപ്പറ്റി.

Crushed beneath
the layer of fire,
streets moaned silently,
for their untimely death.

our gods(proven inability)
our leaders(breathless)



# തീയായി മാറുന്ന ചാരം

in pale glass frames,
our sit outs
where we squatted for tea,
to see the full moon-
ashes.
ashes everywhere
(ashes which can't
transform into fire).

before days,no
before years,
we started brewing a soul.
a casteless,
throbbing,red soul.

we grew hearing the same folk tales
we grew feeling the heart of sun,
of rain,of river,of sea,
and of the same wind.

we grew seeing the same films
which celebrated fairness.

she was fair,
I was dark.
that was Their problem.

we saw a black villain
and a white hero
a white heroine
rejecting a black man's love.

its all about color.
world has two colors-
black and white.

people hate black
and love white

I was black-

at last we joined.
then,
when she kissed me
in the midnight,
the innocent streets caught fire.

touchabiltiy- untouchabiltiy.
commanding white skin,
hey,fit into your own slot.
do not proceed from this point.
but ours-two touchable
bodies,touchable souls.

now I spill blood
on the railway track,
amidst the legacies of innumerous journeys-
in a world of tranquility,
its cool to sit
without color,
black or white.

(തീപ്പാളികൾക്കിടയിൽ ഞെരിഞ്ഞ
തെരുവുകൾ കരഞ്ഞു
നമ്മുടെ ദൈവങ്ങൾ (കഴിവ്
കെട്ടവ)
നമ്മുടെ നേതാക്കൾ (ചത്തവർ)

നമ്മൾ ചായ കുടിക്കാനിരുന്ന
ഉമ്മറം നിറയെ ചാരം.
എല്ലാടത്തും ചാരം
തീയായി മാറാൻ പറ്റുന്ന ചാരം

വർഷങ്ങൾക്ക് മുമ്പാണ്
നമ്മളൊരുമിച്ച്
ആത്മാവുരുക്കിയത്,
ചുവന്നത്.

ഒരേ ചൂടിൽ ഒരേ കാറ്റിൽ
ഒരേ നാടോടിക്കഥകൾ കേട്ട്
വലുതായവർ.
വെളുപ്പിനെ വാഴ്ത്തുന്ന
ഒരേ തരം സിനിമകൾ കണ്ടു
കറുത്ത വില്ലൻ,വെളുത്ത നായകൻ
വെളുത്ത നായിക
കറുത്ത വില്ലന്റെ
പ്രേമം നിരസിക്കാറേ ഉള്ളൂ.

കറുപ്പും വെളുപ്പും
ലോകം കണ്ട നിറങ്ങളാണ്
അവർ കറുപ്പിനെ വെറുത്ത്
വെളുപ്പിനെ സ്നേഹിച്ചു.

ഞാൻ കറുത്തിട്ടായിരുന്നു.
ഒടുവിൽ ഒരു പാതിരാത്രിക്ക്
നമ്മൾ ചുംബിച്ചപ്പോൾ
തെരുവുകൾക്ക് തീപിടിച്ചു

തൊടലും തൊട്ടു കൂടായ്മയും
വെളുത്ത തൊലിയുടെ
അടങ്ങിയിരിക്കാൻ ആജ്ഞ
രണ്ടുടലുകൾ അതിര് മുറിച്ചവ.

ഒടുവിൽ കഥയുടെ അവസാനം
നിറമില്ലാതെ കിടന്നു,
എണ്ണമില്ലാത്ത യാത്രകൾ
അങ്ങുമിങ്ങും പോയ
തീവണ്ടിപ്പാതയിൽ.)

അങ്ങനെ ഒററ്റത്ത് ഇളവരശൻ എരിപിരികൊണ്ടിരിക്കു ന്നുണ്ട്. ജാതികലാപങ്ങളുടെ ഏറ്റവും വൃത്തികെട്ട ഒരു സംഭവമായി ഇളവരശനും ദിവ്യക്കും അവരുടെ പ്രണയത്തിനും ഉണ്ടായ എല്ലാ നഷ്ടങ്ങളും. ഓരോ കൊലയ്ക്കും വർഗീയവാദികൾക്ക് ഓരോ കെട്ട കാരണങ്ങളുണ്ട്.

ഫെബ്രുവരി 26 ന് ധാക്കയിൽ അവിജിത് റോയ് എന്ന അവിശ്വാസി കൊല്ലപ്പെട്ടു. കൂടെ ഭാര്യ റഫീദ, ചോരക്ക് നടുവിൽ എണീറ്റ് കൈ ചൂണ്ടി നില്ക്കുന്ന ഒരു ഫോട്ടോ ഉണ്ട്. ചോദ്യങ്ങൾ നമ്മളോടാണ്, സന്തോഷം ഇല്ലാതാക്കിയത് എന്തിനാണെന്ന്. മുക്തോർ മന എന്ന ബ്ലോഗിൽ അവിശ്വാസം എഴുതി വിട്ടതിനാണ് അയാൾ കൊല്ലപ്പെട്ടത്. ആളുകൾ റോഡിലേക്ക് വാ പൊളിച്ച് ഓടി വരുന്ന ഒന്നുമറിയാത്ത നായ്ക്കുട്ടികളോ? പഴയ തുണിപ്പെട്ടിയിൽ വെയിലുതട്ടാതെ വളരുന്ന എലിക്കുഞ്ഞുങ്ങളോ അല്ലെങ്കിൽ മനുഷ്യൻ വരച്ച കാട് നാട് അതിര് മുറിച്ച കടുവ ?

ഉച്ചത്തിൽ പറയുന്നവരെയും നിങ്ങളുടെ ഇഷ്ടത്തിനു ജീവിക്കാത്തവരെയും എല്ലാം കൊല്ലുമെങ്കിൽ ഒരുപാട് പണിയെടുക്കേണ്ടിവരും .കത്തിക്കലിനും കുത്തിക്കൊല്ലലിനും അപ്പുറത്ത്, ഓർമ്മപ്പെടലിന്റെയും ഒരുമ്പെടലിന്റെയും രാഷ്ട്രീയമുണ്ട്. ഓർമ്മ വലുതാണ് .പ്രണയത്തിലൂടെ കലഹിക്കുക എന്നത്, പ്രണയം രാഷ്ട്രീയ നിലപാടാകുമ്പോൾ ഉറക്കെ വിളിച്ചു പറയാനും എതിർക്കാനും ഉള്ള ഇടമാകുമ്പോൾ,ലോകം പ്രണയത്തിന്റെ സാധ്യതകൾ മനസ്സിലാക്കുന്നു.

വളരുമ്പോൾ,പഠിപ്പിച്ചു തന്ന ലിംഗപദവികളിൽ നിന്ന്, നമ്മൾ തനിയെ സ്വതന്ത്രമാകും.അത് വലുതാകുമ്പോൾ ദൈവഭയം ചോർന്നു പോകും പോലെയാണ്. ചെറുപ്പത്തിൽ ഭംഗിയുള്ള പെണ്ണുടലുകളിലേക്ക് നോട്ടം പോകുമ്പോൾ പേടിയായിരുന്നു, അത് പാടുള്ളതാണോ എന്ന്.

പിന്നീട് പ്രണയം തനിയെ അതിന്റെ വഴിക്ക് നടക്കുകയും പല പല ഉടലുകളിലേക്കും അതിന്റകത്തെ ഉണർച്ചകളിലേക്കും നടക്കുന്നു.

പ്രണയം അതിന്റെ എല്ലാത്തരം വളർച്ചകളും വളരുന്നതോടൊപ്പം അത് അത് തന്നെയായിരിക്കാൻ എല്ലാക്കാലവും ശ്രമിച്ചു കൊണ്ടേയിരിക്കും.

'ഞാൻ സുന്ദരിയും സർവ്വ ഗുണശീലയുമായ ഒരു ഹിന്ദു യുവതിയാകുന്നു. എന്റെ രാജ്യത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഞാൻ അങ്ങേയറ്റം തൃപ്തയാണ്. രാമന്റെ മക്കളായതുകൊണ്ട്തന്നെ,ഇവിടുത്തെ പുരുഷന്മാർ ആരും എന്നെപ്പൊലുള്ളോരു സ്ത്രീയെ പിന്തുടർന്ന് കീഴടക്കി ബലാൽസംഗം ചെയ്യുമെന്നു തോന്നുന്നില്ലാ,ഇനി ചെയ്താലെന്താ,ഇതു പണ്ട്,ദേവലോകത്ത് ഇന്ദ്രനും ചെയ്തിരുന്നതല്ലേ! പിന്നെ,ഞാൻ കള്ള് കുടിക്കാറില്ല,പുക വലിക്കാറില്ല.സ്ത്രീകളോട് എനിക്കിന്നേവരെ തോന്നാൻ പാടില്ലാത്തതൊന്നും തോന്നിയിട്ടുമില്ല.ഇക്കാലത്ത് അങ്ങനെയൊക്കെ തോന്നുന്നത് നല്ലതല്ലെന്ന് എനിക്കറിയാം.തന്നെയുമല്ല,ആണ് ആണിന്റെ കൂടെയും പെണ്ണ് പെണ്ണിന്റെ കൂടെയും അങ്ങനങ്ങു ജീവിച്ചു തുടങ്ങിയാൽ പിന്നെ ലോകാവസാനമല്ലേ. ഒക്കെ വിനാശത്തിനുള്ള മുന്നോടിയാണെന്ന് നിരത്തിൽ ചെന്ന് നിന്ന് ഉമ്മ വെക്കുന്ന യുവാക്കളെ കാണുമ്പോ എനിക്ക് തോന്നുന്നു.എല്ലാം പോട്ടെ,ഇവിടെ ഹിന്ദുക്കളല്ലാത്ത ആരൊക്കെയോ കൂടി ഉണ്ടല്ലോ,അവരൊക്കെ ഹിന്ദുക്കളാകണം. പിന്നെ മത കലഹങ്ങൾ ഉണ്ടാകില്ല അമ്പലം തകർക്കലും പള്ളി തകർക്കലും ഉണ്ടാകില്ല. അങ്ങനെ എനിക്കുറപ്പാണ് ഇവിടെ ആദർശ ഹിന്ദു രാജ്യം വരും. ഇന്ത്യൻ സ്ത്രീ കാലങ്ങളായി മെരുക്കപ്പെട്ട ഒരു പതിഞ്ഞ താളമുണ്ട്. ആ താളം കളഞ്ഞ് സ്വന്തമായൊരു താളമുണ്ടാക്കുന്ന പെണ്ണുങ്ങളെല്ലാം കൂത്തിച്ചികളാകും. അവരുടെ കണ്ണിൽ. ഉമ്മകളും പ്രണയവുമെല്ലാം അവരിൽ പേടി നിറയ്ക്കുന്നു.അതെല്ലാം രാജ്യം തകർക്കാനുള്ള ഗറില്ല വഴികളാണെന്നു പേടിച്ച് അവർ ഇവരെ മാവോവാദികളാക്കുന്നു. കുളിക്കാത്ത തലയും മുഷിഞ്ഞ ഉടുപ്പുമിട്ടവർ മാവോയിസ്റ്റുകളാണെന്ന് സൈന്യം.

എന്റെ തൊലിക്കുപ്പായം തൊട്ട് എല്ലുകൾ എണ്ണിക്കഴിഞ്ഞ് നീ തിരിഞ്ഞു കിടന്നുറങ്ങുമ്പോൾ, എനിക്കുറക്കം വരാതെയിരിക്കുമ്പോൾ ഞാൻ പകലിനെ സ്വപ്നം കാണുന്നു. പകലിൽ നമ്മൾ പോകുന്ന ഇടങ്ങളിൽ അടുത്ത പകലിൽ നഗ്നരാകുന്നതിനെപ്പറ്റി. ഞാൻ കുന്തിച്ചിരുന്ന് നിലത്തുനോക്കി പണ്ടത്തെപ്പോലെ മുള്ളുന്നതിനെപ്പറ്റി. മൃഗങ്ങളും പക്ഷികളുമല്ലാത്തവർ വന്നു നമ്മളോട് ചെയ്യാൻ പോകുന്നത് എന്താകും എന്നാലോചിക്കും. ആലോചിച്ചു തീരാതാകുമ്പോൾ ഞാൻ ചെരിഞ്ഞു കിടന്നുറങ്ങുന്ന നിന്നെ വരക്കും. നിന്റെ ഉടലിലെ പെൺവളവുകൾ കണ്ടെടുക്കും. അങ്ങനെ ഇരിക്കുമ്പോൾ, പെണ്ണുങ്ങളെഴുതുന്ന കവിതകളെല്ലാം ആത്മരതിത്തുണ്ടുകളാണെന്ന് വിചാരിക്കുന്ന ആ ആൺകവിയെ ഓർമ്മ വരും. അയാളെ നേരിൽ കാണുന്ന ദിവസം മുഖത്തോടു മുഖം നിന്ന് നരച്ച താടി പടർന്ന കവിളിൽ ഒരൊറ്റ അടിവെച്ചു കൊടുക്കുന്നത് തീരുമാനിക്കും. ആരുമില്ലാത്തൊരു സ്ഥലത്തിരുന്ന് ആലോചിക്കുമ്പോ ഉള്ള ധൈര്യം അന്നേരവും ഉണ്ടാകണം എന്ന് വിചാരിക്കും. അയാളുടെ സദാചാര ലിംഗം, അയാളുടെ പഴഞ്ചൻ തല, അയാളുടെ ഭീകര കവിത എല്ലാം ഒരു വർഗ്ഗത്തോടൊട്ടാകെ മാപ്പ് ചോദിക്കട്ടെ. പറഞ്ഞത് പിൻവലിക്കണ്ട, പറഞ്ഞത് പറഞ്ഞതായിത്തന്നെ ഇരുന്നോട്ടെ എന്ന് പറയണം. പുറമേ പിൻവലിച്ചാലും അകമേ പിൻവലിക്കണമെന്ന് യാതൊരുറപ്പുമില്ലല്ലോ.

> ഞാനും എന്നെപ്പോലുള്ള പെണ്ണുങ്ങളും എന്നെപ്പോലെയല്ലാത്ത പെണ്ണുങ്ങളും എനിക്കറിയാവുന്നവരും അല്ലാത്തവരുമായ ആണുങ്ങളും എല്ലാരും പ്രണയിക്കട്ടെ.

പെണ്ണിനും ആണിനും മാത്രമേ പ്രണയിക്കാൻ പറ്റൂ എന്നും അല്ലെങ്കിൽ ഭാരത രാജ്യം ഇല്ലാതാകുന്നതിന്റെ കാരണമായി സ്വവർഗലൈംഗികത മാറുമെന്നും അവർക്ക് പേടിയുണ്ട്. രണ്ട് പെൺകുട്ടികൾ അല്ലെങ്കിൽ ഒരൊറ്റ പെൺകുട്ടി മാത്രം താമസിക്കുന്ന വീട്ടു ജനാലയ്ക്ക് കല്ലേറ് വീഴുന്നതും അപ്പോഴാണ്. ഞാനും എന്നെപ്പോലുള്ള പെണ്ണുങ്ങളും എന്നെപ്പോലെയല്ലാത്ത പെണ്ണുങ്ങളും എനിക്കറിയാവുന്നവരും അല്ലാത്തവരുമായ ആണുങ്ങളും എല്ലാരും പ്രണയിക്കട്ടെ.

അവർ വരയ്ക്കുന്ന എല്ലാ വരകൾക്കും മീതെ തീ മുള്ളിക്കെടുത്തട്ടെ."

●

*മൃദുല ഭവാനി : സെന്റർ ഫോർ കംപാരറ്റീവ് ലിറ്ററേച്ചർ, സ്കൂൾ ഓഫ് ഹ്യുമാനിറ്റീസ്, ഹൈദ്രബാദ് സെൻട്രൽ യൂണിവേഴ്സിറ്റി, ഗച്ചി ബോളി*



പ്രസീദ യു.വി.

ആധുനികതയുടെ വ്യക്തിവത്കരണപ്രക്രിയയുമായി ചേർന്നുനില്ക്കുന്ന അവസ്ഥാവിശേഷമാണ് പ്രണയം. സവിശേഷമായ സ്വത്വബോധമുള്ള ജീവിയായി തിരിച്ചറിയുമ്പോഴാണ് വ്യക്തി ഉടലെടുക്കുന്നത്. സ്വത്വബോധമുള്ള രണ്ടു വ്യക്തികളെ മുൻനിർത്തി രൂപപ്പെടുന്ന സവിശേഷമായ അനുഭൂതിലോകമാണ് പ്രണയമെന്ന പേരിൽ വ്യവഹരിക്കപ്പെടുന്നത്. അപരയെ /അപരനെ തുല്യരായി കാണാൻ ശ്രമിക്കുന്ന സവിശേഷമായ സ്ഥിതിവിശേഷമാണിവിടെ



**പ്രണയത്തെ മുൻനിർത്തിയുള്ള സൈദ്ധാന്തികചർച്ചകളെ പരിചയപ്പെടുത്താനാണ് ഇവിടെ ശ്രമിക്കുന്നത്.**

# പ്രണയത്തിന്റെ സൈദ്ധാന്തിക് സഞ്ചാരങ്ങൾ

സംഭവിക്കുന്നത്. പ്രണയത്തെ മുൻനിർത്തിയുള്ള ചിന്തകൾ പ്രാചീനകാലം മുതൽക്കുതന്നെ ചർച്ചയ്ക്കു വിധേയമായിട്ടുണ്ടെന്നു കാണാവുന്നതാണ്. മുതലാളിത്ത സമൂഹത്തിൽ പ്രണയമൊരു ചരക്കായി മാറുന്നതിനെ മുൻനിർത്തിയുള്ള ചിന്തകളിലേയ്ക്ക് വരെ എത്തിനില്ക്കുന്നതാണ് ഈ വിഷയം. പ്രണയം/പ്രേമം എന്ന വിഷയം സ്വത്വം, ലൈംഗികത,ലിംഗപദവി തുടങ്ങിയവയെക്കുറിച്ചുള്ള ചർച്ചകളോട് ബന്ധപ്പെട്ടാണ്



മാർക് വെർനോണിന്റെ 'ഫിലോസഫി ഓഫ് ഫ്രണ്ട്ഷിപ്പി' ൽ പ്രണയത്തിന്റെയും സൗഹൃദത്തിന്റെയും സാമ്യവ്യത്യാസങ്ങൾ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇറോട്ടിക് പ്രണയ (ലൈംഗികപ്രണയം) ത്തോട് തട്ടിച്ചുനോക്കിയാണ് സൗഹൃദത്തെ കൃതിയിൽ വിശകലനം ചെയ്യുന്നത്. സൗഹൃദം ശാന്തവും വിവേകപൂർണ്ണവും യോജിപ്പുള്ളതും സമചിത്തതയുള്ളതുമാകുമ്പോൾ ലൈംഗികപ്രേമം സ്വമനസ്സുള്ളതും അയുക്തികവും വന്യവും ലഹരിബദ്ധവുമായിരിക്കും.

നിലകൊള്ളുന്നത്.പ്രണയത്തെ മുൻനിർത്തിയുള്ള ചർച്ചകളെല്ലാം തന്നെ ഇത്തരം വിഷയങ്ങളോട് ഏറിയും കുറഞ്ഞും ബന്ധപ്പെട്ടു കിടക്കുന്നു.

പ്രണയമെന്ന പദം സൗഹൃദം, കാമന, സ്നേഹം തുടങ്ങിയവയോട് ബന്ധപ്പെട്ടാണ് ചർച്ച ചെയ്തു കാണുന്നത്. സൗഹൃദത്തിന്റെ താത്വികവശങ്ങൾ വിചിന്തനം ചെയ്യാൻ ശ്രമിച്ച ദാർശനികരെല്ലാം തന്നെ പ്രണയത്തെയും കൂടി പരിഗണിച്ചാണ് ചിന്തിച്ചിരുന്നതെന്നു കാണാം. പ്ളേറ്റോ,അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ ദർശനങ്ങൾ ഇതിനുദാഹരണമാണ്. മാർക് വെർനോണിന്റെ 'ഫിലോസഫി ഓഫ് ഫ്രണ്ട്ഷിപ്പിൽ' പ്രണയത്തിന്റെയും സൗഹൃദത്തിൻറയും സാമ്യവ്യത്യാസങ്ങൾ അദ്ദേഹം വിശദീകരിക്കുന്നുണ്ട്. ഇറോട്ടിക് പ്രണയ(ലൈംഗികപ്രണയം)ത്തോട് തട്ടിച്ചുനോക്കിയാണ് സൗഹൃദത്തെ കൃതിയിൽ വിശകലനം ചെയ്യുന്നത്. സൗഹൃദം ശാന്തവും വിവേകപൂർണ്ണവും യോജിപ്പുള്ളതും സമചിത്തതയുള്ളതുമാകുമ്പോൾ ലൈംഗികപ്രേമം സ്വമനസ്സുള്ളതും അയുക്തികവും വന്യവും ലഹരിബദ്ധവുമായിരിക്കും. സൗഹൃദം മനസ്സ്, ആത്മാവ്, സംഭാഷണം ഇവയിൽ ശ്രദ്ധിക്കുമ്പോൾ ലൈംഗികപ്രേമം ശരീരത്തോടും ലൈംഗികാസക്തിയോടുമാണ് അടുത്തുനിൽക്കുന്നത്. .പ്രണയത്തെ കാമനയോട് ബന്ധപ്പെടുത്തിയാണ് പല ജ്ഞാനവ്യവസ്ഥകളും ചർച്ച ചെയ്യുന്നത്. ഗ്രീക്ക് പുരാണങ്ങളിലെ ഇറോസ് ദേവനോട് ബന്ധപ്പെട്ടാണ് ഈ പദം നിലകൊള്ളുന്നത്. ഇറോസ് കാമത്തെയും പ്രേമത്തെയും പ്രതിനിധീകരിക്കുന്ന വികാരത്തിന്റെ മേഖലയാണ്.

സ്നേഹം എന്ന വിശാലസമീപനത്തിനെയാണ് പല കൃതികളും പ്രധാനമായും ചർച്ച ചെയ്യുന്നത്. *'The meanings of Love' (Robert E .Wagoner),The Natural History of Love (Diane Ackerman)* തുടങ്ങിയ കൃതികൾ ഇതിനുദാഹരണമാണ്. Erotic love, Christian love, Romantic love, Moral love, Mutual love എന്നിങ്ങനെ സ്നേഹത്തിന്റെ വ്യത്യസ്ത തലങ്ങൾ വിശദീകരിച്ചാണ് ഈ കൃതികൾ സഞ്ചരിക്കുന്നത്. പ്രണയത്തെ സ്നേഹത്തിന്റെ ഒരു തലമായിട്ടാണ് ഇവ പരിഗണിക്കുന്നതെന്നു കാണാം.

പ്രധാനമായും പ്രണയത്തെ മുൻനിർത്തിയുള്ള സൈദ്ധാന്തികചർച്ചകളെ പരിചയപ്പെടുത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

ശബ്ദതാരാവലിയിൽ പ്രണയമെന്ന പദത്തിന് അനുരാഗം, വിശ്വാസം, വിവാഹം, ഭക്തി തുടങ്ങിയ അർത്ഥങ്ങളാണ് നൽകിക്കാണുന്നത്.പ്രണയത്തെ മുൻനിർത്തിയുള്ള ചിന്തകൾ പ്രധാനമായും പാശ്ചാത്യ സംസ്കാരധാരയിലാണ് പിറവികൊണ്ടതെന്നുകാണാം. ഇന്ത്യൻ സൗന്ദര്യശാസ്ത്രത്തിൽ പ്രണയം പ്രധാനമായിരുന്നില്ലെന്നു കാണാം.ഭാരതീയ പുരാണങ്ങളിൽ കാമദേവനാണ് പരാമർശിക്കപ്പെടുന്നത്. കാമം,രതി,ഭക്തി കലർന്ന രാഗം ഇത്തരത്തിലാണീ ബന്ധം ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. പുരാണ

കാവ്യാദികളിലെ സ്നേഹസങ്കൽപങ്ങൾ ഇതിനുദാഹരണമാണ്.

പ്ളേറ്റോയുടെ *Symposium, Phaedris* എന്നീ കൃതികളിൽ പ്രണയത്തിന്റെ തത്വചിന്താപരമായ സ്വാധീനത്തെ മുൻനിർത്തിയുള്ള ചർച്ചകൾ പ്രധാനമാണ്. പ്ളേറ്റോയിലാണ് പ്രണയത്തെപ്പറ്റിയുള്ള ദാർശനികചിന്തകൾ ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. പ്ളേറ്റോയുടെ പ്രണയസങ്കല്പം ലൈംഗികമല്ലാത്ത സ്നേഹപൂർണമായ സൗഹൃദബന്ധമായാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. സ്ത്രീപുരുഷൻമാർ തമ്മിലുള്ള ആത്മീയമായ/വിശുദ്ധമായ പ്രേമമാണ് പ്ളേറ്റോണിക് ലൗ എന്ന പേരിൽ അറിയപ്പെടുന്നത്. ബുദ്ധി, സൗന്ദര്യം, ദൈവം ഇവയ്ക്കു വേണ്ടിയുള്ള അന്വേഷണമാണ് തത്വശാസ്ത്രത്തിന്റെയും പ്രണയത്തിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങൾ എന്ന നിലയിലാണ് ഈ കൃതികളിൽ പ്രണയം ചർച്ച ചെയ്യപ്പെടുന്നത്. ഇറോസ് എന്നാണ് പ്ളേറ്റോ ഇതിനെ വിളിച്ചിരുന്നത്. എല്ലാവരിലുമുള്ള സർവ്വസാധാരണമായ കാമനയാണിത്. അനശ്വരമായ സൗന്ദര്യത്തെ സ്വന്തമാക്കാനുള്ള ഒരുവന്റെ അഭിലാഷമാണ് പ്രേമം എന്നു ഡയോട്ടിമ സോക്രട്ടീസിനോടു പറയുന്നതായി സിംപോസിയത്തിലുണ്ട്.

രണ്ടു ശരീരങ്ങളിലായി ഒരേ ആത്മാവ് നിലനില്ക്കുന്ന സവിശേഷ അവസ്ഥയെന്നാണ് അരിസ്റ്റോട്ടിൽ പ്രണയത്തെ നിർവചിച്ചിരിക്കുന്നത്. മറ്റൊരാളെ സ്നേഹിക്കുമ്പോൾ അയാളുടെ ഗുണത്തിനുവേണ്ടിയാണ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടി പ്രവർത്തിച്ച് ആ ആഗ്രഹം സഫലമാക്കുകയും ചെയ്യുന്നു. ഇതാണ് അരിസ്റ്റോട്ടിലിന്റെ ചിന്തയുടെ കേന്ദ്രമായി നിലകൊള്ളുന്നത്. അരിസ്റ്റോട്ടിലിന്റെ കാഴ്ചപ്പാടിൽ അപരയെ / അപരനെ സ്നേഹിക്കുന്നത് സ്വയം സ്നേഹിക്കുന്നതിനോട് അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട് .അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ പ്രേമവും സൗഹൃദവും പരക്ഷേമകാംക്ഷയുള്ള തൃഷ്ണയാണ്.ഇതാണ് ഫിലിയ എന്ന പേരിൽ ഗ്രീക്ക് സംസ്കാരത്തിൽ അറിയപ്പെടുന്നത്.

ഫ്രഡറിക് നീത്ഷെയുടെ ദർശനങ്ങളിൽ പ്രണയം ഗൗരവതരമായി പരിഗണിക്കപ്പെട്ടതായി കാണാം. *Gay Science* ൽ നീത്ഷെ പ്രണയത്തെ ദുരാഗ്രഹമായും ഉടമസ്ഥതയ്ക്കു വേണ്ടിയുള്ള അമിതാസക്തിയായും ആത്മാഭിമാനത്തിന്റെ നിഷ്കളങ്കമായ പ്രകടനമായും അടയാളപ്പെടുത്തുന്നു.പരഹിതകാംക്ഷിയായ പ്രണയത്തിൽ മഹത്തായതും നൈസർഗ്ഗികവുമായ മുതലെടുക്കൽ നടക്കുന്നുണ്ടെന്നാണ് നീത്ഷെ അഭിപ്രായപ്പെടുന്നത്. സ്ത്രീകൾ ഉടമസ്ഥതയ്ക്കു കീഴ്പ്പെടാനും പ്രണയത്തിൽ അവളെത്തന്നെ നിരുപാധികമായി അർപ്പിക്കാനും ആഗ്രഹിക്കുന്നവളാണെന്നും അതേ സമയം പുരുഷൻ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുകയും അവനെന്നും ആധിപത്യമുള്ള കർത്താവായി തുടരുമെന്നും പ്രണയബന്ധത്തിൽ തന്നെ പൂർണമായി സമർപ്പിക്കാൻ വൈമനസ്യം കാണിക്കുമെന്നും നീത്ഷെ അഭിപ്രായപ്പെടുന്നുണ്ട്. സ്ത്രീയും പുരുഷനും മനസ്സിലാക്കുകയും പ്രണയിക്കുകയും ചെയ്യുന്നത് വ്യത്യസ്ത തരത്തിലാണെന്നാണ് നീത്ഷെ വ്യക്തമാക്കുന്നത്.

ഇമ്മാനുവൽ ലെവിനാസ് എന്ന ഫ്രഞ്ച് ദാർശനികന്റെ പ്രണയചിന്തകളിൽ സ്വത്വവും അപരവും തമ്മിലുള്ള ബന്ധമാണ് കേന്ദ്രസ്ഥാനത്ത് വരുന്നത്. *Face to face relation* എന്ന പേരിലാണ്



രണ്ടു ശരീരങ്ങളിലായി ഒരേ ആത്മാവ് നിലനില്ക്കുന്ന സവിശേഷ അവസ്ഥയെന്നാണ് അരിസ്റ്റോട്ടിൽ പ്രണയത്തെ നിർവചിച്ചിരിക്കുന്നത്. മറ്റൊരാളെ സ്നേഹിക്കുമ്പോൾ അയാളുടെ ഗുണത്തിനുവേണ്ടിയാണ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടി പ്രവർത്തിച്ച് ആ ആഗ്രഹം സഫലമാക്കുകയും ചെയ്യുന്നു. ഇതാണ് അരിസ്റ്റോട്ടിലിന്റെ ചിന്തയുടെ കേന്ദ്രമായി നിലകൊള്ളുന്നത്. അരിസ്റ്റോട്ടിലിന്റെ കാഴ്ചപ്പാടിൽ അപരയെ /അപരനെ സ്നേഹിക്കുന്നത് സ്വയം സ്നേഹിക്കുന്നതിനോട് അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നുണ്ട് .

ഇദ്ദേഹത്തിന്റെ ഇത്തരം ചിന്തകൾ അവതരിപ്പിക്കപ്പെട്ട ത്.മനുഷ്യസ്വത്വം സ്വയം പൂർണമ ല്ലെന്നും നിർണയാതീതമായ സാധ്യതകൾ എന്ന നിലയിൽ അപരൻ അപാരമാണെന്നുമാണ് ഇദ്ദേഹത്തിന്റെ വാദം.അപരനോ ടുള്ള ബന്ധത്തിൽ ഒരാൾ അപ രന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടു ക്കുകയും അയാളെ സംരക്ഷിക്കു കയും അയാളുടെ ആവശ്യ ങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നുണ്ട്. അപരനുണ്ടാകു മ്പോഴാണ് ആത്മം ഉണ്ടാകുന്നത്. ധാർമ്മികമെന്നു വിശേഷിപ്പിക്കപ്പെ ടുന്ന ബന്ധം സാധ്യമാകുമ്പോ ഴാണ് പ്രേമം സാധ്യമാകുന്നത് എന്നതാണ് ലെവിനാസിന്റെ ദർശനം.നീ എന്ന അപരയെ/അപ രനെ നിരുപാധികം അംഗീ കരിക്കുന്ന ഞാൻ ആയിരിക്കും കർതൃസ്ഥാനത്ത് കടന്നുവരുന്നത്. സ്വന്തമാക്കൽ ഇവിടെ നടക്കുന്നി ല്ല. നീയെന്ന അപ്രാപ്യമായ ഭാവ ത്തിനു മുന്നിലുള്ള അർപ്പണ മാകാം അത്. ഇമ്മാനുവൽ ലെവി നാസ് ധാർമ്മികമായ പ്രതിബദ്ധത എന്നു വിളിക്കുന്നത് ഈ പ്രേമ പൂർവ്വകമായ അർപ്പണമനോഭാവ ത്തെയാണെന്നാണ് ടി.വി. മധു ഉദാഹരിക്കുന്നത്. (2011 : 57)അപര നോടുള്ള ഒഴിവാക്കാനുള്ള പ്രതി ബദ്ധത അപരന്റെ താത്പര്യങ്ങളെ നിറവേറ്റാൻ കടപ്പെട്ടവനായി ഒരാളെ മാറ്റിയെടുക്കുന്നുണ്ട്. അപ രനുവേണ്ടി സമർപ്പിക്കപ്പെട്ട ജീവി തമായി ഒരാളുടെ ജീവിതം മാറും.

സിഗ്മണ്ട് ഫ്രോയ്ഡ് ലൈംഗി കതയോടും അബോധത്തോടും ബന്ധപ്പെടുത്തിയാണ് തന്റെ ചിന്ത കൾ പങ്കുവെച്ചത്. ലൈംഗികത യുടെ ബാഹ്യമായ ഉദാത്തീകരണ മായാണ് അദ്ദേഹം പ്രണയത്തെ നോക്കിക്കണ്ടത്. ഇറോസ് ഊർജ്ജത്തെ ലിബിഡോ എന്നാണ് ഫ്രോയ്ഡ് വിളിച്ചത്. ലിബിഡോയാണ് പ്രണയമായി കണക്കാക്കപ്പെടുന്നത്. ഇത് ലൈംഗികതാനന്ദത്തോട് ബന്ധ പ്പെട്ടാണ് നിലകൊള്ളുന്നത്. എല്ലാ തരം ബന്ധങ്ങളെയും ലൈംഗിക തയോടു ബന്ധപ്പെടുത്തിയാണു ഫ്രോയ്ഡ് വ്യാഖ്യാനിച്ചത്. സ്നേഹം,പ്രണയം,കാമന തുട ങ്ങിയ എല്ലാ വാസനകളുടെയും ഊർജ്ജമായാണ് ഫ്രോയ്ഡ് ലിബി ഡോയെ കാണുന്നത്. *Three Essays on the Theory of Sexualtiy* യിൽ ഫ്രോയ്ഡ് ഇക്കാ ര്യങ്ങളെ വ്യക്തമാക്കുന്നുണ്ട്.

സൗന്ദര്യമെന്നത് ഫ്രോയ്ഡിൽ വസ്തുവിന്റെ ലൈംഗികാകർഷ ണമായാണ് വരുന്നത്.സ്നേഹം/ പ്രണയം ഭൂതകാലസംഭവങ്ങളുടെ പുന:സ്മരണയോടും നഷ്ടസ ന്തോഷങ്ങളുടെ തിരിച്ചെടുക്കലുക ളോടും ബന്ധപ്പെട്ടാണ് കിടക്കുന്ന ത്. ഇങ്ങനെ വ്യക്തിയോട് ബന്ധ പ്പെട്ടാണ് ഫ്രോയ്ഡിൽ പ്രണയം പ്രത്യക്ഷപ്പെടുന്നത്.

ഫ്രോയ്ഡിനെ തുടർന്നുവ രുന്ന ലക്കാൻ വ്യക്തി–പ്രണ യത്തെ പ്രശ്നവത്കരിക്കാനാണ് ശ്രമിച്ചത്. ഇദ്ദേഹത്തിന്റെ *'Love and Signifier'* എന്ന ലേഖനം ഇത്തരമൊരു പ്രശ്നമാണ് കൈകാര്യം ചെയ്യുന്നത്. ഒരാൾക്കെങ്ങനെ പൂർണമായി മറ്റൊരാളെ സ്നേഹിക്കാൻ കഴിയു മെന്ന പ്രശ്നമാണ് ലക്കാൻ ഉന്ന യിക്കുന്നത്. സ്വതന്ത്രമായ അഹത്തെ നിരാകരിച്ചുകൊണ്ടുള്ള ലക്കാന്റെ പ്രണയം അപരത്വത്തെ

പ്രണയത്തിൽ പുരുഷൻ എന്നും സ്വയം തിരിച്ചറിയുകയും അപരയിൽനിന്നും സ്വതന്ത്രനായി തന്നെ ലോകത്ത് വ്യവഹരിക്കു കയും ചെയ്യുന്നു. എന്നാൽ സ്ത്രീ തന്റെ അസ്തിത്വത്തിന്റെ സാക്ഷാത്കാരത്തിനു അപരനെ ആശ്രയിച്ചു കൊണ്ടിരിക്കുന്നു. ഇവിടെ പ്രണയം സാധ്യമല്ല. അപരന്റെ സ്വാതന്ത്ര്യത്തെ അംഗീക രിക്കുമ്പോഴാണ് പ്രണയം സാധ്യമാകുന്നതെന്നു ചുരുക്കം.



സിമങ് ദ ബുവെയുടെ സെക്കന്റ് സെക്സ് സ്ത്രീ സമൂഹത്തിന്റെ നിർമ്മിതിയായി മാറുന്നതിനെ വിമർശനാത്മകമായി സമീപിക്കുന്ന കൃതിയാണ്. പ്രണയം കൃതിയിൽ ചർച്ചയ്ക്കു വിധേയമാക്കുന്നുണ്ട്. നീത്ഷെയുടെ പ്രണയചിന്തകളെ അംഗീകരിച്ചുകൊണ്ടാണ് ബുവെ തന്റെ വീക്ഷണങ്ങൾ അവതരിപ്പി ക്കുന്നത്.സ്ത്രീപുരുഷപ്രണയത്തെ അതു നിർമ്മിക്കപ്പെടുന്ന സാഹിത്യ ത്തിന്റെ വിമർശനാത്മകവായന യോട് ചേർത്തുനിർത്തി അപഗ്രഥിക്കാനാണ് ബുവെ ശ്രമിച്ചിരിക്കുന്നത്.



മുൻനിർത്തിയുള്ളതാണ്. കണ്ണാടി ബിംബത്തിൽ നിന്ന് കണ്ടെടുക്കപ്പെട്ട സ്വത്വത്തോടുള്ള അനുരാഗാഭിനിവേശം ആത്മരതിയുടെ സങ്കീർണമായ ഒരു വശമാണ് വ്യക്തമാക്കുന്നത്. സ്വത്വത്തെ തിരിച്ചറിയുന്ന വ്യക്തിയുടെ എല്ലാ ബന്ധങ്ങളും ആത്മരതി(നാർസിസിസം)യോട് ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്.പ്രണയത്തിനെ ഇത്തരം ചർച്ചയോട് ചേർത്തുവായിക്കാവുന്നതാണ്.

II

വികാരപരമായ കെണിയിലാക്കലിനെ ഏറ്റവും വലിയ അപകടമായി നിരീക്ഷിക്കുന്ന സ്ത്രീവാദത്തിന്റെ ഒരു തലം പ്രണയത്തെ ഇതിനോട് ബന്ധപ്പെടുത്തിയാണ് ചർച്ച ചെയ്തിരുന്നത്.സ്ത്രീവാദത്തിന്റെ വ്യത്യസ്ത ചിന്താസരണികളിൽ പ്രണയം വ്യത്യസ്തങ്ങളായ ആശയങ്ങളോട് ബന്ധപ്പെട്ടാണ് നിലകൊണ്ടതെന്നു കാണാം.

സിമങ് ദ ബുവെയുടെ 'സെക്കന്റ് സെക്സ്' സ്ത്രീ സമൂഹത്തിന്റെ നിർമ്മിതിയായി മാറുന്നതിനെ വിമർശനാത്മകമായി സമീപിക്കുന്ന കൃതിയാണ്. പ്രണയവും കൃതിയിൽ ചർച്ചയ്ക്കു വിധേയമാകുന്നുണ്ട്. നീത്ഷെയുടെ പ്രണയചിന്തകളെ അംഗീകരിച്ചുകൊണ്ടാണ് ബുവെ തന്റെ വീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. സ്ത്രീപുരുഷപ്രണയത്തെ അതു നിർമ്മിക്കപ്പെടുന്ന സാഹിത്യത്തിന്റെ വിമർശനാത്മകവായനയോട് ചേർത്തുനിർത്തി അപഗ്രഥിക്കാനാണ് ബുവെ ശ്രമിച്ചിരിക്കുന്നത്. *Cecile Saurage* ന്റെ അഭിപ്രായത്തെ കൃതിയിൽ ഉദ്ധരിക്കുന്നുണ്ട് ബുവെ. സ്ത്രീ പ്രണയത്തിലാകുമ്പോൾ അവളുടെ വ്യക്തിത്വത്തെ മറന്നുപോകുന്നു. ഇത് പ്രകൃതിനിയമം പോലെയാണ്. സ്ത്രീ യജമാനനില്ലാതെ നിലകൊള്ളുമ്പോൾ അസ്തിത്വമില്ലാത്തവളും ചിതറിയ പൂച്ചെണ്ടുപോലെയുമാകുന്നു. (1956: 608)ബുവെയുടെ അഭിപ്രായത്തിൽ അകൃത്രിമമായ പ്രണയത്തിന് സമത്വം(equality),സ്വാതന്ത്ര്യം (freedom), അന്യോന്യമുള്ള അംഗീകാരം (mutual recognition) തുടങ്ങിയ ഗുണങ്ങൾ ആവശ്യമാണ്. (പുറം 41) കൃതിയിൽ സ്ത്രീയുടെ ത്യാഗം,അതിർത്തിയില്ലാത്ത മഹാമനസ്കത,നിരുപാധികമായ പ്രണയസംഭരണം ഇവയെ മുൻനിർത്തിയുള്ള ധാരണകളെ നിശിതമായി വിമർശിക്കുന്നുണ്ട്.സാഹചര്യമാണ് സ്ത്രീയെ നിർമ്മിച്ചതെന്നു പറയുന്ന ബുവെ സ്ത്രീയ്ക്ക് പ്രണയം മതമായി വരുന്നതിനെ സാഹചര്യബദ്ധമായി വിശകലനം ചെയ്യാൻ ശ്രമിക്കുന്നുണ്ട്. നിർവ്യാജമായ പ്രണയം സ്വേച്ഛയുള്ള രണ്ട് വ്യക്തികളുടെ പരസ്പരമുള്ള അംഗീകാരമാണ്. പ്രണയികൾ സ്വത്വവും അപരവുമായി ജീവിക്കുന്നവരായിരിക്കണം.ഇത് കവിഞ്ഞുപോകാത്തതും വെട്ടിക്കുറക്കാത്തതുമായിരിക്കണം. പരസ്പരം മൂല്യങ്ങളെ അംഗീകരിക്കുന്നതുമായിരി



നിർവ്യാജമായ പ്രണയം സ്വേച്ഛയുള്ള രണ്ട് വ്യക്തികളുടെ പരസ്പരമുള്ള അംഗീകാരമാണ്. പ്രണയികൾ സ്വത്വവും അപരവുമായി ജീവിക്കുന്നവരായിരിക്കണം. ഇത് കവിഞ്ഞു പോകാത്തതും വെട്ടിക്കുറക്കാത്തതുമായിരിക്കണം. പരസ്പരം മൂല്യങ്ങളെ അംഗീകരിക്കുന്നതുമായിരിക്കണം. സ്വത്വത്തിന്റെ സമ്മാനവും ലോകത്തിന്റെ സമ്പന്നത കൊണ്ടുള്ള സ്വത്വത്തിന്റെ വെളിപ്പെടുത്തലുമാകണം പ്രണയം.

ക്കണം. സ്വത്വത്തിന്റെ സമ്മാനവും ലോകത്തിന്റെ സമ്പന്നതകൊണ്ടുള്ള സ്വത്വത്തിന്റെ വെളിപ്പെടുത്തലുമാകണം പ്രണയം.' (സിമൺ ദ ബുവെ,1956:631)

പ്രണയത്തിൽ പുരുഷൻ എന്നും സ്വയം തിരിച്ചറിയുകയും അപരയിൽനിന്നും സ്വതന്ത്രനായി തന്നെ ലോകത്ത് വ്യവഹരിക്കുകയും ചെയ്യുന്നു. എന്നാൽ സ്ത്രീ തന്റെ അസ്തിത്വത്തിന്റെ സാക്ഷാത്കാരത്തിനു അപരനെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ പ്രണയം സാധ്യമല്ല. അപരന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുമ്പോഴാണ് പ്രണയം സാധ്യമാകുന്നതെന്നു ചുരുക്കം.

ഷുലാമിത്ത് ഫയർസ്റ്റോൺ തന്റെ *'Dialetic of Sex: The Case for Feminist Revolution'* എന്ന കൃതിയിൽ പ്രണയത്തെ ജാഗരൂകമായി നിരീക്ഷിക്കുന്നുണ്ട്. പുരുഷപ്രേമത്തിന്റെ സ്വാർത്ഥതയെയും മേധാവിത്വസ്വഭാവത്തെയും ആക്രമിച്ച റാഡിക്കൽ ഫെമിനിസ്റ്റുകളിൽ പെടുന്നവരാണ് ഇവർ. ഫയർസ്റ്റോണിന്റെ അഭിപ്രായത്തിൽ 'പുരുഷൻ എഴുതുകയും വായിക്കുകയും സർഗാത്മകമായി പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. കാരണം സ്ത്രീകൾ അവരുടെ ഊർജ്ജം മുഴുവൻ അവർക്കായിട്ടാണ് വിനിയോഗിക്കുന്നത്. സ്ത്രീകൾ ഒരു സംസ്ക്കാരത്തെയും നിർമ്മിച്ചെടുക്കുന്നില്ല.കാരണം അവർ പ്രണയത്തിൽ വ്യാപൃതരായിരിക്കുകയാണ്.' (1971 : 126) പരസ്പരധർമ്മം പുലർത്താതെ സ്ത്രീകളുടെ വൈകാരിക ശക്തിയെ ചൂഷണം ചെയ്ത് പോഷിപ്പിക്കപ്പെടുന്നതാണ് പുരുഷസംസ്കാരം എന്നാണ് ഫയർസ്റ്റോണിന്റെ വാദം.

മനോവിശ്ലേഷണത്തെ പുരുഷവീക്ഷണമായും സ്ത്രീപക്ഷത്തു നിന്നുള്ള നോട്ടങ്ങൾ അതിനില്ല എന്നും വാദിച്ച് ഫ്രോയ്ഡിന്റെയും ലക്കാന്റെയും ചിന്താപദ്ധതികളെ വിമർശനാത്മകമായി നോക്കിക്കണ്ട ഫ്രഞ്ച് ദാർശനികയാണ് ലൂസ് ഇറിഗറി. ഇവരുടെ പ്രണയദർശനങ്ങൾ ശ്രദ്ധേയമാണ്. *I Love To You* എന്ന കൃതിയിലൂടെയാണ് ഇറിഗറി തന്റെ വീക്ഷണങ്ങൾ അവതരിപ്പിച്ചത്. വ്യവസ്ഥകൾക്കനുസരിച്ച പ്രണയത്തെ / സ്നേഹബന്ധത്തെ എതിർക്കുന്ന ഇവർ കാമുകികാമുകൻമാർക്കിടയിൽ ഒരകലം നിലനിർത്തണമെന്നാണ് വാദിക്കുന്നത്. അതുകൊണ്ടുതന്നെ അവർ പരസ്പരം അപരത്തെ എന്നവണ്ണം പ്രണയിക്കും. ഇത് ഒരിക്കലും അഹത്തിന്റെ പ്രതിഫലനമോ ഉത്പാദനമോ ആയിരിക്കില്ല.(1996:187) ഞാൻ നിന്നെ പ്രേമിക്കുന്നു എന്നതിന് നിന്നെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു എന്നാണ് അർത്ഥമെന്ന ആശയമാണ് ഇവർ പുലർത്തിയത്. പ്രണയികളുടെ മുന്നിലുള്ള അധികാരപ്രയോഗമായിതിനെ കണക്കാക്കാം. സ്ത്രീകൾക്ക് ലൈംഗികമായി സ്വയംഭരണം ഉണ്ടാകണമെന്നാണ് ഇവർ വാദിച്ചത്. സ്വവർഗ്ഗാനുരാഗത്തോട് ബന്ധപ്പെട്ടുകിടക്കുന്നതാണ് ഇവരുടെ ചിന്തകൾ.

ഇങ്ങനെ വ്യത്യസ്തങ്ങളായ സ്ത്രീവാദദർശനങ്ങൾ വ്യത്യസ്ത രീതിയിലാണ് പ്രണയത്തെ നോക്കിക്കണ്ടതെന്നു മനസ്സിലാക്കാവുന്നതാണ്.

## III

സാമൂഹികവിഷയമായി പ്രണയത്തെ നോക്കിക്കാണുന്ന ശാഖ



പ്രണയത്തിൽ പുരുഷൻ എന്നും സ്വയം തിരിച്ചറിയുകയും അപരയിൽനിന്നും സ്വതന്ത്രനായി തന്നെ ലോകത്ത് വ്യവഹരിക്കുകയും ചെയ്യുന്നു. എന്നാൽ സ്ത്രീ തന്റെ അസ്തിത്വത്തിന്റെ സാക്ഷാത്കാരത്തിനു അപരനെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ പ്രണയം സാധ്യമല്ല. അപരന്റെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുമ്പോഴാണ് പ്രണയം സാധ്യമാകുന്നതെന്നു ചുരുക്കം.

യാണ് സാമൂഹികവിജ്ഞാനം (sociology). സാമൂഹികവികസനം സാധ്യമാക്കുന്ന ഏജൻസിയായും സാമൂഹികോദ്ഗ്രഥനം സാധ്യമാക്കുന്ന നിർവ്വാഹകപദ്ധതിയായും പ്രണയം സാമൂഹികസിദ്ധാന്തങ്ങളിൽ കടന്നുവരുന്നുണ്ട്.

ജോർജ്ജ് സിമ്മൽ, ടാൽകോട്ട് പാർസൺസ് തുടങ്ങിയവരുടെ നിരീക്ഷണങ്ങൾ പ്രണയത്തിന്റെ ചർച്ചയിൽ പരിശോധിക്കാവുന്നതാണ്. പ്രണയത്തിലേയ്ക്ക് പ്രവേശിക്കുമ്പോഴാണ് ഒരാൾ തികച്ചും വ്യക്തിയായി മാറുന്നത്. കർത്താവിൽനിന്നും (lover) കാമനാവസ്തുവിലേയ്ക്ക് (beloved one) പ്രണയം സംക്രമിക്കുമ്പോൾ രണ്ടുപേരും തികച്ചും വ്യത്യസ്തരായ വ്യക്തികളായി മാറുകയാണ് ചെയ്യുന്നത്. പാർസണിന്റെ സാമൂഹികവ്യവസ്ഥാസിദ്ധാന്തമനുസരിച്ച് പ്രണയം സാമൂഹികനിയന്ത്രണത്തിന് അടിമപ്പെട്ടാണ് നിലകൊള്ളുന്നത്.

ആധുനികസമൂഹത്തിലെ പ്രണയത്തിന്റെ സാമൂഹികവശങ്ങളെക്കുറിച്ചാണ് ലൂമാൻ(Luhmann) തന്റെ ചിന്തകൾ അവതരിപ്പിച്ചത്. *symbolic exchange* ന്റെ പ്രധാന മാധ്യമമായി ആധുനികലോകത്ത് നിലകൊള്ളുന്നത് പ്രണയമാണ്. പ്രണയത്തിലൂടെ മാത്രമാണ് നമ്മൾ സ്വയം അറിയുന്നതെന്ന അവസ്ഥയാണ് പുതിയ കാലത്ത് സംജാതമായിരിക്കുന്നത്.

മാനുഷികസാമൂഹിക ശാസ്ത്രങ്ങളനുസരിച്ച് സ്വയംസാക്ഷാത്കാര അവസ്ഥയായിട്ടാണ് പ്രണയം പരിഗണിക്കപ്പെടുന്നത്. സ്വയം സ്നേഹിക്കുന്നതും മറ്റുള്ളവരെ സ്നേഹിക്കുന്നതും ജീവിതത്തിന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. എറിക്ഫ്രോമിന്റെ *പ്രണയകല* ഇത്തരമൊരു വീക്ഷണമാണ് കൈക്കൊള്ളുന്നത്. 'മനുഷ്യനെ ഒറ്റപ്പെടലിൽ നിന്ന് രക്ഷപ്പെടുത്തുന്നതും ഐക്യത്തിന് സഹായകവുമായ ഘടകം സ്നേഹം മാത്രമാണ്. ഇതിനുപരി ഇതൊരു ജീവശാസ്ത്രപരമായ പ്രശ്നം കൂടിയാണ്. വ്യക്തിയുടെ മാത്രമല്ല സമൂഹത്തിന്റെ കൂട്ടായ നിലനില്പിനും സ്നേഹം ഒരു പ്രധാന ഘടകമാണ്' എന്നാണ് എറിക്ഫ്രോം അഭിപ്രായപ്പെട്ടത്. (2009 : 31) മനുഷ്യന്റെ നിലനില്പ് എന്ന സമസ്യയുടെ ബുദ്ധിപരവും സംതൃപ്തവുമായ ഒരേ ഒരു ഉത്തരമായാണ് അദ്ദേഹം പ്രണയത്തെ നോക്കിക്കണ്ടത്. സമ്പൂർണമായും സ്വതന്ത്രതീരുമാനത്തിന്റെയും പ്രതിബദ്ധതയുടെയും.

പോസ്റ്റ്കൊളോണിയൽ പഠനങ്ങളിലെ പ്രണയത്തെ പരാമർശിക്കുന്നത് അത്യാവശ്യമാണ്. ഫ്രാൻസ് ഫാനൻ തന്റെ '*Black Skin, White Mask* ൽ കറുത്തവന്റെ അപകർഷതാബോധത്തിന്റെ തലങ്ങളെ വിശദീകരിക്കാൻ പ്രണയത്തെയും ഉപാധിയാക്കുന്നുണ്ട്. പോസ്റ്റ് കൊളോണിയൽ പരിസരങ്ങളിൽ പ്രണയം വംശീയതയുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. 'കറുത്തവന്റെ വെളുത്ത സ്ത്രീയോടുള്ള തൃഷ്ണ/ കാമന ആ അംഗീകാരം വഴിയുണ്ടാകുന്ന മനുഷ്യകർതൃത്വം സ്വാംശീകരിച്ചെടുക്കാനാണ്. കറുത്ത സ്ത്രീയ്ക്കാകട്ടെ, വെളുത്തവനോടുള്ള കാമന സാമ്പത്തികസുരക്ഷയ്ക്കും വംശീയാംഗീകാരത്തിനുമായിട്ടാണ് നിലകൊള്ളുന്നത്.' (ഫാനൻ, 2008: 28–29) മനുഷ്യനാകാൻ കഴിയുമെന്ന ധാരണയോട് ബന്ധപ്പെട്ടാണ് വെളുപ്പിനോടുള്ള കാമന ഉടലെടുക്കുന്നതെന്ന ഫാനന്റെ വാദം പ്രണയത്തെ കൊളോണിയലിസത്തോട് ബന്ധപ്പെടുത്തുന്നു.

മുതലാളിത്തവുമായി പ്രേമത്തിനുള്ള ബന്ധത്തെക്കുറിച്ചും വിപണിയിൽ പ്രേമം ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ചുമുള്ള പഠനങ്ങൾ പുതിയകാലത്ത് നടക്കുന്നു എന്നതിന്റെ തെളിവാണ് ഇവാ ഇല്ലൗസിന്റെ *Consuming the Romantic Utopia ; Love and the Cultural contradiction of capitalism* സാക്ഷ്യപ്പെടുത്തുന്ന

മാനുഷികസാമൂഹികശാസ്ത്രമനുസരിച്ച് സ്വയംസാക്ഷാത്കാര അവസ്ഥയായിട്ടാണ് പ്രണയം പരിഗണിക്കപ്പെടുന്നത്. സ്വയം സ്നേഹിക്കുന്നതും മറ്റുള്ളവരെ സ്നേഹിക്കുന്നതും ജീവിതത്തിന്റെ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. എറിക്ഫ്രോമിന്റെ പ്രണയകല ഇത്തരമൊരു വീക്ഷണമാണ് കൈക്കൊള്ളുന്നത്. മനുഷ്യനെ ഒറ്റപ്പെടലിൽ നിന്ന് രക്ഷപ്പെടുത്തുന്നതും ഐക്യത്തിന് സഹായിക്കുന്നത് ഘടകം സ്നേഹം മാത്രമാണ്.



ത്. വിപണിയും ആൾക്കൂട്ടസംസ്കാരവും കാല്പനികമായ ഒരു ആദർശലോകത്തെ അവതരിപ്പിച്ചുകൊണ്ട് പ്രേമത്തെ അതിന്റെ സാക്ഷാത്കാരമായി അവതരിപ്പിക്കുന്നുവെന്നാണ് ഇവാ ഇല്ലൗസ് വാദിക്കുന്നത്. പ്രേമത്തിന്റെ ഉപഭോഗവത്കരണം ഉദാഹരണസഹിതം വിശദീകരിക്കുന്നുണ്ട് ഈ കൃതിയിലൂടെ. വിപണിയുടെ അനിഷേധ്യഭാഗമായി മാറുന്ന പ്രേമത്തിനെ ഉപഭോഗവസ്തുവിന്റെ കാല്പനികവത്കരണം മുൻനിർത്തി ചർച്ചയ്ക്ക് വിധേയമാക്കുന്നുണ്ട് ഈ കൃതി. ഇത്തരത്തിലുള്ള ചർച്ചകളിലേയ്ക്ക് എത്തിനില്ക്കുന്നതാണ് പ്രണയത്തെ മുൻനിർത്തിയുള്ള ചിന്തകളെന്നുകാണാം.

വ്യത്യസ്തങ്ങളായ ജ്ഞാന വ്യവസ്ഥകൾ പ്രണയത്തെ നോക്കിക്കണ്ടതിനെ പരിചയപ്പെടുത്തുക മാത്രമാണിവിടെ ചെയ്തിരിക്കുന്നത്. വ്യത്യസ്തങ്ങളായ ആശയങ്ങളുടെ സംഘർഷാത്മകമായ ഇടപെടലുകൾ സാധ്യമാകുന്ന അനുഭൂതിയായി പ്രണയത്തെ വായിക്കാവുന്നതാണ്. അനുഭൂതികളുടെ ചരിത്രരചനാസാധ്യതയെക്കുറിച്ച് ചർച്ചചെയ്യുന്ന സമകാലികാന്തരീക്ഷത്തിൽ പ്രണയത്തിന്റെ സൈദ്ധാന്തികവായനകളും പ്രസക്തമാണെന്നു കാണാം.


**സഹായകരചനകൾ**

എറിക്ഫ്രോം 2009 *പ്രണയകല* ഫേബിയൻബുക്ക്സ് : മാവേലിക്കര

മധു ടി.വി. 2011 *ഞാൻ എന്ന അഭാവം* കേരളസാഹിത്യഅക്കാദമി : തൃശ്ശൂർ

*Beavoir De Simone 1956 The Second Sex ,Jonathan Cape : London*

*Fanon, Fratnz 2011(1952) Black Skin ,White Masks, Pluto Press : London*

*Firestone K Shulamith 1970, The Dialetic of Sex : The Case for Feminist Revolution, Bantam : New York Irigaray, Luce 1996 I Love to You, Routledge : New York.*



പ്രസീദ യു.വി. - ഗവേഷക, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല



## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | :20രൂപ |
| വാർഷിക വരിസംഖ്യ | :200രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | :100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | :1000 രൂപ |



വി.എം.ഗിരിജ



# അലിഞ്ഞു ചേർന്ന്, ലയിച്ചു ചേർന്ന്, മറ്റൊന്നില്ലാതെ

മനുഷ്യർക്ക് മൃഗങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉള്ള ഏറ്റവും ശക്തമായ ഇന്ദ്രിയാതീതശക്തി എന്ന് ഭാവനയെ വിളിക്കാമെങ്കിൽ, ആ ഭാവനയുടെ ഒരു പൂത്തുലയലാണ് പ്രണയം എന്നു തോന്നുന്നു. ലോകചരിത്രത്തിന്റേയും മാറി മാറി വന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടേയും വെളിച്ചത്തിൽ പ്രണയത്തെ അപഗ്രഥിക്കാൻ എനിക്കറിയില്ല. പക്ഷേ, മനുഷ്യന് ഭാവന എന്നും സുഹൃത്തായിരുന്നു; ആശയും ആശ്വാസവുമായിരുന്നു. അന്തരീക്ഷത്തിൽ പറക്കുന്ന പരവതാനികൾ, സ്വർണ്ണപ്പഴം കായ്ക്കുന്ന മരങ്ങൾ, സ്ഫടികചെരുപ്പുകൾ, മാന്ത്രികനിദ്രകൾ, ആയിരം ഫണമുള്ള നാഗത്താന്മാർ, സ്വർഗ്ഗം, നരകം, പാതാളം, ദൈവം... ഇങ്ങനെയെല്ലാം മനുഷ്യൻ ഭാവനയിലൂടെ സൃഷ്ടിച്ചു. അങ്ങനെ സൃഷ്ടിച്ചവയെ മനുഷ്യന്റെ ഓർമ്മയാക്കാൻ കഴിഞ്ഞതാണ് പ്രണയം എന്ന സങ്കല്പത്തിന്റെ പിറവിക്ക് കാരണം. എന്തുകൊണ്ട് ഓർമ്മ? ഓർമ്മയുള്ള, സ്വന്തം ഓർമ്മയെ ഒരു

കൂട്ടത്തിന്റെ ഓർമ്മയായി പരിവർത്തിപ്പിക്കാൻ കഴിയുന്ന ഒരേയൊരു മൃഗവും മനുഷ്യനല്ലേ.

സ്ത്രീ, പുരുഷൻ, സൗഹൃദം, രതി എന്നിവയോടൊപ്പം പ്രണയവും വികസിച്ചിട്ടുണ്ട്. എത്രയോ നൂറ്റാണ്ടുകളായി നാം കേട്ടുവരുന്ന കഥകളിൽ അനുരാഗം ഉണ്ട്. എന്നാൽ കൂടുതൽ ഉള്ളത് ആഗ്രഹങ്ങളാണ്. നളദമയന്തീകഥ രാമായണത്തിനും ഭാരതത്തിനും ഇടയ്ക്ക് സംഭവിച്ചതാണ്. ശാകുന്തളം, തപതീ സംവരണം തുടങ്ങിയ കഥകൾ അതിനും മുമ്പ്. പുരൂരവസ്സിന്റേയും ഉർവ്വശിയുടേയും പ്രാചീനപ്രണയം നമുക്കറിയാം. എല്ലാ ഭാഷയിലും എല്ലാ സാഹിത്യത്തിലും പ്രാചീനകൃതികളിൽ എല്ലാം ഉള്ളത് പ്രണയവും യുദ്ധവുമാണ്. പ്രണയത്തിന്റേയും പെണ്ണിന്റേയും പേരിലുള്ള യുദ്ധങ്ങളാണ് എല്ലാം. എന്നാൽ, പ്രണയമോ അനുരാഗമോ നിർവ്വചിക്കപ്പെട്ടിട്ടില്ല. കുലം, അഭിമാനം, ആഗ്രഹം, ആഗ്രഹനിവൃത്തി തുടങ്ങിയ പല പല വഴികളായി പ്രണയം കലങ്ങി ഒഴുകുകയാണ്... ലൈലാമമജ്നു പോലുള്ള നാടോടിക്കഥകൾ, എല്ലാ കഥകളിലേയും രൂപംമാറി വൃത്തികെട്ട രാജകുമാരന്മാരെ സുന്ദരികളായ രാജകുമാരിമാർ പ്രണയചുംബനം കൊണ്ട് വീണ്ടെടുക്കുന്ന കഥകൾ, സിൻഡ്രല്ല പോലുള്ള രണ്ടാനമ്മകഥകൾ എല്ലാത്തിലും പ്രണയമുണ്ട്. എല്ലാം സ്ത്രീപുരുഷ സൗന്ദര്യവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. 'സുന്ദരം' എന്ന വാക്കില്ലാത്ത ഒരു പ്രണയകഥയുമില്ല. ഉള്ളവ കുട്ട്യേടത്തിയിൽ നിന്ന് പിന്നോട്ട് ശൂർപ്പണഖയിലേക്ക് തിരിഞ്ഞുപോകുന്ന കുലവും സൗന്ദര്യവുമില്ലാത്തവരുടെ രതികാംക്ഷകളാണ്.

അപ്പോൾ സത്രീ-പുരുഷബന്ധത്തിന്റെ എല്ലാ രാഷ്ട്രീയവും അധികാരഘടനയും പ്രണയം എന്ന സങ്കല്പത്തിനും ഉണ്ടായിരുന്നു. കേരളത്തിലേക്ക് വരുമ്പോൾ, എന്നാണ് പ്രണയം ജീവിതത്തിലോ സാഹിത്യത്തിലോ തുടങ്ങുന്നത് എന്നറിയില്ല! സത്യം-അന്യോന്യാകർഷണം, അനുരാഗം-അത് എവിടേയുണ്ട്? വടക്കൻകഥകളിൽ ഒളിഞ്ഞിരിപ്പുണ്ട്. അവിടെയും സൗന്ദര്യവതികളായ സ്ത്രീകളും വീരപുരുഷന്മാരുമാണ് പരസ്പരം ആഗ്രഹിക്കുന്നത്. "പ്രേമാനുരാഗിണി ഞാൻ" എന്ന് ഉണ്ണായിവാര്യരുടെ ദമയന്തി എങ്ങനെ പറഞ്ഞു എന്ന് എനിക്ക് ഒരിക്കലും മനസ്സിലായിട്ടില്ല. പ്രേമം, അനുരാഗം എന്നീ രണ്ടു വാക്കുകളും ഇത്രയും കാലം മുമ്പേ എങ്ങനെ ഒരു സ്ത്രീ പറഞ്ഞു? ആർക്കറിയാം?

ഭാവനയാണ് മനുഷ്യകുലത്തിന്റെ വളർച്ച നിർണ്ണയിച്ചത്. ഭാഷ, ശാസ്ത്രം, സാങ്കേതികതയുടെ കുതിപ്പ്, യുദ്ധോപകരണങ്ങൾ, കനികൾ, ആണവപരീക്ഷണങ്ങൾ എല്ലാം ഭാവനയുടെ വിജയമാണ്. ഭാവനയെ ജീവൻവെപ്പിച്ചവ.

ഭാവനയെ ഭാവനകൊണ്ടും ആന്തരികമായ സൂക്ഷ്മയുക്തി കൊണ്ടും മെനഞ്ഞെടുത്തപ്പോഴാണ് പ്രണയം ഉണ്ടായത് എന്നു ഞാൻ കരുതുന്നു. പ്രണയത്തിൽപെട്ട മനുഷ്യർക്ക് പെട്ടെന്ന് നിഴലുകൾ നഷ്ടപ്പെടുന്നു-അവർ ദേവതുല്യരാവുന്നു. പരസ്പരം പൂവിടുവിക്കുകയും കായകളിൽ മധുരം കിനിയിക്കുകയും സാന്നിദ്ധ്യം കൊണ്ടുതന്നെ പച്ചപ്പും നനവും പടർത്തുകയും ചെയ്യുന്ന പ്രണയം ഭാവനാസൃഷ്ടിയാണ്. കമിതാക്കൾ ഉള്ളിൽ നിന്നു പൊന്തിയ സ്വയംഭൂക്കളാണ്. കാമുകിയുടെ ഉള്ളിലെ പുരുഷനും പുരുഷന്റെ ഉള്ളിലെ സ്ത്രീയും നിലാവും മേഘവും നക്ഷത്രകിരണവും പൂക്കാലവും പഴങ്ങളുടെ മാധുര്യവും തണുപ്പുംകൊണ്ട് മെനഞ്ഞെടുത്ത രക്ഷാകേന്ദ്രങ്ങളാണ്. അമ്മയെ, അച്ഛനെ, നമുക്കിഷ്ടമുള്ള വ്യക്തിത്വങ്ങളുടെ പ്രതിഛായകളെ പ്രണയം പുനഃസൃഷ്ടിക്കുന്നു.

അല്ല, പ്രണയം തീർത്തും സാങ്കല്പികമല്ല. അതിന് സാമൂഹ്യജീവിതത്തിൽ വേരുകളുണ്ട്. ജാതിസമുദായമതിലുകൾ തട്ടിത്തകർത്ത പ്രണയകഥകൾ കേവലം സാങ്കല്പികമല്ല. ഇന്ദുലേഖയുടേയും മാധവന്റേയും പ്രണയം പുതിയ പാശ്ചാത്യ(ഇംകരിയസ്സ്) പഠിപ്പിന്റെ ഉപോത്പന്നമാണ്.

സത്രീ-പുരുഷബന്ധത്തിന്റെ എല്ലാ രാഷ്ട്രീയവും അധികാരഘടനയും പ്രണയം എന്ന സങ്കല്പത്തിനും ഉണ്ടായിരുന്നു. കേരളത്തിലേക്ക് വരുമ്പോൾ, എന്നാണ് പ്രണയം ജീവിതത്തിലോ സാഹിത്യത്തിലോ തുടങ്ങുന്നത് എന്നറിയില്ല! സത്യം-അന്യോന്യാകർഷണം, അനുരാഗം-അത് എവിടേയുണ്ട്? വടക്കൻകഥകളിൽ ഒളിഞ്ഞിരിപ്പുണ്ട്. അവിടെയും സൗന്ദര്യവതികളായ സ്ത്രീകളും വീരപുരുഷന്മാരുമാണ് പരസ്പരം ആഗ്രഹിക്കുന്നത്. "പ്രേമാനുരാഗിണി ഞാൻ" എന്ന് ഉണ്ണായിവാര്യരുടെ ദമയന്തി എങ്ങനെ പറഞ്ഞു എന്ന് എനിക്ക് ഒരിക്കലും മനസ്സിലായിട്ടില്ല.

അതിലും ജാതി, പദവി, തറവാട്, കുലീനത, സൗന്ദര്യം എന്നിവയെല്ലാം ഉണ്ട്. ഒരു സ്ത്രീക്ക് ഒരു പുരുഷനെയേ (മറിച്ചും) സ്നേഹിക്കാൻ പറ്റൂ-പാടുള്ളൂ-എന്ന പുതിയ മനുഷ്യമഹത്വനിർവ്വചനവുമുണ്ട്. രമണനിലും നളിനിയിലും 'ന്റ്പ്പൂപ്പാക്കൊരാനേണ്ടാർന്നു' തുടങ്ങിയ കൃതികളിലും അതുണ്ട്. ആശാന്റെ ദുരവസ്ഥ ആ സമവാക്യത്തെ പൊളിച്ചുകളയാൻ പരാജയപ്പെട്ടാലും യുദ്ധം ചെയ്യും എന്നുപറഞ്ഞ് എഴുതപ്പെട്ടതാണ്. സാമൂഹ്യ, സമുദായമതിലുകളെ പറിച്ചെറിയാൻ തുടങ്ങിയ ആശാനും 'രതിനിത്യം ഒരാൾക്കൊരാളിലായ്' സ്ഥിതിചെയ്യുന്നതാണ് നിത്യസുന്ദരമായ പ്രണയതത്വം എന്നത് നിഷേധിക്കാൻ പറ്റിയില്ല. ധാർമ്മികതയുടെ കസവുനൂലുകളാണ് ആശാന്റെ പ്രേമകവിതകൾ നെയ്തെടുക്കാൻ ശ്രമിച്ചത്.

തകഴി, ബഷീർ, കേശവദേവ് എന്നിവരുടെ തലമുറ സ്ത്രീപുരുഷബന്ധത്തിലെ ദിവ്യതയല്ലാത്ത എല്ലാ ഇഴകളേയും എടുത്തുകാണിച്ചു. അതേ- വിശപ്പ്, കാമം, വീട്, അഭയം എല്ലാം. അത് പക്ഷേ പ്രണയത്തെയല്ല ചിത്രീകരിച്ചത്. പ്രണയം ആവാൻ പറ്റാത്ത സ്ത്രീപുരുഷബന്ധങ്ങളെക്കുറിച്ച് മാത്രമാണ്. മണ്ണിന്റെ, ഉദ്യോഗത്തിന്റെ, ഏണിപ്പടികളുടെ, അധികാരത്തിന്റെ, ആവേശത്തിന്റെ, കുടുംബം, സമുദായം എന്നീ രംഗങ്ങളിലെ പല തരത്തിലുള്ള നെയ്യലുകൾ അതിൽ കാണാം.

ഇടശ്ശേരി, വൈലോപ്പിള്ളി, ജി, അക്കിത്തം എന്നിവരെല്ലാം പ്രണയത്തെ നിർവ്വചിക്കാനായി, പ്രണയത്തെ വിശപ്പ്, ദാമ്പത്യം, സമകാലികത എന്നിവയുമായി ഘടിപ്പിക്കാൻ ശ്രമിച്ചവരാണ്.

'നാം ഇരുപേർ ഒറ്റപ്പെട്ടോർ
അത്രയുമല്ല തമ്മിൽത്തമ്മിലും
ഒറ്റപ്പെട്ടോർ'
'കുഴിച്ചു കുഴിച്ചു
നാമനിഷ്ടസ്മൃതികൾ തൻ
അഴുക്കുപരതിച്ചെന്നെത്തുന്നൂ
നരകത്തിൽ' എന്നെല്ലാം

ദാമ്പത്യത്തെപ്പറ്റി മാത്രമല്ല സ്ത്രീ-പുരുഷ പ്രണയത്തെപ്പറ്റി ഇടിയും ആയി. എൻ.വി.കൃഷ്ണവാര്യർ തുടങ്ങി പിന്നീട് വന്ന കവികൾക്കാർക്കും പ്രണയം 'പരിശുദ്ധം' ആയിട്ടില്ല.... ആവാൻ കഴിയുന്നതല്ല എന്ന ഉൾക്കണ്ണുകൾ.

ജീവിക്കുന്ന മനുഷ്യരിലൂടെ, കവിതയിലും സാഹിത്യത്തിലും ആലേഖനം ചെയ്യപ്പെട്ട മനുഷ്യരിലൂടെ, ചരിത്രത്തിലൂടെ, പ്രണയത്തെ തിരയുമ്പോൾ സംഗീതം, ചിത്രകല തുടങ്ങിയ (തീർച്ചയായും സിനിമ) വിവിധ



പ്രണയകവിതകളിൽ കാടും കടലും കാട്ടുമരങ്ങളുടെ നീണ്ടനിഴലുകളും പച്ചപ്പും ഉണ്ട്... 'മൃദുവിന്ന് കൊതിച്ചോളല്ലോ' എന്ന സ്വയംസഹതാപവുമുണ്ട്. പോകാത്ത കാടുകൾ, നീന്തലറിയാത്തവൾ നീന്തിക്കടന്ന പുഴകളും കടലുകളും വർണ്ണമത്സ്യങ്ങളും... അതിനുമപ്പുറം വ്യക്തിപരമായ ജീവിതത്തിലും പ്രണയം കൊണ്ടു ഞാൻ എന്തായിപ്പോയിട്ടുണ്ട് എന്നെനിക്കറിയില്ല. പ്രണയം കൊണ്ടു മുറിവേറ്റവൾ, വഞ്ചിക്കപ്പെട്ടവൾ, കരഞ്ഞവൾ, വഞ്ചിച്ചവൾ എന്നൊന്നും ഞാൻ സ്വയം വിലയിരുത്തുന്നില്ല.

മേഖലകളിലൂടെ സഞ്ചരിക്കുമ്പോൾ പ്രണയം എന്തെന്ന് ഒരാൾക്ക് മനസ്സിലാകുമെന്ന് തോന്നുന്നില്ല. പി.കുഞ്ഞിരാമൻനായരുടെ കവിതകളും വ്യക്തിജീവിതവും മാറിമാറിവെച്ച് പ്രണയം പഠിക്കാൻ ശ്രമിച്ചവർക്ക് ഇത് രേഖീയമായ, യുക്തിശാസ്ത്രപരമായ ഒന്നാണ് എന്ന് തോന്നിയില്ല.

എനിക്ക് ഇന്ന് നോക്കുമ്പോൾ പ്രണയത്തെക്കുറിച്ച് പറയാൻ അറിയില്ല. അതുകൊണ്ടാണ് എല്ലാ രാത്രിയും ഈ കുറിപ്പ് എഴുതാൻ തുനിഞ്ഞ് ഞാൻ പേന നിശ്ശബ്ദം താഴെ വെച്ച് ആലോചിക്കുന്നത്!

പ്രണയകവിതകളിൽ കാടും കടലും കാട്ടുമരങ്ങളുടെ നീണ്ടനിഴലുകളും പച്ചപ്പും ഉണ്ട്... 'മൃദുവിന്ന് കൊതിച്ചോളല്ലോ' എന്ന സ്വയംസഹതാപവുമുണ്ട്.

പോകാത്ത കാടുകൾ, നീന്തലറിയാത്തവൾ നീന്തിക്കടന്ന പുഴകളും കടലുകളും വർണ്ണമത്സ്യങ്ങളും...

അതിനുമപ്പുറം വ്യക്തിപരമായ ജീവിതത്തിലും പ്രണയം കൊണ്ടു ഞാൻ എന്തായിപ്പോയിട്ടുണ്ട് എന്നെനിക്കറിയില്ല. പ്രണയം കൊണ്ടു മുറിവേറ്റവൾ, വഞ്ചിക്കപ്പെട്ടവൾ, കരഞ്ഞവൾ, വഞ്ചിച്ചവൾ എന്നൊന്നും ഞാൻ സ്വയം വിലയിരുത്തുന്നില്ല.

ചരിത്രത്തിനെപ്പറ്റി എം.എൻ.വിജയൻമാഷ് പറഞ്ഞപോലെ, ഇന്ധനം മുഴുവൻ തീർന്നു കഴിഞ്ഞിട്ട് എവിടെപ്പോയി അത്, എന്തായിരുന്നു ആ ചരിത്രം എന്ന് അന്വേഷിക്കുമ്പോലെ നിഷ്ഫലമാണ് എന്റെ പുറകോട്ടുള്ള ഉൾയാത്ര. എന്താണ് പ്രണയത്തിൽ നിന്നു നാം ആഗ്രഹിച്ചുകൊണ്ടേയിരിക്കുന്നത്? ശരീരത്തിന്റേതായ, സ്പർശനസുഖങ്ങളുടേതായ എന്റേത് എന്ന കൊതിയാണോ, ഏതോ ഒരു വിഗ്രഹത്തിനെ നിത്യാർച്ചന ചെയ്ത് ചാരിതാർത്ഥ്യമാകുന്ന ഭക്തി (ഭക്തമീര, ആണ്ടാൾ, രാധ) ഭാവമാണോ, നിഗൂഢമായ നമുക്കറിയാത്ത ഒരു തീരത്തേക്ക് ചരിക്കുന്നതിനുള്ള കൊതിയാണോ? ഏകാന്തത ആഗ്രഹിക്കുമ്പോഴും ഏകാന്തതയെ ഒരു തീവ്രപ്രണയം കൊണ്ട് ഭഞ്ജിക്കണം എന്നു തോന്നുന്നത് എന്താണ്? മറ്റേതൊരു പ്രവൃത്തിയേയും പോലെ വൈരുദ്ധ്യാത്മകമാണോ പ്രണയവും? അത് സ്വയം മുറിവേൽക്കാനും വേദനിക്കാനും കരയാനും മുറിവേൽപ്പിക്കാനും കരയിപ്പിക്കാനും ആഗ്രഹിക്കുന്നുണ്ടോ? ഒന്നുകാണാൻ വേണ്ടി എത്ര ദൂരം വരെ പോകാനും തീവണ്ടിയാപ്പീസിലേക്കോടാനും മറുപടികിട്ടാത്ത പ്രണയലേഖനങ്ങൾ എത്രയെത്രയോ എഴുതാനും എന്തുകൊണ്ട് എനിക്ക് കഴിഞ്ഞു?

എന്റെ ജീവിതത്തിലെ ചില കാലങ്ങൾ ഇരുട്ടിലാണ്ടപോലെ എനിക്ക് തോന്നും. തീവ്രപ്രണയത്തിന്റെ കാലങ്ങൾ. അവിടെയും അതിനെ ചവിട്ടി ഉയരുന്ന സ്വാർത്ഥതകൾ ഉണ്ട്. സ്വാർത്ഥത എന്ന് നിർവ്വചിക്കുമ്പോഴും ഞാൻ സ്വാർത്ഥയല്ല എന്ന് സ്വയം കുറ്റവിമുക്തയാക്കാനുള്ള ദാഹം... അതെ, സ്വന്തം കുഞ്ഞിനു മുലകൊടുക്കുന്നതു പോലെ സ്ത്രീയെ ഏറ്റവും ആനന്ദിപ്പിക്കുന്ന ഒന്നാണ് സങ്കല്പത്തിലെ പ്രണയവിഗ്രഹത്തെ ആർദ്രത ചുരത്തി അമൃത് ചുരത്തി ജീവനുള്ളതാക്കുക എന്നത്.

എന്റെ ജീവിതത്തിലെ ചില കാലങ്ങൾ. ഇരുട്ടിലാണ്ടപോലെ എനിക്ക് തോന്നും. തീവ്രപ്രണയത്തിന്റെ കാലങ്ങൾ. അവിടെയും അതിനെ ചവിട്ടി ഉയരുന്ന സ്വാർത്ഥതകൾ ഉണ്ട്. സ്വാർത്ഥത എന്ന് നിർവ്വചിക്കുമ്പോഴും ഞാൻ സ്വാർത്ഥയല്ല എന്ന് സ്വയം കുറ്റവിമുക്തയാക്കാനുള്ള ദാഹം...

അതെ, സ്വന്തം കുഞ്ഞിനു മുലകൊടുക്കുന്നതു പോലെ സ്ത്രീയെ ഏറ്റവും ആനന്ദിപ്പിക്കുന്ന ഒന്നാണ് സങ്കല്പത്തിലെ പ്രണയവിഗ്രഹത്തെ ആർദ്രത ചുരത്തി അമൃത് ചുരത്തി ജീവനുള്ളതാക്കുക എന്നത്.

നാരുനാരായി നരച്ചാലും പ്രണയത്തിന്റെ വേരുകളിൽ പുതുമുള പൊട്ടുമോ എന്നറിയാതെ പ്രാണൻ നിലവിളിക്കുന്നു.

കവികളേയും പ്രണയി(നി)കളേയും തനിച്ചു വിടുക. അവർക്ക് പ്രണയത്തെപ്പറ്റി എന്തറിയാം?

അല്ല ആർക്കായാലും അറിയുമായിരിക്കില്ല പ്രണയത്തെപ്പറ്റി ഒന്നും. ലോകത്തിലെ ഏറ്റവും അമൂർത്തമായ നിർവചനാതീതമായ ബന്ധവിശേഷമാണ് പ്രണയം... എനിക്കങ്ങനെ തോന്നുന്നു. തോന്നലുകളുടെ ആകെത്തുകയാണോ ഞാൻ? ●

*വി.എം.ഗിരിജ – പ്രോഗ്രാം അനൗൺസർ, ഗ്രേഡ് 3, ആകാശവാണി, എഫ്.എം.നിലയം, കൊച്ചി*



ജ്യോതി നാരായണൻ

# പ്രണയത്തെ തൊടുമ്പോൾ

എന്റെ ബാല്യ കൗമാരങ്ങളിൽ പ്രേമം എന്നതു ഒരു അശ്ലീല വാക്കായിട്ടാണ് ഞാൻ ധരിച്ചിരുന്നത്. (പ്രണയം കഥയിലേയും കവിതയിലേയും ഒരു കാവ്യസങ്കൽപ്പം മാത്രമായിരുന്നു.)

അഛന്റെയും സഹോദരന്റെയും മുഖത്തു കരി വാരി തേക്കുക, കുടുംബത്തിനുചീത്തപ്പേരു ഉണ്ടാക്കുക ഇതൊക്കെയായിരുന്നു പ്രേമത്തിന്റെ പര്യായങ്ങൾ. ആ ബാല്യത്തിന് 40 വർഷം കഴിഞ്ഞിട്ടും ഇന്നും രക്ഷിതാക്കളുടെ ഏറ്റവും വലിയ ആഗ്രഹം മക്കളെ ചീത്തപ്പേരു കേൾപ്പിക്കാതെ (ആരെയെങ്കിലും പ്രേമിക്കുന്നതിനു മുമ്പ്) ഒരുത്തന്റെ കയ്യിൽ ഏല്പിക്കുക എന്നതാണ്. പിന്നീട് രാഷ്ട്രീയപ്രസ്ഥാനത്തിൽ നിന്നും ഞാൻ പഠിച്ചതും പ്രേമം പോലുള്ള ദുർബ്ബല വികാരങ്ങൾക്കൊന്നും നമ്മൾ അടിമപ്പെടരുത് എന്നായിരുന്നു. (ഭാര്യ പ്രസവിക്കാൻ കിടക്കുമ്പോഴും 'സമരം



ചെയ്തു' ജയിലിൽ പോയത് ആവേശത്തോടെയാണ് ഞാൻ കേട്ടിട്ടുള്ളത്.) അഥവാ ആരോടെങ്കിലും പ്രേമം തോന്നിയാൽ ഉടനെ വിവാഹം കഴിച്ച് അതു 'പരിഹരിക്കുക'. സ്വാതന്ത്ര്യസമരക്കാലത്തും പിന്നീടും പൊതുരംഗത്തേക്കുവന്ന പല സ്ത്രീകളേയും ഇങ്ങനെ വിവാഹം കഴിച്ച് ഒതുക്കി വീട്ടിലിരുത്തിയത് നാം കാണുന്ന എഴുതാത്ത ചരിത്രം. സ്ത്രീകൂട്ടായ്മകളും സ്ത്രീപക്ഷചിന്തയും സ്ത്രീയുടെ സ്വത്വത്തെ കുറിച്ചു ചിന്തിച്ചപ്പോഴാണ് പ്രണയത്തെ തിരിച്ചുപിടിച്ച് നോക്കിയത്. ആദ്യം ഓർമ്മ വന്നത് ഭക്തമീര, അപർണ്ണസെൻ സംവിധാനം ചെയ്ത 'ജാപ്പാനീസ് വൈഫ്' എന്ന സിനിമ, താൻ പ്രണയിക്കുന്ന പെൺകുട്ടിയുടെ കാമുകനെ രക്ഷിക്കാൻ എല്ലാം നഷ്ടപ്പെടുത്തുന്ന യുവാവിന്റെ കഥ, ഒന്നു കാണാൻ, തൊടാൻ, ഒന്നിച്ചു ജീവിക്കാൻ നടത്തുന്ന സാഹസങ്ങൾ, ആത്മഹത്യകൾ, കൊലപാതകങ്ങൾ, മനോരോഗങ്ങൾ, പ്രണയത്തിന്റെ സർഗ്ഗാത്മകത, പ്രണയം=ലൈംഗികത=അശ്ലീലം എന്ന ചുരുക്കെഴുത്ത്, പ്രണയത്തെക്കുറിച്ച് സ്ത്രീകളുടെ സങ്കൽപ്പം, പുരുഷ സങ്കൽപ്പം, 80കളിലെ ഇടതു രാഷ്ട്രീയസംവാദങ്ങൾ, 90 നു ശേഷം പ്രണയത്തെക്കുറിച്ച് നവ ലിബറൽ രാഷ്ട്രീയസംവാദങ്ങൾ, പ്രണയ ചതിക്കുഴികൾ, രാധാകൃഷ്ണ പ്രണയ സങ്കൽപ്പം, കലസാഹിത്യത്തിലെ പ്രണയം, പുരാണത്തിലെ പ്രണയം.... എത്രയെത്ര മുഖങ്ങൾ.

പ്രണയത്തിൽ വലിയ വൈരുദ്ധ്യങ്ങൾ കാണാം. എന്റെ യുക്തിക്കു മനസ്സിലാകാത്ത ഒരുപാട് വശങ്ങൾ ഉണ്ട്. മറ്റുള്ളവർ എഴുതിയത് എടുത്തെഴുതാൻ സൗകര്യമുണ്ട്, ഭംഗിയുമുണ്ടാകാം. ഞാൻ



ഞാൻ അനുഭവിക്കുന്ന, കാണുന്ന പ്രണയം വൈരുദ്ധ്യങ്ങളാൽ എഴുതാനാവുന്നില്ല. വ്യക്തിയും പ്രണയിക്കുന്നവരും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ അനുപാതം ഒരു നിയമത്തിൽ അല്ലെങ്കിൽ കേവല യുക്തിയിൽ ഒതുക്കാനാവില്ല. പ്രണയത്തെ കുറിച്ച് എഴുത്തിലും വൈരുദ്ധ്യങ്ങളും യുക്തിയില്ലായ്മയും കടന്നു വരുന്നു.

അനുഭവിക്കുന്ന, കാണുന്ന പ്രണയം വൈരുദ്ധ്യങ്ങളാൽ എഴുതാനാവുന്നില്ല. വ്യക്തിയും പ്രണയിക്കുന്നവരും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ അനുപാതം ഒരു നിയമത്തിൽ അല്ലെങ്കിൽ കേവല യുക്തിയിൽ ഒതുക്കാനാവില്ല. പ്രണയത്തെ കുറിച്ച് എഴുത്തിലും വൈരുദ്ധ്യങ്ങളും യുക്തിയില്ലായ്മയും കടന്നു വരുന്നു.

കലയിലും സാഹിത്യത്തിലും മാത്രമല്ല പ്രണയം നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്നും സ്വാഭാവിക ജൈവ പ്രക്രിയയാണെന്നും അതിനു രാഷ്ട്രീയവും സാമ്പത്തികവും സംസ്കാരികവും ഓക്കെയായ വശങ്ങളുണ്ടെന്നും തിരിച്ചറിയുന്നതു സ്ത്രീസ്വത്വത്തിന്റെ അന്വേഷണങ്ങൾക്കിടയിലാണ്. പ്രണയ സങ്കൽപ്പവും സൈദ്ധാന്തിക നിലപാടും പ്രായോഗിക പ്രണയവും തമ്മിൽ വലിയ അന്തരം വേണ്ടിവരുന്നു. കാട്ടുവള്ളിപോലെ സ്വതന്ത്രമായി പടരുന്നതാണു ജൈവപ്രണയമെങ്കിൽ ബോൺസായിപോലെ വെട്ടിയൊരുക്കിയതാണു പ്രായോഗിക പ്രേമം.

ഫ്യൂഡൽബോധവും സാമൂഹ്യസുരക്ഷിതത്വമില്ലാത്ത സ്വകാര്യസ്വത്തുള്ള മതസരാധിഷ്ഠിത സമൂഹത്തിലെ പ്രണയം എന്താണു എന്നാണ്

ചിന്തിക്കുന്നത്. യാന്ത്രികമായ നിയമങ്ങളോ കേവലമായ ശരി തെറ്റുകളോ പറയാനാവില്ല.

സാംസ്കാരികമായിത്തന്നെ സഹവർത്തിത്വമുള്ള സമൂഹത്തിൽ ക്രമം മാത്രമേ ആവശ്യമുള്ളൂ. പക്ഷെ അധികാരമില്ലാത്ത വിഭാഗത്തിനു പ്രണയം ബാധ്യതയായി മാറുന്നു. അപ്പോൾ നമ്മുടേതുപോലുള്ള സമൂഹത്തിൽ നിയമങ്ങൾ അനിവാര്യമാകുന്നു.


ഇന്നു നിയമങ്ങൾ തന്നെ, ചിലരുടെ സുഖസൗകര്യങ്ങൾ, അധികാരം, സ്വത്ത് നിലനിർത്താനായി ജാതി, മതം കുടുംബം, തുടങ്ങിയ സ്ഥാപനങ്ങളേയും ഭരണ സംവിധാനത്തേയും നിലനിർത്തുകയും ഉറപ്പിക്കുകയും ചെയ്യുന്നു. ജീവിതത്തിന്റെ അനിശ്ചിതത്വം, അരക്ഷിതത്വം, കച്ചവട മാധ്യമം, വിദ്യാഭ്യാസം തുടങ്ങിയവയിലൂടെ ഇതാണു ശരി എന്ന ഒരു പൊതു ബോധം സൃഷ്ടിക്കുന്നു. അതുകൊണ്ട് നിയമങ്ങൾ വേണമെന്നു നിരന്തരം ആവശ്യപ്പെടുകയും നിരന്തരം അതിനെ ചോദ്യം ചെയ്യുകയും ആവശ്യമായി വരുന്നു.

പ്രണയത്തിൽ പരസ്പരം ഒന്നും നിഷേധിക്കുന്നില്ല എന്നാണ് സങ്കൽപ്പം. പക്ഷെ നമ്മൾ പണം, പരിചരണം, താൽക്കാലിക സുഖം, ബാധ്യത, സുരക്ഷിതത്വം തുടങ്ങിയ എന്തിനെങ്കിലും പകരം നൽകുന്ന വികാരത്തെയാണ് പ്രണയമായി കരുതുന്നത്. അതിനപ്പുറത്ത് ഒരു പ്രണയം ഉണ്ടോ?

സാമൂഹ്യ ജീവിയായ മനുഷ്യന്റെ ജീവിതത്തിൽ മാത്രമേ പ്രണയം ഇത്ര സങ്കീർണ്ണമാകുന്നുള്ളൂ. ചിന്തിച്ച് ഇത്ര സങ്കീർണ്ണമാക്കേണ്ടതുണ്ടോ? നമ്മുടെ സമൂഹത്തിൽ എന്തുകൊണ്ട് പ്രണയം നിഷേധിക്കപ്പെടുന്നു എന്നന്വേഷിക്കുമ്പോഴാണ് ഇതൊരു ലളിത പ്രക്രിയയല്ലെന്ന് മനസ്സിലാകുന്നത്. അധികാരത്തിലുള്ളവർ തങ്ങൾക്കനുകൂലമായതിന്റെ സ്ഥിരത ആഗ്രഹിക്കുന്നു പ്രണയം സ്ഥിരതയെ തകർക്കുന്ന പ്രക്രിയയാണ്.

ഒരു നല്ല പാട്ട് കേൾക്കുമ്പോൾ, നല്ല പുസ്തകം വായിക്കുമ്പോൾ, നല്ല ഭക്ഷണം കഴിക്കുമ്പോൾ അങ്ങനെ ഓരോന്നു ആസ്വദിക്കുമ്പോഴും നമ്മൾ പ്രണയിക്കുന്നയാൾ ഒപ്പമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. നമുക്ക് ഒരു വിഷമം വരുമ്പോൾ ഒരു വേദന വരുമ്പോൾ ഒന്ന് തലോടാൻ, ഒന്ന് താങ്ങാൻ സാന്ത്വനിപ്പിക്കാൻ ആഗ്രഹിക്കുന്നു, നമുക്ക് എന്തും പറയാൻ കഴിയുന്ന പറയുന്നതെല്ലാം അതേ വികാരത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ഒരാൾ പ്രണയിക്കുമ്പോൾ നമുക്ക് ചിറകുകൾ മുളക്കുന്നു. നമ്മുടെ മുമ്പിലുള്ള എല്ലാ തടസ്സങ്ങളും കാണാതാകുന്നു. ഞാൻ ഇല്ലാതാകുന്നു.

ഇങ്ങനെ മോഹങ്ങൾ ഏറെയുണ്ട്. ഇങ്ങനെ നമ്മുടെ ഇഷ്ടങ്ങളെല്ലാം ഒരാളിൽ കേന്ദ്രീകരിക്കുക അപൂർവ്വമാണ്. അതുകൊണ്ട് ആഹ്ലാദകരമായി ജീവിക്കാൻ പല പ്രണയങ്ങൾ വേണമെന്ന് തോന്നാറുണ്ട്. ചിലപ്പോൾ ഇതിനെ സൗഹൃദമെന്ന് വിളിക്കാം. പ്രണയ


ഒരു നല്ല പാട്ട് കേൾക്കുമ്പോൾ, നല്ല പുസ്തകം വായിക്കുമ്പോൾ, നല്ല ഭക്ഷണം കഴിക്കുമ്പോൾ അങ്ങനെ ഓരോന്നു ആസ്വദിക്കുമ്പോഴും നമ്മൾ പ്രണയിക്കുന്നയാൾ ഒപ്പമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. നമുക്ക് ഒരു വിഷമം വരുമ്പോൾ ഒരു വേദന വരുമ്പോൾ ഒന്ന് തലോടാൻ, ഒന്ന് താങ്ങാൻ, സാന്ത്വനിപ്പിക്കാൻ ആഗ്രഹിക്കുന്നു, നമുക്ക് എന്തും പറയാൻ കഴിയുന്ന പറയുന്നതെല്ലാം അതേ വികാരത്തിൽ മനസ്സിലാക്കാൻ കഴിയുന്ന ഒരാൾ പ്രണയിക്കുമ്പോൾ നമുക്ക് ചിറകുകൾ മുളക്കുന്നു നമ്മുടെ മുമ്പിലുള്ള എല്ലാ തടസ്സങ്ങളും കാണാതാകുന്നു. ഞാൻ ഇല്ലാതാകുന്നു.

ത്തിന്റേയും സൗഹൃദത്തിന്റേയും അതിർവരമ്പ് ഏതാണെന്നും അറിയില്ല.

എന്നാൽ ഇന്ന് പ്രണയമെന്നത് അത്ര വിശാലാർത്ഥത്തിൽ സ്വീകരിക്കപ്പെടുന്ന ഒന്നല്ല. പ്രണയമെന്നാൽ സ്വന്തമാക്കലും കീഴടക്കലും അധികാരം സ്ഥാപിക്കലുമാണ്. ഇത് ഏറ്റവും സങ്കീർണ്ണമാകുന്നത് ലൈംഗികതയെക്കുറിച്ചുള്ള ധാരണകൂടി ചേരുമ്പോഴാണ്. പ്രണയത്തിൽ ലൈംഗികത നിഷേധിക്കുന്നില്ല. പ്രണയിക്കാൻ ലൈംഗികബന്ധം വേണമെന്ന് നിർബന്ധവും ഇല്ല. എന്നാൽ സ്ത്രീ–പുരുഷബന്ധങ്ങളെ മുഴുവൻ ലൈംഗിക ബന്ധങ്ങളിലേക്ക് ചുരുക്കുന്നു. എന്റെ ജീവിതത്തിൽ പുരുഷന്മാരുടെ ഭാഗത്തു നിന്നാണ് കൂടുതൽ സമ്മർദ്ദം വരുന്നത്. ലൈംഗികബന്ധം നിഷേധിക്കുന്നതു പോലെ തന്നെ നിർബന്ധിക്കുന്നതും പ്രണയരാഹിത്യമാണ്. എന്നാൽ വിവാഹബന്ധത്തിനകത്തു മാത്രമേ ലൈംഗികബന്ധം പാടുള്ളൂ എന്ന് ശഠിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. അതുകൊണ്ട് തന്നെ ലൈംഗികത അംഗീകരിച്ചിരിക്കുന്ന വ്യക്തിയുടെ പ്രണയത്തിനും പ്രണയരാഹിത്യം മാത്രം അനുഭവിച്ച് ജീവിക്കേണ്ടി വരുന്നു.

സമൂഹത്തിൽ ഇത്രയും അതിക്രമവും നീതിനിഷേധവും ഉണ്ടാകുന്നതിന് ഒരു കാരണം ജൈവിക പ്രണയത്തെ ആസ്വദിക്കുന്നതിന്റെ നിഷേധമാണെന്ന് തോന്നിയിട്ടുണ്ട്. ലൈംഗികത മാത്രമല്ല, വൈകാരികമായ എല്ലാ ആസ്വാദനത്തേയും നിഷേധിക്കുന്നു. പകരം മനുഷ്യൻ കമ്പോളത്തിലെ വാങ്ങലുകൾ, ഭക്തി, ലഹരി തുടങ്ങിയവയിലാണ് പ്രണയ നിഷേധത്താൽ ഇല്ലാതാകുന്ന ആഹ്ലാദം തെരയുന്നത്.

പ്രണയിക്കുന്നവർ തമ്മിൽ ഒരേ ഭാവമാണെങ്കിലേ പ്രണയമാകൂ. അല്ലെങ്കിൽ പ്രണയം ബാദ്ധ്യതയും നോവും ഭാരവും ചിലപ്പോൾ വൈരാഗ്യവുമാകും. പ്രണയിനിയുടെ മുഖത്ത് ആസിഡ് ഒഴി



പ്രണയിക്കുന്നവർ തമ്മിൽ ഓരേ ഭാവമാണെങ്കിലേ പ്രണയമാകൂ. അല്ലെങ്കിൽ പ്രണയം ബാദ്ധ്യതയും നോവും ഭാരവും ചിലപ്പോൾ വൈരാഗ്യവുമാകും. പ്രണയിനിയുടെ മുഖത്ത് ആസിഡ് ഒഴിക്കുന്നതും നമ്മുടെ മലയാളചാനൽ സീരിയലുകൾക്ക് പ്രേക്ഷകരുണ്ടാകുന്നതും ഇതാകാം. ഇന്ന് പ്രണയമെന്ന് വ്യാഖ്യാനിക്കുന്നത് പലപ്പോഴും ഒരു ഭ്രമമാണ്. പ്രണയത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന ഇഷ്ടം, സന്തോഷം, ത്യാഗം ബലംപിടിച്ചെടുക്കുകയാണ്. പ്രണയം ഒരു അനുഭൂതി കൂടിയാണ്. ഒരാളുടെ സാന്നിദ്ധ്യത്തിൽ അനുഭവിക്കുന്ന ആഹ്ലാദം അയാളുടെ അസാന്നിദ്ധ്യത്തിൽ ഉണ്ടാകുന്ന ശൂന്യത. എന്നാൽ ഇത് യാന്ത്രികമായി ഉണ്ടാകുന്നതല്ല.

ക്കുന്നതും നമ്മുടെ മലയാളചാനൽ സീരിയലുകൾക്ക് പ്രേക്ഷകരുണ്ടാകുന്നതും ഇതാകാം. ഇന്ന് പ്രണയമെന്ന് വ്യാഖ്യാനിക്കുന്നത് പലപ്പോഴും ഒരു ഭ്രമമാണ്. പ്രണയത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന ഇഷ്ടം, സന്തോഷം, ത്യാഗം ബലംപിടിച്ചെടുക്കുകയാണ്.



പ്രണയം ഒരു അനുഭൂതി കൂടിയാണ്. ഒരാളുടെ സാന്നിദ്ധ്യത്തിൽ അനുഭവിക്കുന്ന ആഹ്ലാദം അയാളുടെ അസാന്നിദ്ധ്യത്തിൽ ഉണ്ടാകുന്ന ശൂന്യത. എന്നാൽ ഇത് യാന്ത്രികമായി ഉണ്ടാകുന്നതല്ല.

നമ്മുടെ ഭൗതികസാഹചര്യങ്ങളും സാമൂഹ്യാവസ്ഥയും നമ്മുടെ ബോധവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടു തന്നെ നമ്മുടേതു പോലുള്ള ഒരു കമ്പോള വ്യവസ്ഥയിൽ സമ്പത്ത്, അധികാരം, സൗന്ദര്യം, ഉന്നതപദവി, ഉയർന്ന വിദ്യാഭ്യാസം, പ്രായം, കലാ-കായിക രംഗത്തെ കഴിവുകൾ, കൗശലം എന്നിവ ഉള്ളവർക്ക് പ്രണയിക്കാനും പ്രണയിക്കപ്പെടാനും സാദ്ധ്യത കൂടുതലാണ്. അതായത് മറ്റേതൊരു ചരക്കു പോലെ പ്രണയവും. പ്രണയത്തിൽ അധികാരസ്ഥാപനം പോലെ തന്നെ പതിയിരിക്കുന്ന വികാരമാണ് സഹതാപം. പ്രണയവും സഹതാപവും വ്യവഛേദിച്ചറിയണം.

പ്രണയം ഒരു വൈകാരികാവസ്ഥയാണ്. പ്രണയത്തിന് കണ്ണില്ലെന്ന് പലരും പറയാറുണ്ട്. അതുകൊണ്ട് പ്രണയം നടിച്ച് ചതിക്കുഴികളിൽ തങ്ങൾക്കിഷ്ടമല്ലാത്ത ജീവിത സാഹചര്യത്തിൽ വീഴാൻ എളുപ്പമാണ്. ഈ അവസ്ഥയിലെത്തുന്നത് അറിയാതെ മാത്രമല്ല, അറിഞ്ഞിട്ടും പിൻമാറാൻ കഴിയാത്ത ഭൗതികസാഹചര്യവും മാനസികാവസ്ഥയുമുണ്ട്.

ജാതി, മതം, കുടുംബം, സദാചാരം ഇതിന്റെയെല്ലാം സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് രഹസ്യമായി പ്രണയം ആസ്വദിക്കുന്നവരാണ് മലയാളികൾ പൊതുവിൽ. ഒരു സദാചാര പോലീസ് മിക്കവാറും എല്ലാ മലയാളിയിലുമുണ്ട്. ചിലർ സദാചാരഗുണ്ടകളായി മാറുന്നു.

കേരളത്തിൽ പൊതുവിൽ പ്രണയിക്കുന്നവരെ ഭൗതികമായി കയ്യേറ്റം പ്രത്യക്ഷമായി ചെയ്യുന്നതു കുറവായിരുന്നു. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ആശയപരമായും സാമൂഹ്യപരമായും കായികപരമായും പ്രണയിക്കുന്നവരെ ആക്രമിക്കുന്നത് വർദ്ധിക്കുകയാണ്.

ഈ അടിച്ചമർത്തലിന്റെ ഒരു പ്രതിരോധമാണ് KISS OF LOVE (ചുംബനസമരങ്ങൾ) പോലുള്ളവ. ശരീരത്തിന്റെ കമ്പോളവത്ക്കരണത്തിൽ നിന്ന് ജീവിതത്തിലെ അവകാശങ്ങൾ എന്ന രാഷ്ട്രീയ ഇച്ഛാശക്തിയായി സമരം തുടരേണ്ടിയിരിക്കുന്നു.

ആയുധങ്ങൾ കുന്നുകൂടുകയും ആയുധവില്പന വ്യവസായമാകുകയും ചെയ്യുന്ന സമൂഹത്തിൽ പ്രണയം നിഷേധിക്കപ്പെടുന്നത് സ്വാഭാവികം. അടുത്തകാലത്തായി വിവാഹമോചനം വർദ്ധിക്കുന്നു എന്നത് ചർച്ചാവിഷയമാണ്. വിവാഹമോചനം വിവാഹത്തിന്റെ സാദ്ധ്യതയുടെ ഒരു 'ഇൻഡക്സ്' മാത്രമാണ്. വിവാഹമോചനത്തിന്റെ കാരണങ്ങൾ പഠിക്കേണ്ടതുണ്ട്. ഒന്നിച്ച് ജീവിക്കുന്നത് തടയുന്നതിൽ പ്രണയരാഹിത്യം ഒരു ഘടകമാണ്. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിയുടെ ഉപയോഗം പ്രണയരാഹിത്യത്തിനും അസഹിഷ്ണുതയ്ക്കും കാരണമാകുന്നു.

ആർഭാടജീവിതത്തിനോടുള്ള ഭ്രമം പ്രണയം ഇല്ലാതാക്കുന്നു. വെള്ളവും ഭക്ഷണവും കിടപ്പാടവും തുടങ്ങിയ ആവശ്യങ്ങളിൽ നിന്ന് ബി.എം.ഡബ്ല്യു കാറും പത്തുലക്ഷം രൂപയുടെ ബൈക്കും അഞ്ച് ലക്ഷം രൂപയുടെ ചെരുപ്പും ലക്ഷങ്ങളുടെ വാച്ചും കണ്ണടയും മൊബൈലുമൊക്കെ നിത്യജീവിതത്തിലേക്ക് കടന്നുചെല്ലുമ്പോൾ പ്രണയത്തിന് എവിടെ സ്ഥാനം?

പ്രണയത്തെക്കുറിച്ചും ലൈംഗികതയെ കുറിച്ചും ഒരു ഭ്രമാത്മക സങ്കല്പലോകത്തിലാണ് നമ്മൾ. യഥാർത്ഥജീവിതത്തിൽ അതിന്റേതായ പരിമിതികൾ ഉണ്ട്. പ്രണയം അനുഭവിക്കാതെ പ്രണയം തേടിക്കൊണ്ടിരിക്കുന്നവരേയും കാണാറുണ്ട്.

പുതിയ തലമുറയിലെ പ്രണയം വിർചൽ വേൾഡ് ആണ്. അറിവുകൾ പെട്ടെന്ന് കൈമാറാമെങ്കിലും വൈകാരിക പ്രതികരണങ്ങൾ മനസ്സിലാവണമെങ്കിൽ മണ്ണിൽ നിന്നുള്ള ജീവിതാനുഭവങ്ങൾ തന്നെ വേണം. സൈബർ ലോകം ഒരു വശത്ത് പ്രണയത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുമ്പോൾ അതിന്റെ അയഥാർത്ഥത പ്രണയത്തെ തകർക്കുന്നതും തിരിച്ചറിയേണ്ടതുണ്ട്.

എല്ലാ പ്രണയവും ഭർത്താവ് എന്ന വ്യക്തിയിൽ കേന്ദ്രീകരിച്ച് തിരിച്ച് കിട്ടുന്ന ഇത്തിരി പ്രണയവും ഒത്തിരി പരിഭവങ്ങളുമായി തൃപ്തിയോടെ ജീവിക്കാനും മറ്റെല്ലാ ബന്ധങ്ങളേയും സ്വകാര്യതകളെ സ്പർശിക്കാതെ നിശ്ചിത ദൂരത്തിൽ നിർത്താനും ഞാൻ പരിശീലിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതിനപ്പുറം ഒരു പ്രണയം തേടുമ്പോൾ ചിറകു മുളയ്ക്കുന്ന പ്രണയങ്ങളൊന്നും കാണുന്നില്ല.

*ജ്യോതിനാരായണൻ - മാനേജർ, കെൽട്രോൺ കൺട്രോൾസ്, എറണാകുളം*



ഷീബ അമീർ

# കനൽപ്പൂക്കളായി... എന്റെ പ്രണയം



**വെ**ളിച്ചത്തിനോടൊപ്പം പുൽനാമ്പിലേക്ക് പെയ്തിറങ്ങുന്ന മഞ്ഞിൻകണങ്ങളെപ്പോലെ മനസ്സിലേക്ക് പ്രണയം പെയ്തിറങ്ങി നനവു പടർത്താൻ തുടങ്ങുന്ന കാലം.

മുറിയിൽ മറന്നുവെച്ച മുത്തുമാല തിരികെയെടുക്കാൻ ചെല്ലുമ്പോൾ ചേർത്തുനിർത്തി അവനത് കഴുത്തിലിട്ടു തന്നു. അതോ കഴുത്തിലിട്ട് തരാൻ വേണ്ടിയാണോ മറന്നുവെച്ചത്! അവന്റെ ചിക്കിപ്പറന്ന് കിടക്കുന്ന മുറി അടുക്കിയൊതുക്കിവെക്കുമ്പോൾ പുറകിൽ വന്നുനിൽക്കുന്ന കരിമീശക്കാരൻ. അവനെ കണ്ട നിമിഷം രക്ഷപ്പെട്ടോടാൻ ശ്രമിക്കുമ്പോൾ തടഞ്ഞുനിർത്തി വാതിലിന്റെ മറവിൽ ചാരിനിർത്തി ചുംബനം കട്ടെടുത്തവൻ. അവന്റെ കൈ പിടുത്തത്തിൽ ഉടയുന്ന കരിവളകൾ. കാറ്റിന് അഭിമുഖമായി സൈക്കിളിന്റെ തണ്ടിൽ അവന്റെ കരവലയത്തിലൊതുങ്ങുന്ന സുഖമറിഞ്ഞ് ഒരു യാത്ര അന്നുതൊട്ടേ സ്വപ്നം കണ്ടു.

കൗമാരം തൊട്ടേ എന്റെ പ്രണയം ഒരു ബിന്ദുവിൽ തങ്ങിനിന്നിട്ടില്ലായിരുന്നു. മുടിയിൽ മുല്ലപ്പൂ ചൂടി മിഡിയും ടോപ്പുമിട്ട ടൗണിലെ പരിഷ്കാരി പെൺകുട്ടി. ഗ്രാമത്തിലെ വേലികൾ കൊണ്ട് മാത്രം വേർതിരിച്ച പറമ്പുകളിലൂടെ, പാടവരമ്പത്തുകൂടെ അവന്റെ പിന്നാലെ നടക്കുകയാണ്. കണ്ടു നിൽക്കുന്ന ചെക്കന്മാർ പതുക്കെ മൂളി "മുല്ലപ്പൂമണം വീശും മൊഞ്ചത്തി പുതുനാരി... ഇതാവരുന്നിതാവരുന്നേയ്..." ഉള്ളിൽ ഒരു പുഞ്ചിരി വിരിഞ്ഞെങ്കിലും എന്റെ പ്രണയം വഴിയിൽ കൊഴിഞ്ഞു കിടന്ന വാഴപ്പൂ

ക്കൾക്കുള്ളിലെ നുകരാതെ ബാക്കി കിടന്ന തേൻകണങ്ങളിലെ മധുരം തേടി.

കോളേജിലെ ഗാലറിക്ലാസ്സിലെ ബ്ലാക്ക്ബോർഡിനു മുന്നിലെ ഫ്ളാറ്റ് ഫോമിൽ കയറി നിന്ന് അവൻ ഒരു ചെമ്പകപ്പൂ ഉയർത്തിക്കാട്ടി. എന്റെ മുടിയിഴകളിൽ നിന്ന് കൂട്ടുകാരി അടർത്തിമാറ്റിയെടുത്തുകൊടുത്ത ചെമ്പകപ്പൂവിന്റെ ഹൃദയം നുള്ളിയെടുത്ത് വായിലേക്കിട്ട് നൂറ്റിപ്പത്ത് കുട്ടികൾക്ക് മുന്നിൽ വെച്ചവൻ പ്രഖ്യാപിച്ചു "ഈ ഹൃദയം ഇനിയാരും കൊണ്ടുപോകരുത്". തിരികെ എന്റെ ഡസ്കിനു മുന്നിൽ ഹൃദയം നുള്ളിയെടുത്തുതിന്ന ചെമ്പകപ്പൂ കൊണ്ടുവെക്കുമ്പോൾ അവന്റെ മുഖത്തൊരു ധാർഷ്ട്യം ഉണ്ടായിരുന്നു. ജനവാതിലിലൂടെ ആ ചെമ്പകപ്പൂ അവൻ കാൺകെ പുറത്തേക്ക് വലിച്ചെറിയുമ്പോൾ പുറത്ത് പൂത്തു നിന്ന പാലപ്പൂ മണം നിനക്കുവേണ്ടി ഞാനിവിടെ വിരിഞ്ഞിട്ടുണ്ടെന്ന മന്ത്രം കാറ്റിന്റെ കയ്യിൽ കൊടുത്തയച്ചത് ഞാൻ തിരിച്ചറിഞ്ഞിരുന്നു. പുസ്തകത്തിനുള്ളിൽ അവൻ വെച്ചു തന്ന പ്രേമലേഖനത്തിൽ "നിന്റെ കയ്യിലെ ചെങ്കൊടി ഇറക്കിവെക്ക്, എങ്കിൽ എന്റെ പ്രണയം നിനക്കെന്ന" വരികളിലെ ഉപാധികൾ കണ്ണിൽപ്പെട്ടപ്പോൾ മനസ്സിന്റെ തിരസ്ക്കാരം ഞാൻ വീണ്ടും അറിഞ്ഞു. നീട്ടിയ കൈവിരലുകൾ ബ്ലേഡുകൊണ്ട് മുറിച്ച് എന്നെ സ്നേഹിക്കുന്നുവോ എന്നു ഞാൻ പരീക്ഷിക്കുമ്പോൾ, പിൻവലിക്കാതെ നീട്ടിത്തന്ന വിരലിന്റെ ചോരപൊടിയുന്ന മുറിവിലേക്ക് നോക്കി ഞാൻ ഉറച്ചു, പ്രണയം പരീക്ഷിച്ചറിയേണ്ടതല്ലെന്ന്... ആ വിരൽത്തുമ്പിൽ പൊടിഞ്ഞ ചോര ചുണ്ട് കൊണ്ട് ഒപ്പിയെടുക്കുമ്പോൾ അടുത്ത വീട്ടിലെ ജനലിനപ്പുറം രണ്ടു കണ്ണുകൾ ഈറനണിയുന്നത് ഞാൻ അറിഞ്ഞു. നേടിയെടുക്കേണ്ടതല്ല മറിച്ച് വിട്ടുകൊടുക്കേണ്ടതാണ് പ്രണയം എന്ന് അന്നേ ഉറപ്പിച്ചു. അവിടെ പ്രണയത്തെ കരളിലമർത്തി കണ്ണുകൾ ഇറുക്കിയടച്ചു.



മേഘപാളികളിലെ നക്ഷത്രങ്ങൾ പതിച്ച വഴിത്താരയിൽ എന്റെ പ്രണയം ചുവടുവെച്ചു. എന്റെ വിരലുകൾ നിന്റെ മുടിയിഴകളിൽ കോർത്തു. വാകമരച്ചുവട്ടിലെ കൊഴിഞ്ഞ പൂക്കളിൽ എന്റെ പ്രണയം തളർന്നു കിടന്നു. നിന്റെ കണ്ണുകളിലെ പൗർണ്ണമി നിലാവിൽ എന്റെ പ്രണയം മയങ്ങി... എന്നിട്ടും നീ കണ്ണിൽ തെളിഞ്ഞില്ല. തുറന്ന കൺപോളകൾക്കു മുന്നിൽ നീ അദൃശ്യനായി...

പിന്നെ പ്രണയം നിറഞ്ഞ കരൾവിത്തിനെ അപ്പാടെ കുഴിച്ചിട്ടു. താഴേക്ക് വളർന്ന ഒരുപാട് വർഷങ്ങൾ.

കരൾ കനൽക്കട്ടയായി മാറിയ കാലങ്ങളിൽ ഉള്ളിലൊരു അഗ്നിച്ചെടി തളിർത്തു. ഉള്ള് കത്തിയമരുമ്പോഴും വിധിയുടെ ഓരോ പ്രഹരമേൽക്കുമ്പോഴും അതിൽ വിരിഞ്ഞ കനൽപ്പൂക്കൾ ചിതറി വീണും അവ ഉയർന്നു പൊങ്ങി... മിന്നാമിനുങ്ങുകളായി... വീണ്ടും വീണ്ടും ഉയർന്നുപൊങ്ങി ഇരുളിലേക്ക് വെളിച്ചം ഒഴുക്കുന്ന നിലാവായി... ആ നിലാവിന് കടലിനെ

പോലും ഇളക്കിമറിക്കാൻ കരുത്തുണ്ടായി... വേലിയേറ്റവും വേലിയിറക്കവും പോലെ എന്റെ നിലാപ്രണയം പ്രപഞ്ചത്തിലെ ഓരോ അണുവിനോടും ഞാൻ ചേർത്തു വെച്ചു.

അപ്പോഴും  തളരുമ്പോൾ കവിൾചേർത്തുവെക്കാൻ നിന്റെ നെഞ്ചിൻകൂട് ഞാൻ തെരഞ്ഞു കൊണ്ടേയിരുന്നു. അദൃശ്യനായി എത്രയോ തവണ നീ എന്നിൽ വന്നു. നിന്റെ ശ്വാസം എന്നിൽ പതിഞ്ഞു... ഹൃദയം നുരഞ്ഞ് തുളുമ്പി ഒഴുകി... നിന്റെ വിരലിന്റെ താളലയത്തിൽ പാവാട വിടർത്തിപ്പിടിച്ച് വട്ടമിട്ടു എന്റെ പ്രണയം. മേഘപാളികളിലെ നക്ഷത്രങ്ങൾ പതിച്ച വഴിത്താരയിൽ എന്റെ പ്രണയം ചുവടുവെച്ചു. എന്റെ വിരലുകൾ നിന്റെ മുടിയിഴകളിൽ കോർത്തു. വാകമരച്ചുവട്ടിലെ കൊഴിഞ്ഞ പൂക്കളിൽ എന്റെ പ്രണയം തളർന്നു കിടന്നു. നിന്റെ കണ്ണുകളിലെ പൗർണ്ണമി നിലാവിൽ എന്റെ പ്രണയം മയങ്ങി... എന്നിട്ടും നീ കണ്ണിൽ തെളിഞ്ഞില്ല. തുറന്ന കൺപോളകൾക്കു മുന്നിൽ നീ അദൃശ്യനായി... വിരഹം ഉള്ളിൽ എന്നും നോവായി. ആ നോവറിയുന്തോറും പ്രണയമെന്ന സത്യം ഞാനറിഞ്ഞു. ആ നോവിൽ നിന്ന് ഒരിക്കലും മോചനം വേണ്ടതില്ല എന്ന്, എന്റെ പ്രാണന്റെ ഉണർവ്വാണ് ഈ നോവേറുന്ന പ്രണയം എന്ന് അടിവരയിട്ടു.

അങ്ങിനെ എന്റെ പ്രാണനിലാണ് എന്റെ പ്രണയം എന്റെ കാഴ്ചയിലല്ല എന്ന് വാശിപിടിച്ച് പറഞ്ഞുകൊണ്ടിരുന്ന നാളുകളിലാണ് അവന്റെ മുഖം പതുക്കെ പതുക്കെ എന്റെ കരളിൽ തെളിഞ്ഞത്.  കണ്ണുകൾ ഇറുക്കിയടച്ച് മുഖം തലയിണയിൽ അമർത്തിവെച്ച് അവനെ കരളിൽ നിന്നു മായ്ക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. മറവിയുടെ ഇരുളിലേക്ക് അവനെ തള്ളിയിട്ട് ഉറങ്ങിയാലും പുലരും മുമ്പേ കൂടുതൽ ശോഭയോടെ മനസ്സിൽ പൊൻവെയിൽ കിരീടവുമായി അവൻ എന്നും ഉദിച്ചു. എന്റെ നിലനിൽപ്പുതന്നെ അവൻ തരുന്ന ചൂടുംവെളിച്ചവുമായിരുന്നു. സൂര്യനെ തത്ക്കാലത്തേക്കെങ്കിലും മറയ്ക്കുന്ന ഗ്രഹണം പോലും സഹിക്കാൻ പറ്റുന്നില്ലായിരുന്നു എനിക്ക്. അവനെ നോക്കിയ, അവൻ നോക്കിയ കണ്ണുകളിൽ മറ്റൊന്നും തെളിഞ്ഞില്ല. ഹൃദയത്തിന്റെ ആകൃതിയിലുള്ള ഇലകൾ നിറഞ്ഞ വള്ളിപ്പടർപ്പിലെ വയലറ്റുപൂവിന്റെ ഇതളുകൾ കാറ്റിൽ വിറയ്ക്കും പോലെ അവനെക്കുറിച്ചുള്ള ആലോചനകളിൽ മനസ്സു പിടഞ്ഞു. പവിഴമല്ലി പൂവിതളിൽ നിറഞ്ഞ മഞ്ഞിൻകണങ്ങൾ പോലെ അവൻ എന്നിൽ നിറഞ്ഞ് ആർദ്രമായി... കാണണം, ചേർന്നി



പവിഴമല്ലി പൂവിതളിൽ നിറഞ്ഞ മഞ്ഞിൻകണങ്ങൾ പോലെ അവൻ എന്നിൽ നിറഞ്ഞ് ആർദ്രമായി... കാണണം, ചേർന്നിരിക്കണം. അവൻ ഞരമ്പുകളിലേക്കും പടന്നു കയറിത്തുടങ്ങി... എന്റെ ഓരോ തുള്ളി രക്തവും ഓരോ ശ്വാസവും നിന്റെ പേരു പറയുമെന്ന് ഞാൻ അവനോട് പറഞ്ഞുകൊണ്ടേയിരുന്നു. അവന്റെ കഴുത്തിലണിയുന്ന ഒരു ഹാരമെങ്കിലും ആകണം. ആഗ്രഹങ്ങളുടെ ഘോഷയാത്ര. ഒപ്പം ബുദ്ധിയുടെ കടന്നുകയറ്റം. അരുത്... അവൻ എനിക്ക് ഉത്തരം തരുന്ന ദൈവം മാത്രമാണ്. ഞങ്ങൾ തമ്മിലുള്ള ദൂരം തെല്ലൊന്ന് കുറഞ്ഞാൽ ഞാൻ വാടിക്കരിഞ്ഞുപോകും. പിന്നെ അവനോട് ചേർത്തുവെക്കുന്ന എന്റെ ആഗ്രഹങ്ങൾ അവന്റെ ദാനമാകേണ്ടി വരും. അവനോട് ഞാൻ പറയാൻ വെമ്പുന്ന വാക്കുകൾ അനാഥമായിപ്പോകും. എന്റെ വേരുകൾ ഇവിടെ ഉറച്ചുപോയിരുന്നു.

രിക്കണം. അവൻ ഞരമ്പുകളിലേക്കും പടന്നു കയറിത്തുടങ്ങി... എന്റെ ഓരോ തുള്ളി രക്തവും ഓരോ ശ്വാസവും നിന്റെ പേരു പറയുമെന്ന് ഞാൻ അവനോട് പറഞ്ഞുകൊണ്ടേയിരുന്നു. അവന്റെ കഴുത്തിലണിയുന്ന ഒരു ഹാരമെങ്കിലും ആകണം. ആഗ്രഹങ്ങളുടെ ഘോഷയാത്ര. ഒപ്പം ബുദ്ധിയുടെ കടന്നുകയറ്റം. അരുത്... അവൻ എനിക്ക് ഉത്തരം തരുന്ന ദൈവം മാത്രമാണ്. ഞങ്ങൾ തമ്മിലുള്ള ദൂരം തെല്ലൊന്ന് കുറഞ്ഞാൽ ഞാൻ വാടിക്കരിഞ്ഞുപോകും. പിന്നെ അവനോട് ചേർത്തുവെക്കുന്ന എന്റെ ആഗ്രഹങ്ങൾ അവന്റെ ദാനമാകേണ്ടി വരും. അവനോട് ഞാൻ പറയാൻ വെമ്പുന്ന വാക്കുകൾ അനാഥമായിപ്പോകും. എന്റെ വേരുകൾ ഇവിടെ ഉറച്ചുപോയിരുന്നു. എന്റെ പ്രണയത്തിന് അവനിലേക്ക് വളരാനേ കഴിയുമായിരുന്നുള്ളൂ. ഒരിക്കലും എത്താനാകുമായിരുന്നില്ല. ഞങ്ങൾക്കിടയിലുള്ള അകലം അത്രയ്ക്കേറെയായിരുന്നു. അരുത് മനസ്സ് പറഞ്ഞുകൊണ്ടേയിരുന്നു. ബുദ്ധി വിലക്കിക്കൊണ്ടും. കുറച്ച് ആഗ്രഹസാധ്യത്തിനു വേണ്ടി എന്റെ അനശ്വരമായ പ്രണയം ഞാൻ ഉപേക്ഷിക്കുകയില്ല. ഏഴ് കുതിരകളെ പൂട്ടിയ മനസ്സിന്റെ കടിഞ്ഞാൺ ബുദ്ധിയിൽ ചുറ്റിവലിച്ച് മനസ്സിനെ നിയന്ത്രിച്ചു. അങ്ങനെയാണ് നീയെന്ന കണ്ണീർക്കണം ഉറഞ്ഞ് വെള്ളാരംകല്ലായി എന്റെ കരളിലൊളിച്ചത്. അതിനെ പൊടിച്ചിട്ടാണ് എന്റെ ചിന്തകളെ ഞാൻ മൂർച്ചകൂട്ടാറുള്ളത്. ഇരുളിലേക്ക് വെളിച്ചമായി പരക്കണമെന്ന എന്റെ ചിന്തയെ.

പ്രപഞ്ചത്തിലെ ഓരോ അണുവും പൂക്കളും പുൽനാമ്പുകളും പുഴയും കിളികളും പൂമ്പാറ്റയും നക്ഷത്രങ്ങളും ചന്ദ്രനും സൂര്യനും കാറ്റും മഴയും എന്റെ ജീവിതത്തെ അനുഭവതീവ്രമാക്കിയിട്ടുണ്ട്. അതെല്ലാം എന്റെ പ്രണയഭാവമായിരുന്നു. ജീവിതത്തോട്, ഭൂമിയോട് ഈ പ്രപഞ്ചത്തോടുള്ള അഗാധമായ ബന്ധത്തിലാണ്



എന്റെ പ്രണയം. ദൃശ്യാദൃശ്യപ്രപഞ്ചം മുഴുവൻ കലർന്നിട്ടുള്ള എന്റെ പ്രണയം.

നിലാവ് കടലിനെ വേലിയേറ്റം പോലെ താമരയും സൂര്യനും പോലെ, ദൂരം കൂടുന്തോറും എന്നിലേക്ക് നോവായി ആഴ്ന്നിറങ്ങുന്ന പ്രണയം. നിത്യസാന്നിദ്ധ്യത്തിലും നിത്യവിരഹത്തിന്റെ അവസ്ഥ.

എങ്കിലും ഏതു നിമിഷവും മനസ്സിൽ തെളിയാനിടയുള്ള ഒരു മുഖം എവിടെയോ ഉറങ്ങുന്നു... എന്റെ ഉതിർമുല്ലയിൽ ആയിരക്കണക്കിന് പൂക്കൾ വിരിയുന്ന കന്നിമഴയിൽ അവൻ വന്ന് എന്റെ അടഞ്ഞ കൺപോളകളിൽ മുത്തമിട്ട് എന്റെ മുന്നിൽ തെളിയുമെന്നും അന്ന് എന്റെ ഹൃദയം അവന്റെ ഹൃദയത്തിൽ മിടിക്കുമെന്നും സ്വപ്നം കണ്ടൊരു യാത്രയാണ്. ജീവിതം നിന്നിലേക്കുള്ള യാത്രയാണെങ്കിലും... നിന്നിലേക്കെത്തുമ്പോൾ ഞാൻ ഞാനല്ലാതാവും. ഞാനും നീയും ഒന്നായി ലയിക്കുക മാത്രം ചെയ്യുന്ന യാത്ര. കൊടുക്കലും സ്വീകരിക്കലും ഒന്നാകുന്ന നിമിഷം. പുഴ കടലിലേക്കെന്ന പോലെ മഴ മണ്ണിലേക്കെന്നപോലെ സുഗന്ധം കാറ്റിലേക്കെന്നപോലെ... മരണമെന്ന ശാന്തതയിൽ ലയിക്കുന്ന യാത്ര. ●

*ഷീബ അമീർ - സെക്രട്ടറി, സൊലസ്, തൃശൂർ*



സ്മിത പി.കുമാർ

# ലൗ ഫെസ്റ്റോ

'വർഗീയതക്കും ഫാഷിസത്തിനുമെതിരെ പ്രണയം ഒരു സാധ്യതയാണ്' എന്നതായിരുന്നു ഈ പരിപാടിയുടെ മുദ്രാവാക്യം.

മനുഷ്യരുടെ സാമൂഹിക ജീവിതം ഉരുത്തിരിയുന്നത് അവർക്കിടയിൽ നിലനിന്നുപോരുന്ന നിരവധി അധികാരബന്ധങ്ങളിലൂടെയാണ്. അവയിലൂടെ മനുഷ്യർ സൃഷ്ടിക്കുന്ന സ്വത്വബോധങ്ങളും, അനുശീലനങ്ങളും പലപ്പോഴും നൈസ്സർഗികമായ ജൈവതൃഷ്ണകളെ പകരം വെച്ചു നേടുന്നതായിരിക്കും. ഇത്തരം സാമൂഹ്യവൽക്കരണപ്രക്രിയകൾ തീർക്കുന്ന അതിരുകളും, അസ്വാഭാവികതകളും അതിലംഘിച്ചുള്ള മനുഷ്യന്റെ ഇടപെടലുകൾ എക്കാലവും മതസാമുദായിക സംഘടനകൾക്കും വർഗ്ഗീയരാഷ്ട്രീയത്തിനും കമ്പോളതാൽപര്യങ്ങൾക്കും വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. സ്വച്ഛന്ദവും, ജൈവികവുമായ മാനുഷികപാരസ്പര്യങ്ങൾക്ക് ഇത്തരം മർദ്ദക ചൂഷക  സംവിധാനങ്ങൾ നിയന്ത്രണം ഏർപ്പെടുത്തുന്നതിലൂടെയാണ് വർഗ്ഗീയത സമൂഹത്തിൽ നിലയുറപ്പിക്കുന്നതും ,പിന്നീടതു  ഫാഷിസ്റ്റ് മാനം കൈവരിക്കുന്നതും .

ഇക്കഴിഞ്ഞ ഉത്തർപ്രദേശ് തെരഞ്ഞെടുപ്പു സമയത്ത് അവിടുത്തെ സംഘപരിവാർ പ്രസ്ഥാനങ്ങളുടെയും ,ബി.ജെ.പി. യുടെയും തെരഞ്ഞെടുപ്പു ക്യാംപയിനിൽ മുഖ്യമായി ഉയർന്നു വന്ന ഒരു വിഷയമായിരുന്നു ലവ് ജിഹാദ് . പിന്നീട് എ.ബി.വി.പി യുടെ നേതൃത്വത്തിൽ ക്യാമ്പസുകളിലും സർവകലാശാലകളിലും വിഭിന്നമത പ്രണയങ്ങളെ ചെറുക്കുന്നതിനായുള്ള പ്രത്യേക സേനയും രൂപീകരിക്കുകയുണ്ടായി. ഈ ഒരു പശ്ചാത്തലത്തിൽ വർഗീയ രാഷ്ട്രീയങ്ങൾ അവരുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വേണ്ടി പ്രണയത്തെ ബലിയാടാക്കുന്നത് കണ്ടപ്പോഴാണ് പ്രണയത്തിന്റെയും മനുഷ്യബന്ധങ്ങളുടെയും രാഷ്ട്രീയം ചർച്ച ചെയ്യുന്ന ഒരു പരിപാടിയെക്കുറിച്ചു യൂത്ത്ഡയലോഗ് കൂട്ടായ്മ ആലോചിക്കുന്നത്. പിന്നീട് ചുംബനസമരമടക്കമുള്ള കേരളത്തിന്റെ ഒരു സവിശേഷ രാഷ്ട്രീയ കാലാവസ്ഥയിൽ ഈ പരിപാടി ഒരു വിശാലാർത്ഥത്തിൽ യുവജനങ്ങൾ ഏറ്റെടുക്കുകയായിരുന്നു.



'വർഗീയതക്കും ഫാഷിസത്തിനുമെതിരെ പ്രണയം ഒരു സാധ്യതയാണ്' എന്നതായിരുന്നു ഈ പരിപാടിയുടെ മുദ്രാവാക്യം. പ്രായപൂർത്തിയായ സ്ത്രീക്കും പുരുഷനും ഇടയിൽ സഹജമായും, സ്വാഭാവികമായും ഉടലെടുക്കുന്ന പ്രണയം കൈകാര്യം ചെയ്യപ്പെടേണ്ട കുറ്റകൃത്യമായോ, നിയന്ത്രിക്കപ്പെടേണ്ട സാമൂഹിക പ്രശ്നമായോ ധരിച്ചുവശാവുന്ന "സദാചാര വാദി സംഘങ്ങൾ" പൊട്ടി മുളച്ചു കൊണ്ടിരിക്കുന്ന നിലവിലെ സാമൂഹികാന്തരീക്ഷത്തിൽ, അധികാരത്തിന്റെ ആധിപത്യ ശക്തിയോട് കൂടി ഉയർന്നു വരുന്ന ഫാഷിസ്റ്റ് പ്രവണതകൾക്കെതിരെ അതിരുകളില്ലാത്ത പ്രണയത്തിന്റെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുക എന്നതായിരുന്നു ലവ് ഫെസ്റ്റൊയുടെ പ്രധാന ലക്ഷ്യം.

പ്രണയം ശരീരം രാഷ്ട്രീയം, പ്രണയം സദാചാരം വർഗീയത, പ്രണയം കല സംസ്കാരം, പ്രണയം പ്രതിബന്ധങ്ങൾ പ്രതിരോധം, മതേതര സാമൂഹികതയുടെ ഭാവിസ്വരൂപങ്ങൾ എന്നിവയൊക്കെയായിരുന്നു ലവ് ഫെസ്റ്റൊ അഭിസംബോധന ചെയ്യുകയും, സജീവമായ ചർച്ചകൾ നടത്തിയതുമായ വിഷയങ്ങൾ. ഈ വിഷയങ്ങളിൽ ഒരേ സമയം നാലിടങ്ങളിലായി നടന്ന നാല് ഓപ്പൺ ഫോറങ്ങളോട് കൂടിയാണ് പരിപാടികൾ ആരംഭിച്ചത്. പിന്നീട് വിവിധ ഭാഗങ്ങളിൽ നിന്നായി എത്തിയ മുഴുവൻ ആളുകളും ചേർന്ന് പാട്ടും മുദ്രാവാക്യങ്ങളും തെരുവുനാടകങ്ങളും ആയി അങ്കമാലി ടൗണിലേക്ക് പ്രകടനമായി നീങ്ങി. വൈകീട്ട് നടന്ന കലാപരിപാടികളിൽ നാടകങ്ങളും നൃത്തവും ബാവുൾ സംഗീതവുമെല്ലാം അരങ്ങേറി. രണ്ടാമത്തെ ദിവസം രാവിലെ


**പ്രണയം ശരീരം രാഷ്ട്രീയം, പ്രണയം സദാചാരം വർഗീയത, പ്രണയം കല സംസ്കാരം, പ്രണയം പ്രതിബന്ധങ്ങൾ പ്രതിരോധം, മതേതര സാമൂഹികതയുടെ ഭാവിസ്വരൂപങ്ങൾ എന്നിവയൊക്കെയായിരുന്നു ലവ് ഫെസ്റ്റൊ അഭിസംബോധന ചെയ്യുകയും, സജീവമായ ചർച്ചകൾ നടത്തിയതുമായ വിഷയങ്ങൾ. ഈ വിഷയങ്ങളിൽ ഒരേ സമയം നാലിടങ്ങളിലായി നടന്ന നാല് ഓപ്പൺ ഫോറങ്ങളോട് കൂടിയാണ് പരിപാടികൾ ആരംഭിച്ചത്.**




തന്നെ പ്രമുഖ തിയ്യേറ്റർ ആക്ടിവിസ്റ്റ് പ്രണബ് മുഖർജി അവതരിപ്പിച്ച നാടകവും പിന്നീട് ആനന്ദ് പട്‌വർധന്റെ ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരുന്നു. പ്രദർശനത്തിനു ശേഷം ആനന്ദ് പട്‌വർധനുമായുള്ള സംവാദവും ഉണ്ടായിരുന്നു. ഇതേ ദിവസം നടന്ന മതേതര ജീവിത സംഗമത്തിൽ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി മതേതര ജീവിതം നയിക്കുന്ന അനേകം പേർ എത്തിയിരുന്നു. തമിഴ്നാട്ടിലെ ധർമപുരിയിൽ ജാതിക്കോമരങ്ങൾ കൊന്നൊടുക്കിയ ഇളവരശന്റെ അച്ഛൻ ഇളവങ്കോയാണ് മതേതര ജീവിത സംഗമം ഉദ്ഘാടനം ചെയ്തത്.

പീപ്പിൾ എഗൈയിൻസ്റ്റ് ഫാഷിസം എന്ന ഒരു പൊതു ബാനറിലാണ് ഈ പരിപാടി സംഘടിപ്പിക്കപ്പെട്ടത്. പരിപാടിയുടെ സംഘാടകർക്ക് നേരെയുള്ള പോലീസിന്റെയും ഐ.ബി ഉദ്യോഗസ്ഥരുടെയും ശല്യം രൂക്ഷമായപ്പോൾ വി.എസ്.സുനിൽകുമാർ എം.എൽ.എ, പി.രാജീവ് എം.പി , തുടങ്ങിയവരെ രക്ഷാധികാരികളാക്കി 'പീപ്പിൾ എഗയിൻസ്റ്റ് ഫാഷിസം' എന്ന പേരിൽ ഒരു പൊതു സംഘാടകസമിതി രൂപീകരിക്കുകയായിരുന്നു.




സംഘാടനവുമായി ബന്ധപ്പെട്ടു നിരവധി പ്രതിബന്ധങ്ങൾ ഉയർന്നിരുന്നു .പരിപാടിയുടെ ആദ്യ സംഘാടക യോഗത്തിൽ തന്നെ പോലീസിന്റെയും ഐ.ബി ഉദ്യോഗസ്ഥരുടെയും പ്രാതിനിധ്യം ഉണ്ടായിരുന്നു. പിന്നീട് പലപ്പോഴായി അവർ നമ്മെ പിന്തുടരുകയും, സംഘാടകരുടെ വീടുകളിൽ ചെന്ന് അവർക്ക് മാവോയിസ്റ്റ് ബന്ധമുണ്ടോ എന്ന് അന്വേഷിക്കുകയും അവിടങ്ങളിൽ ഭീകരത സൃഷ്ടിക്കുകയും ചെയ്തിരുന്നു. പിന്നീട് പരിപാടിക്ക് വേണ്ടി നാം തെരഞ്ഞെടുത്തിരുന്ന പ്രസിഡൻസി ക്ലബ് എന്ന അങ്കമാലിയിലെ ഒരു സ്വകാര്യ ക്ലബ്ബിന്റെ അധികൃതരെ വിളിച്ചു സ്ഥലം നല്കരുത് എന്ന് പറഞ്ഞു ഭീഷണിപ്പെടുത്തിയിരുന്നു. പരിപാടി സ്ഥലത്തും വളരെ മോശമായ രീതിയിലായിരുന്നു പോലീസ് ഇടപെട്ടിരുന്നത്. അൻപതിലധികം പോലീസുകാരെ വിന്യസിച്ചു. എന്തോ ഒരു ഭീകര പരിപാടി ഇവിടെ നടക്കുന്നു എന്ന തോന്നൽ ഉണ്ടാക്കാൻ പോലീസ് പരമാവധി ശ്രമിച്ചിരുന്നു. പക്ഷെ ഇത്തരം പ്രതിബന്ധങ്ങൾക്കിടയിലും പരിപാടിക്ക് വലിയ ജനപങ്കാളിത്തവും പിന്തുണയും ലഭിച്ചിരുന്നു.

രണ്ടു ദിവസങ്ങളിലായി ആയിരത്തിനടുത്തു ആളുകൾ രജിസ്റ്റർ ചെയ്തവർ മാത്രമുണ്ടായിരുന്നു. കേരളത്തിലെ രാഷ്ട്രീയ സാംസ്കാരിക സിനിമാ സാഹിത്യ മേഖലകളിലെ ഒട്ടനേകം പേർ എത്തിയത് പരിപാടിയെ കൂടുതൽ വൈവിധ്യമുള്ളതാക്കിയിരുന്നു. കേരളത്തിനു പുറത്തു നിന്നും ആളുകൾ എത്തിയിരുന്നു. ഒട്ടും മോശമല്ലാത്ത പ്രതികരണങ്ങളാണ് പങ്കെടുത്തവരിൽ നിന്നും ലഭിച്ചത് .

പ്രണയത്തെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പ്രദായിക സദാചാര സങ്കൽപ്പങ്ങൾക്കും നാട്ടു നടപ്പുകൾക്കും അപ്പുറത്തുള്ള തുറന്നിടങ്ങളിലേക്ക് മനുഷ്യബന്ധങ്ങളെ സ്വതന്ത്രമാക്കുന്നതിനും,അതു വഴി കാതലുള്ള, കരുതലുള്ള ,സമഭാവനയുള്ള പ്രണയത്തിലൂടെ ഒരു പുതിയ സമൂഹികാന്തരീക്ഷം സൃഷ്ട്ടിക്കാനുമുള്ള ഒരു ചിന്തയ്ക്ക് വിത്തു പാകാൻ ലവ് ഫെസ്റ്റോ ഹേതുവാകും എന്ന് തന്നെ കരുതുന്നു.






**കവർസ്റ്റോറി**



**ഹസീന വി.എ.**



# പ്രണയത്തിന്റെ പാതകൾ

*സ്ത്രീയുടെ പ്രേമം പറ്റിക്കഴിഞ്ഞുവെന്ന് ബോധ്യപ്പെടുന്ന നിമിഷം മുതൽ കാമുകൻ സ്വതന്ത്രനായി മാറുന്നു. അയാളുടെ ഹൃത്തടം പ്രശാന്തമായ ഒരു കടലായിത്തീരും. ഇനി അയാൾക്ക് മറ്റൊരു നായാട്ടിന് പുറപ്പെടാം.*

– മാധവിക്കുട്ടി

സ്ത്രീയുടെ സൗന്ദര്യം വാനോളം പുകഴ്ത്തിയ ഭാവഗായകൻമാർക്കിടയിലെ സൗന്ദര്യബോധം പലപ്പോഴും എത്തിച്ചേരുന്നത് ഭയാനകമായ പകപോക്കലിന്റെ അറ്റത്താണ്. ഒരു ദേശത്തിന്റെ മൂല്യകൽപ്പനകളുടെ കാവൽക്കാരായ മനുഷ്യർ എങ്ങിനെ ഇത്രയും നീചരാകുന്നു. സ്ത്രീക്ക് സൗന്ദര്യം ശാപമാണ് എന്ന് പലരും പറഞ്ഞിട്ടുള്ള വാക്കുകൾ പലപ്പോഴും ശരിയാണെന്ന് തോന്നിപ്പോകും. ആധുനികതയുടെ കുത്തൊഴുക്കിൽ സ്ത്രീയെ വെറും ഒരു കമ്പോളവസ്തുവാക്കി മാറ്റാനുള്ള ശ്രമം സ്ത്രീ ശാക്തീകരണത്തിലൂടെ അസാധ്യമായി.

സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ച് വരുന്നത് പലപ്പോഴും കാലാനുസൃതമായ മാറ്റങ്ങളോടെയാണ്. അവളെ അംഗീകരിക്കാനോ, പ്രോൽസാഹിപ്പിക്കാനോ നമുക്ക് കഴിയുന്നില്ല. കാരണം സമൂഹം വെറുക്കുന്നത് അവളുടെ സൗന്ദര്യത്തെയും കഴിവിനെയുമാണ്. വളരെ ശാന്തമായ സ്വരത്തിൽ ഒരിക്കൽ എന്റെ ഒരു സുഹൃത്ത് എന്നോട് പറയുകയുണ്ടായി വിവാഹം കഴിഞ്ഞ് എട്ട് വർഷമായി. ഇന്നും ഞാൻ പ്രണയിക്കുകയാണ്

അദ്ദേഹത്തെ! പക്ഷേ ഒരിക്കലും അദ്ദേഹം തിരിച്ചറിയുന്നില്ല എന്റെ ഉള്ളിലുള്ള പ്രണയം. പുലർച്ചെ മുറ്റമടിക്കാനായി ചൂലെടുക്കുമ്പോൾ കൈകൾക്കുണ്ടായ ഒരു മരവിപ്പ്. ചെമ്പകപ്പൂവിന്റെ ഗന്ധം നേരിയ ഇരുട്ടിലൂടെ എന്നെ വന്ന് പുണരുമ്പോൾ സത്യത്തിൽ ഞാൻ വിങ്ങുകയായിരുന്നു. തലേന്ന് രാത്രി എന്റെ മനസ്സ് കാണാതെ വാട്ട്സ്ആപ്പിലെ സുന്ദരിമാരുടെ കൂടെ ചിലവഴിച്ച എന്റെ ഭർത്താവിനെക്കുറിച്ച് ഓർത്ത്. എന്തിനും ഏതിനും കുറ്റപ്പെടുത്തലുകൾ. ഒരു നിറമുള്ള സാരി ധരിച്ചാൽ അതിന്റെ ബ്ലൗസ് അദ്ദേഹം കത്രിക വെച്ച് കീറിമുറിച്ചിട്ടുണ്ടാകും.നരച്ചു മങ്ങിയ സാരികളുടെ ബ്ലൗസുകൾ മാത്രം എന്നെ കാത്തിരിപ്പുണ്ടാകും. പലരും പറയും നിന്റെ സൗന്ദര്യം ഈ സാരിയിലും എത്രയാ കൂടിയിരിക്കുന്നതെന്ന്. അദ്ദേഹം ഒരിക്കലും അംഗീകരിക്കുന്നതല്ല അതൊന്നും. നിന്നെപ്പോലെ രൂപഭംഗിയില്ലാത്ത സ്ത്രീകളെ ആർക്ക് വേണം. അവരാണ് നോക്കുകുത്തികൾ. എന്റെ കുട്ടികൾ കളിക്കുന്നത് കാണുമ്പോൾ പലപ്പോഴും സങ്കടപ്പെടും. നിഷ്കളങ്കമായി അവർ കളിക്കുന്നത് കാണാൻ എത്ര രസമാ. പക്ഷെ ഒന്ന് ചിരിക്കാൻ മനസ്സ് തുറന്നൊന്ന് തമാശ പറയാൻ എന്നെക്കൊണ്ട് സാധിക്കുന്നില്ല.

അദ്ദേഹം പറയും, നിന്നെക്കുറിച്ച് മറ്റുള്ളവർ പറയുന്നത് കേൾക്കുമ്പോൾ ഞാൻ ചിന്തിക്കുകയായിരുന്നു സ്ത്രീകൾ കുട്ടികളെ നോക്കി അടുക്കള വേലയും ചെയ്ത് ഇരുന്നാൽ മതീല്ലേ. എന്തിന് നീ പുറത്തിറങ്ങുന്നു. അതും ഭംഗിയുള്ള വസ്ത്രം ധരിച്ച്. എന്തിന് നിനക്ക് ഫോൺ. നിനക്ക് ഞാനുമായി മാത്രം സംസാരിച്ചാൽ പോരെ?



തിരിച്ച് ഈ ചോദ്യം ചോദിക്കാൻ ഞാൻ പലപ്പോഴും ഒരുങ്ങും. എന്റെ ചെവിക്കു നേരെ വരുന്ന കൈകളുടെ ബലം ഓർക്കുമ്പോൾ ഞാൻ ഒന്നും ചോദിക്കാതെ മടങ്ങും.

ഞാൻ മനോഹരമായി ചിത്രം വരക്കുമായിരുന്നു. പക്ഷേ ആരോ പറഞ്ഞ ഒരു കിംവദന്തിയുടെ പേരിൽ അടുത്ത വീട്ടിലെ ഒരു പുരുഷനുമായി എനിക്ക് വളരെ അഗാധമായ പ്രണയമാണെന്ന് എന്റെ ഭർത്താവിന്റെ വീട്ടുകാർ മുദ്രകുത്തി. അത് കേട്ട് എന്റെ ഭർത്താവും... പരസ്പരം മിണ്ടാതെ അന്യരെപ്പോലെ ഒരു വീട്ടിൽ ഞങ്ങൾ കഴിഞ്ഞു. പുറം ലോകത്തിന്റെ കണ്ണിൽ ഞങ്ങൾ പ്രണയം നിലക്കാത്ത ഭാര്യാഭർത്താക്കന്മാർ. പിന്നീടെപ്പോഴോ എന്റെ കുറ്റങ്ങൾ മാത്രം ആരോടോ പറയുന്നതിനിടയിൽ അദ്ദേഹം പറയുകയുണ്ടായി. വീട്ടിൽ വന്നു പൊയ്കൊണ്ടിരിക്കുന്ന ഒരു ഇരുപതുകാരൻ പയ്യനുമായി എന്റെ ഭാര്യ പ്രണയത്തിലാണ്. പക്ഷെ അവൾ എട്ട് മാസം ഗർഭിണിയായിരുന്ന സമയമായിരുന്നത് കൊണ്ട് ഞാൻ അത് വിശ്വസിച്ചില്ല. എന്റെ ശരീരം ഇഞ്ചിഞ്ചായി കീറിമുറിച്ച് ആ മാംസം മാത്രം ഭക്ഷിക്കുന്ന ഒരു നരഭോജിയാണോ എന്റെ ഭർത്താവ് എന്ന് ഞാൻ ചിന്തിച്ചു പോയി.

ഒരു വശത്ത് ശാരീരിക പീഡനം മറുവശത്ത് പതിവ്രതയായ സ്ത്രീയുടെ സ്ത്രീത്വത്തിന് നേരെയുള്ള പ്രഹരം.

എന്നിട്ടും ഞാൻ എന്റെ ഉള്ളിൽ എന്റെ ഭർത്താവിനോടുള്ള പ്രണയത്തിന്

ഞാൻ ഒരു രണ്ടാമൂഴമാണ്. അപ്രതീക്ഷിതമായ പുനർജന്മമാണ്. കരിങ്കൽ ഭിത്തിയിൽ പൊട്ടിമുളച്ച പേരാൽ കുരുന്നാണ്. ശിശിരത്തിലെ വസന്തശോഭയാണ്. ഞാൻ വളരും. വീണ്ടും വീണ്ടും തളിരിടും. പൗർണമികൾ ആവർത്തിക്കപ്പെടും. ഞാൻ പ്രണയിനിയാണ്



ഒരു പുതുവാക്ക് നൽകാൻ കഴിയുമോ എന്ന് ചിന്തിക്കുകയായിരുന്നു.

ഞാൻ എന്റെ മരവിപ്പിൽ നിന്നും ഉണർന്ന ദിനങ്ങളായിരുന്നു പിന്നീട്. അവിചാരിതമായി ഞാൻ പരിചയപ്പെട്ട ചിത്രകാരന്റെ രൂപത്തിൽ. അയാൾ വരക്കുന്ന ചിത്രങ്ങളിൽ ഒരു സ്ത്രീയുടെ കണ്ണുനീരിന്റെ സ്പർശം എപ്പോഴും കാണാം. അവിടെ എന്റെ മനസ് ഉണർന്നു. മനസിന്റെ അടിത്തട്ടിൽ ഒളിപ്പിച്ചു വെച്ച പുറത്തുപറയാൻ പറ്റാത്ത കാര്യങ്ങൾ ഞാൻ അയാളുമായി ചർച്ച ചെയ്തു. ആദ്യമായി ഒരു സാന്ത്വനം എനിക്ക് ലഭിച്ചു. സ്ഥിരം കുറ്റപ്പെടുത്തലുകളിൽ നിന്ന് എന്നിലെ സ്ത്രീയെ അദ്ദേഹം തിരിച്ചെടുത്ത് തന്നു. എന്നിലെ കഴിവുകളെ അഴുക്കുചാലിൽ നിന്നും കഴുകിയെടുത്ത് ശുദ്ധീകരിച്ചു.ഞാൻ വരച്ച ചിത്രങ്ങൾ പ്രദർശനത്തിന് വെച്ചപ്പോൾ എനിക്ക് കിട്ടിയ പ്രശംസകൾ, അഭിനന്ദനങ്ങൾ ഇതൊന്നും ഭർതൃവീട്ടുകാർക്ക് അംഗീകരിക്കാൻ കഴിഞ്ഞില്ല. ഇതിനു ശേഷം ഇതിൽ സംശയം തോന്നി സഹിക്കാൻ കഴിയാഞ്ഞ ഭർത്താവ് ഗ്യാസ് സിലിണ്ടർ തുറന്നിട്ടു. മരണം ഒരു തലനാരിഴ അകലത്തിൽ എന്നിൽ നിന്നും അകന്നു.

താഴത്തെ റൂമിൽ ഞാൻ ഉറങ്ങുമ്പോൾ മുകളിൽ സ്ത്രീകളുമായി സല്ലപിക്കുന്ന എന്റെ ഭർത്താവിന്റെ മുഖം ഞാൻ കണ്ണടച്ച് തലയിണയിൽ വീഴുന്ന കണ്ണുനീർ തുള്ളികളാക്കി. നനുത്ത കണ്ണുനീർ തുള്ളികൾക്ക് പോലും എന്റെ പ്രണയത്തെ തിരിച്ചറിയാൻ സാധിച്ചില്ല. കാരണം ഞാൻ ഒരു സ്ത്രീയാണ്, അടിച്ചമർത്തലുകൾക്ക് മുമ്പിൽ പ്രതികരിക്കാനാവാതെ പകച്ചു നിൽക്കുന്ന സ്ത്രീ. പക്ഷെ വെള്ളവും കരയും പോലെ എന്നിലെ ചിത്രകല എന്നെ ജീവിക്കാൻ പ്രേരിപ്പിച്ചു. എന്റെ സുഹൃത്തിന്റെ പ്രചോദനം എന്നെ എല്ലാത്തിൽ നിന്നും രക്ഷിച്ചു. ഒരുപാട് പ്രശസ്തിയിലെത്താൻ കഴിഞ്ഞു. അതിലുപരി സ്വന്തം ജീവിതത്തിലൂടെ കരുത്താർജ്ജിക്കാനും കഴിഞ്ഞു. ആരുമില്ലെങ്കിലും ജീവിതം സ്വയം തുഴഞ്ഞു പോകേണ്ടതാണെന്നും, നമ്മളെ സ്നേഹിക്കുന്നവരെ സഹായിക്കേണ്ടതാണെന്നും മനസ്സിലായി.

ഇന്ന് ഞാൻ അറിയപ്പെടുന്ന ചിത്രകാരിയാണ്. പക്ഷെ എനിക്ക് ഭർത്താവില്ല, കുട്ടികളില്ല. എന്റെ പ്രണയം മനസ്സിലാകാതെ എന്നെ ഒരു വേശ്യയായി ചിത്രീകരിച്ചു. അതിന്റെ പേരിൽ അദ്ദേഹം എന്നെ ഒഴിവാക്കി.

തെരുവിലോട്ട് ഇറങ്ങിയപ്പോൾ കുറച്ച് വ്യക്തമല്ലാത്ത ചായങ്ങൾ മാത്രം എന്റെ പക്കലുണ്ടായിരുന്നു. എന്റെ ഉള്ളിലുള്ള ചിത്രകാരിയെ പുറത്തെടുത്ത് ഇരുട്ടിൽ നിന്ന് എന്നെ കൈപിടിച്ച് നടത്തിയ രണ്ട് കാലും നഷ്ടപ്പെട്ട് നിലത്തിരുന്ന് ചിത്രം വരയ്ക്കുന്ന ആ ചിത്രകാരന്റെ മനസിനെ ഞാൻ ഒരു പാട് പ്രണയിക്കുന്നു.

പ്രണയം ആത്മവിശ്വാസം ലഭിക്കുന്ന ശക്തമായ മരുന്നാണ്. ഇന്നു ഞാൻ കാണുന്നു.ഇന്ന് എന്റെ മനസ്സിൽ വ്യാധിയില്ല. കാരണം കുറ്റപ്പെടുത്തലുകളില്ല. നിശബ്ദതയെ ഭയക്കാനില്ല, നെഞ്ചിടിപ്പ് കനത്തതാവാറില്ല.പ്രണയം ശരീരത്തിന്റെ ആസക്തി മാത്രമല്ല എന്ന് തിരിച്ചറിയുന്നില്ല ആരും. അത് സ്ത്രീത്വത്തിന്റെ വേദനയാണ്.തളർന്നു പോകുമ്പോൾ ഒരു വാക്ക് – സാന്ത്വനത്തിനായി മനസ് തുടിക്കുമ്പോൾ വാക്കുകളിലൂടെ തരുന്ന ഒരു നക്ഷത്രത്തിളക്കം അതാണ് പ്രണയം... അതിലൂടെ വരുന്ന സ്നേഹസാന്ത്വനം. ഒരു സ്ത്രീയെ പിടിച്ച് നിർത്താൻ അതു മതി.നിശബ്ദമായ ആ സാമീപ്യം. പ്രണയത്തെ ഭാഷ കൊണ്ടും സ്വപ്നങ്ങൾ കൊണ്ടും ഏറ്റവും മനോഹരമാക്കിയ എഴുത്തുകാരിയാണ് മാധവിക്കുട്ടി. അവർ ഇങ്ങനെ പറ

യുന്നു:

*ഞാൻ ഒരു രണ്ടാമൂഴമാണ്. അപ്രതീക്ഷിതമായ പുനർജന്മമാണ്. കരിങ്കൽ ഭിത്തിയിൽ പൊട്ടിമുളച്ച പേരാൽ കുരുന്നാണ്. ശിശിരത്തിലെ വസന്തശോഭയാണ്. ഞാൻ വളരും. വീണ്ടും വീണ്ടും തളിരിടും. പൗർണമികൾ ആവർത്തിക്കപ്പെടും. ഞാൻ പ്രണയിനിയാണ്* – പ്രണയം തിരിച്ചറിയാതെ സ്ത്രീയുടെ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കാതെ നിരന്തരമായി അവളെ വേദനിപ്പിക്കുകയും ഏറ്റവും വിലകുറഞ്ഞ ഈഗോ ഉപയോഗിച്ച് അവളെ ജയിലിലെന്നപോലെ വീടിനകത്ത് തളച്ചിടുകയും ഭാര്യയായാൽ അടിമയായെന്ന് വിശ്വസിക്കുകയും ചെയ്യുന്ന പുരുഷന്റെ മൃഗീയമായ കരങ്ങളിൽനിന്ന് രക്ഷപ്പെടുന്ന സ്ത്രീകൾക്ക് മാധവിക്കുട്ടിയുടെ ഈ വാക്കുകൾ ഹൃദയത്തിൽ തീച്ചൂടോടെ സൂക്ഷിച്ചുവെക്കാവുന്നതാണ്.

എന്റെ സുഹൃത്തിന്റെ കഥ മാത്രം ഇത്....പ്രണയത്തെ തിരിച്ചറിയാതെ പ്രണയത്തെ കുറ്റപ്പെടുത്തികൊണ്ട് മനുഷ്യൻ ഇന്ന് പാഞ്ഞു കൊണ്ടിരിക്കുകയാണ്. ആധുനികതയുടെ ദ്രുതഗതിയിലുള്ള നെട്ടോട്ടത്തിൽ മനുഷ്യൻ മറക്കുകയാണ് പ്രണയം.പക പോക്കലിന്റെ കഥ മാത്രം വിശ്വസിക്കുന്ന ഈ സമൂഹത്തിന് എവിടെ പ്രണയിക്കാൻ സമയം. ഏത് കാലവും മനുഷ്യന് തോന്നുന്ന പവിത്രമായ ഒരു അനുഭൂതിയാണ് പ്രണയം എന്നു നാം മറക്കുന്നു... വിലക്കുകളുടെ ബന്ധനത്തിൽ അത് വെറും കാറ്റായി മിന്നി മറഞ്ഞ് പോകുന്നു. തിരക്കുകൾക്കിടയിൽ എഴുത്ത് അപ്രത്യക്ഷമാകുന്നതു പോലെ പലപ്പോഴും മനുഷ്യൻ കരിച്ച് കളയുന്ന ഒന്നാണ് പ്രണയം. പവിത്രമായ ചോദനകളോടെ നെറുകയിൽ പൊൻകിരീടം ചൂടിത്തരുന്ന ഒരു അനുഭൂതിയാണ് പ്രണയമെന്ന് മറക്കുന്നു നാം എല്ലാവരും.

പ്രണയം അനുഭൂതിയാണ്<br>
നടുക്കയത്തിൽ നിന്നും<br>
കരക്കു കയറ്റുന്ന ഒരു<br>
വിചിത്രമായ കൈത്താങ്ങ്<br>
മനസ്സിന്റെ വ്യാധികളെ<br>
തുടച്ചു നീക്കുന്ന ദിവ്യമായ<br>
ഒരു അനുഭവം................

*ഡോ.ഹസീന വി.എ.- അസി.പ്രൊഫസർ, എം.ഇ.എസ് അസ്മാബി കോളേജ്, തൃശൂർ*

# ജീവിതക്കളരികളാകുന്ന കളിക്കളങ്ങൾ



**വിനയ**

ഒതുങ്ങിയ ശരീരങ്ങളിൽ ജീവിതം നയിക്കാൻ പഠിപ്പിക്കുന്ന ലിംഗഭേദ (Gender) ത്തിന്റെ ബാലപാഠങ്ങൾ സ്ത്രീകളിൽ ശാരീരികമായ ആവിഷ്കാരങ്ങളുടെ സാധ്യതകൾ ഇല്ലാതാക്കുന്നു. കായികമായി ശേഷിയില്ലാത്ത, പ്രതികരണമില്ലാത്ത ദേഹങ്ങളുടെ ഉടമകളായി സ്ത്രീകൾ ജീവിക്കുന്നു. ഇതിലൊരു പരിവർത്തനം ലക്ഷ്യം വെച്ചുകൊണ്ടാണ് തൃശൂർ കേന്ദ്രീകരിച്ച് വീട്ടമ്മമാർക്കായി കളിക്കളങ്ങൾ തുറന്നിടാൻ തീരുമാനിക്കുന്നത്. കേവലമായ മെയ്വഴക്കങ്ങളുണ്ടാക്കിയെടുക്കലിൽ മാത്രം ഒതുങ്ങാതെ ഭക്ഷണശീലങ്ങൾ, വ്യായാമം തുടങ്ങിയവയും പരിശീലനത്തിന്റെ ഭാഗമായി. സൗന്ദര്യത്തെക്കുറിച്ചും വസ്ത്രധാരണത്തെക്കുറിച്ചുമൊക്കെയുള്ള പരമ്പരാഗത വിവക്ഷകളിൽ നിന്നകന്നു നിൽക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്നതായിരുന്നു കാര്യപരിപാടികൾ. ഈ അർത്ഥത്തിൽ വോളിബോൾ മേള എന്ന ആശയം ഒരു കായിക വിനോദം പരിശീലിപ്പിക്കുന്നതിനു പരിയായി സ്ത്രീകൾക്ക് സ്വന്തം ശരീരത്തെ അയച്ചുവിട്ട് സ്നേഹിക്കാനും ആദരിക്കാനും അത് ജീവിതപോരാട്ടങ്ങൾക്കൊരു മുതൽക്കൂട്ടാക്കാനുമുള്ള വേദിയൊരുക്കലായിത്തീർന്നു. മാർച്ച് 8നായിരുന്നു 'ഗാർഗി'യുടെ സാങ്കേതികമായ ആഭിമുഖ്യത്തിൽ തൃശൂരിൽ വെച്ച് വോളിബോൾ മേള നടന്നത്. കുടുംബത്തിന്റേയോ കുടുംബശ്രീയുടേയോ ഒന്നും കീഴിലല്ലാതെ നാടിന്റെ പേരിൽ അറിയപ്പെട്ട എട്ടു ടീമുകളും പിന്നെ പോലീസ് അക്കാദമിയും ആയിരുന്നു മത്സരാർത്ഥികൾ. പെരിങ്ങോട്ടുകര ടീമാണ് ഒന്നാംസ്ഥാനത്തെത്തിയത്. 'ഒരു പ്രഭാതസവാരിക്ക് പോലും ഞാനിന്ന് വരെ പോയിട്ടില്ല. കുട്ടികളെ പരിപാലിച്ചും വീട്ടുജോലികൾ ചെയ്തും കടന്നുപോയ ജീവിതത്തിലെ ആദ്യത്തെ അംഗീകാരമാണിത്' എന്ന് തിളങ്ങുന്ന മെഡൽ പൊക്കിപ്പിടിച്ച് അഭിമാനത്തോടെ പെരിങ്ങോട്ടുകര ടീമിലെ അറുപത്തൊന്നുകാരിയായ ലൗലി പറഞ്ഞത് വോളിബോൾമേള നൽകിയ ആന്തരികോർജ്ജത്തിന്റെ പ്രതിഫലനമായിരുന്നു.



# പ്രണയം പുറത്ത് സരസ്വതിയമ്മ അകത്ത്



ഷംഷാദ് ഹുസൈൻ



രമണൻ സാഹിത്യലോകത്ത് സ്വീകരിക്കപ്പെടുകയും അതിലെ പ്രണയം ആദർശ മാതൃകയായി കൊണ്ടാടുകയും ചെയ്തു തുടങ്ങിയ കാലഘട്ടത്തിൽ തന്നെയാണ് സരസ്വതിയമ്മയും എഴുത്തിന്റെ രംഗത്തേക്ക് പ്രവേശിക്കുന്നത്. വർഷങ്ങളുടെ വ്യത്യാസം ഉണ്ടെങ്കിലും രമണൻ കാമ്പസുകളിൽ ഉണ്ടാക്കിയ സ്വാധീനം സരസ്വതിയമ്മയുടെ കഥകളിൽ തന്നെ വിവരിക്കുന്നുണ്ട്. സഞ്ജയന്റെ പരിഹാസ കവിതകൾ കഴിഞ്ഞാൽ രമണന്റെ ഏറ്റവും വലിയ വിമർശക സരസ്വതിയമ്മ തന്നെയാകും. ചങ്ങമ്പുഴയെ മാത്രമല്ല സാഹിത്യത്തിൽ അന്നോളം നാം പരിചയിച്ച പ്രണയസങ്കൽപങ്ങളെ തന്നെ സരസ്വതിയമ്മ ചോദ്യം ചെയ്തു. ആ നിലക്ക് സരസ്വതിയമ്മയുടെ പല കഥകളും പ്രണയ സങ്കല്പങ്ങളുടെ പൊളിച്ചെഴുത്താണെന്ന് പറയാം. പ്രണയത്തിന്റെ നിലാവു തോരുമ്പോൾ പുലർച്ചകളിലെ കുളിര് ഒടുങ്ങുമ്പോൾ ഉച്ചവെയിലിൽ വിയർക്കുന്ന മലയാളിയുടെ പ്രണയ സങ്കൽപങ്ങളെ അവരെങ്ങനെയെല്ലാം ആവിഷ്ക്കരിച്ചു എന്ന് നോക്കാം.

തികച്ചും ലൗകികവും ദൈഹികവുമായ പ്രേമം. ഭൗതികമല്ലാത്ത ഒരു പ്രേമം തോന്നാനും വെച്ചു പുലർത്താനും കഴിയുന്ന ഒരമാനുഷനല്ലായിരുന്നു ഞാൻ. പ്രേമരൂപത്തിലുള്ള മനോഭാവത്തെ, അത് ഏറ്റവും

രമണന്റെ പ്രേമം
നിഷ്കാമമായിരുന്നെങ്കിൽ–
അതിനു ദൈഹികബന്ധം
ഒന്നുമില്ലാതിരുന്നെങ്കിൽ–അവളുടെ
വിരഹം എന്തുകൊണ്ടയാൾക്ക്
അസഹ്യമായിത്തോന്നി?–
അവൾ അന്യന്റേതായപ്പോൾ,
അനുപമഭോഗശൃംഗകത്തിങ്കലേക്കതിമുദം
ഹാ കുതിച്ചണയുന്നു നീ–,
അതു പൊഴുതിതാ ഞാനോ
വെറുങ്ങലിച്ചടിവൂ നൈരാശ്യപാ
താളവീഥിയിൽ  എന്നു ദീനദീനം
നിലവിളിച്ചുകൊണ്ട് എന്തിനയാൾ
ആത്മഹത്യ ചെയ്തു?



അഭിലഷണീയമായിരിക്കുമ്പോൾപ്പോലും, മധുരം എന്ന പദത്താലല്ലാതെ ദിവ്യം എന്ന വാക്കിനാൽ വിശേഷിപ്പിക്കാനുള്ള വ്യാമോഹം ഒരിക്കലും എനിക്കുണ്ടായിട്ടേയില്ല. ശാരീരികമായ അസ്തിവാരത്തിൽ കെട്ടപ്പെട്ട പ്രേമമല്ലാതെ മറ്റെന്താണ് മനുഷ്യനെ മനുഷ്യനാക്കി നിർത്തുന്നത്?

ഞാൻ പലപ്പോഴും അതിശയിച്ചിട്ടുണ്ട്, ആനന്ദബാഷ്പവും രോമാഞ്ചവും നെഞ്ചിടിപ്പും മറ്റും ചേർന്ന ഭാഷയിൽ വർണ്ണിക്കപ്പെടുന്ന പ്രേമം ഇന്ദ്രിയാതീതമായ ഒരു ദിവ്യഭാവമായി കവികൾ പാടുന്നതെന്തുകൊണ്ട് എന്ന്. ചിലപ്പോൾ ചിലർക്ക്, ചില പ്രത്യേക വസ്തുക്കളോട്, കാഴ്ചകളോട്, വ്യക്തികളോട് അകാരണമായി ഒരിഷ്ടം തോന്നിയെന്നു വരാം. അക്കാരണത്താൽ മാത്രം അതു ദിവ്യമായിത്തീരുമോ? വാസ്തവത്തിൽ എന്താണ് പ്രേമം? ആശാസ്യമായ ആസ്വാദനാസക്തി. ലിംഗവ്യത്യാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സ്നേഹത്തിന്, മറ്റു വിധത്തിലുള്ള സ്നേഹബന്ധങ്ങളേക്കാൾ ഭൗതികത്വത്തിന്റെ തൂക്കം കൂടുമെന്നല്ലാതെ മറ്റെന്തൊരു മേന്മയാണുള്ളത്? ജാതിഭിന്നതയിൽ നിന്നുണ്ടാകുന്ന സുഖേച്ഛ, മനോവ്യാപാരത്തെ തീക്ഷ്ണമാക്കുന്നതു ദിവ്യത്വത്തിന്റെ ചിഹ്നമാണോ? തനിക്കു തൃപ്തികരമായ ആനന്ദപ്രദായകത്വം ഒരാളിൽ സ്ഥിതി ചെയ്യുന്നു എന്ന് എങ്ങനെയോ ഉണ്ടാകുന്ന ഒരന്തർബോധത്തിന്റെ പരിണതഫലമാണ് പ്രേമം. പ്രേമത്തിൽ കാമത്തിന്റെ കലർപ്പു മുഴച്ചുനിൽക്കാതിരിക്കുമ്പോൾ കവികൾ അതിനെ ദിവ്യപ്രേമം എന്നു പറയുന്നു. എന്തിനോ? ആർക്കറിയാം? (പ്രേമധനം 272–273)

രമണന്റെ പ്രേമം നിഷ്കാമമായിരുന്നെങ്കിൽ– അതിനു ദൈഹികബന്ധം ഒന്നുമില്ലാതിരുന്നെങ്കിൽ–അവളുടെ വിരഹം എന്തുകൊണ്ടയാൾക്ക് അസഹ്യമായിത്തോന്നി?–അവൾ അന്യന്റേതായപ്പോൾ, അനുപമഭോഗശൃംഗകത്തിങ്കലേക്കതിമുദം ഹാ കുതിച്ചണയുന്നു നീ–, അതു പൊഴുതിതാ ഞാനോ വെറുങ്ങലിച്ചടിവൂ നൈരാശ്യപാതാളവീഥിയിൽ എന്നു ദീനദീനം നിലവിളിച്ചുകൊണ്ട് എന്തിനയാൾ ആത്മഹത്യ ചെയ്തു? അവളുടെ അനുഭോഗയോഗ്യമായ സുമധുരഗാത്രത്തെയല്ല, നിത്യവിശുദ്ധമായ ആത്മാവിനെയാണയാൾ സ്നേഹിച്ചിരുന്നതെങ്കിൽ തനിക്കു നൽകിക്കഴിഞ്ഞ ഹൃദയമല്ല ദേഹമാണ് അന്യാധീനമാവുന്നതെന്നോർത്ത് അയാൾ സമാധാനിക്കാഞ്ഞതെന്ത്? വെറും കാമത്തിൽ നിന്നുയർന്നതായിരുന്നു ചന്ദ്രികയുടെ പ്രണയമെങ്കിൽ രമണന്റേതും ഒട്ടും വ്യത്യസ്തമായിരുന്നില്ല. (രമണി 38–39)

ശാശ്വതവും ദിവ്യവുമായ പ്രേമത്തിന്റെ ശക്തിയെപ്പറ്റി അവരിലൊരാൾ പ്രസംഗിച്ചപ്പോൾ വിലാസിനി അത്ഭുതത്തോടെ പറഞ്ഞു: എനിക്കിതു തീരെ മനസ്സിലാവുന്നില്ല. ശാശ്വതവും ദിവ്യവുമായ പ്രേമത്തിന് നശ്വരമായ ശരീരത്തിന്റേയും ലൗകികമായ വിവാഹത്തിന്റേയും

ആവശ്യമെന്താണ്? വിപുലതയുടെ ലക്ഷ്യം പരിമിതിയാണോ? അത്ര വലിയ സ്നേഹത്തിന്, പ്രതിസ്നേഹംപോലുമില്ലാതെ, സ്നേഹിക്കുന്നതു മാത്രംപോരെ സംതൃപ്തിക്ക്? (പെൺബുദ്ധി 513)

എന്തായാലും, കാമുകന്റെ അലംഭാവമില്ലാത്ത ആസ്വാദനോത്സുകങ്ങളായ നോട്ടം, ഭർത്താവിന്റെ നിരൂപണപൂർവ്വമായ വിരസവീക്ഷണമായി അപ്പോഴും മാറിയിരുന്നില്ല, തേനൂറും വാക്കുകളിലും സ്നിഗ്ദ്ധമധുരമായ ഭാവങ്ങളിലും കൂടെയാണ് സുരേന്ദ്രന്റെ വിമർശനബുദ്ധി വെളിയിൽ വന്നുകൊണ്ടിരുന്നത്. പൂകൊണ്ടോ പൂക്കമ്പുകൊണ്ടോ അവളെ തൊട്ടിട്ടില്ലെന്നു തന്നെയല്ല, അകമേ അങ്ങനെ വിചാരിക്കുന്നതിന്റെ അവ്യക്തവിദൂരമായ ലക്ഷണംപോലും കാണപ്പെട്ടുമില്ല. (മധുരപലഹാരം 580)

പ്രണയത്തെ സംബന്ധിച്ചെഴുതിയ പ്രൗഢ പഠനങ്ങളിൽ നിന്നുദ്ധരിച്ചവയല്ല ഈ വരികൾ സരസ്വതിയമ്മയുടെ കഥകളിൽ പ്രണയത്തെ സംബന്ധിച്ചുള്ള നിശിത ചിന്തകളാണ്. പ്രേമത്തിനു വഴിപ്പെട്ടുപോകുന്ന അതിന്റെ നിറവിൽ സ്വയം വിസ്മരിക്കുന്ന കഥാപാത്രങ്ങളെയല്ല സരസ്വതിയമ്മ ചിത്രീകരിച്ചത്. അതേ സമയം പ്രണയത്തിൽ മുഴുകുകയും പ്രണയത്തിനു വേണ്ടി വിവാഹമോ ജീവനോ തന്നെ ബലിയർപ്പിക്കുകയും ചെയ്ത കഥാപാത്രങ്ങളെക്കൊണ്ടു തന്നെ പ്രണയത്തെ സൂചിത്തുമ്പത്തെടുത്ത് വിശകലനം നടത്തിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടാണീ വൈരുദ്ധ്യം എന്നത് തീർച്ചയായും അന്വേഷിക്കേണ്ട വസ്തുതയാണ്. പ്രണയത്തെ അകലെ നിന്ന് നോക്കി കാണുന്നവളാണ് പെൺബുദ്ധിയിലെ വിലാസിനി. അതുകൊണ്ടവൾക്ക് പ്രണയത്തെക്കുറിച്ച് ബുദ്ധിപൂർവ്വം ചിന്തിച്ച് തന്റേടം തികഞ്ഞ തീർച്ചയിലെത്താൻ കഴിയുന്നു. അവൾ പല കൂട്ടുകാരെയും തീരുമാനങ്ങളെടുക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു. മറ്റൊരു ഭാര്യയും കുട്ടികളുമുള്ളവനെങ്കിലും തനിക്കുവേണ്ടി നാടുവിടാനും കടലിൽ ചാടാനും ഒരുക്കമുള്ള കാമുകനെ കുറിച്ചു പറഞ്ഞപ്പോൾ കടലിൽ ചാടാൻ പറയാഞ്ഞതെന്ത് എന്നാണ് വിലാസിനി കളിയാക്കുന്നത്. ചാടിയാൽ അതെന്തിന്റെ തെളിവാണ് എന്നു ചോദിച്ച സാറാമ്മയോട് കടലിൽ അയാൾക്ക് നീന്താനറിയാമെന്ന് നിഷ്കരുണം മറുപടി പറയുകയും ചെയ്യുന്നു. ഇത് പ്രണയത്തിനു പുറത്തു നിൽക്കുന്ന പുരുഷന്മാരുമായി തലബന്ധം മാത്രം ഇഷ്ടപ്പെടുന്ന വിലാസിനിയുടെ കഥയാണെങ്കിൽ പ്രണയത്തിനകത്തു നിൽക്കുന്ന ഒരു പക്ഷെ അതിനെ മറികടക്കാനായ ലില്ലിക്കുട്ടിയും ഹൃദയത്തെ അടക്കി ബുദ്ധികൊണ്ട് ആലോചിച്ച് പറയുന്നവളാണ്. നായകനും നായികയും സന്യാസത്തിന്റെ



> ശാശ്വതവും ദിവ്യവുമായ പ്രേമത്തിന്റെ ശക്തിയെപ്പറ്റി അവരിലൊരാൾ പ്രസംഗിച്ചപ്പോൾ വിലാസിനി അത്ഭുതത്തോടെ പറഞ്ഞു: എനിക്കിതു തീരെ മനസ്സിലാവുന്നില്ല. ശാശ്വതവും ദിവ്യവുമായ പ്രേമത്തിന് നശ്വരമായ ശരീരത്തിന്റേയും ലൗകികമായ വിവാഹത്തിന്റേയും ആവശ്യമെന്താണ്? വിപുലതയുടെ ലക്ഷ്യം പരിമിതിയാണോ? അത്ര വലിയ സ്നേഹത്തിന്, പ്രതിസ്നേഹംപോലുമില്ലാതെ, സ്നേഹിക്കുന്നതു മാത്രംപോരെ സംതൃപ്തിക്ക്?



**സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്നേഹം വല്ലാത്തൊരു മധുപരദാർത്ഥമാണ്. ആ മാധുര്യത്തിൽ മയക്കി, ഒരു മാസ്മരവിദ്യക്കാരനെപ്പോലെ നിങ്ങൾക്കവളെ എവിടെയും കൊണ്ടുപോകാം; എന്തും ചെയ്യിക്കാം. ആ വികാരമൂർച്ഛയിൽ നിന്നുമവളുടെ ചേതനയെ ഉണർത്താൻ, അവളുടെ ബുദ്ധിക്കും വിവേകത്തിനും തരം കൊടുക്കാതെ നിങ്ങൾ ശ്രദ്ധിച്ചാൽമാത്രം മതി, ആ തലക്കറക്കത്തിൽ നിന്നും അവൾ ഒരുകാലം വിമുക്തയാവുമെന്നു പേടിക്കേവേണ്ട.**

വഴികളിലെത്തിച്ചേർന്ന് വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടുന്ന ഈ കഥയിൽ നായിക പ്രണയത്തിന്റെ ആദർശവലയത്തിൽ നിന്ന് പുറത്തു കടന്നവളും പുരുഷൻ അതിന് അപ്പോഴും കരുത്തു കൈവരാത്തവനുമാണ്. കാമുകനോടൊപ്പം ഒളിച്ചോടാൻ തയ്യാറായിരുന്നവളാണ് ലില്ലിക്കുട്ടി. പക്ഷെ മധു ഭീതിയോടെ അവളിൽ നിന്ന് ഒളിച്ചോടുന്നു.

പിന്നെ ലില്ലിക്കുട്ടി, കാത്തിരുന്ന കാലം എങ്ങനെ കഴിച്ചുവെന്നു പറഞ്ഞില്ലല്ലോ. ഒളിച്ചോടാമെന്ന തീർച്ചയോടെയാണ് മധു വരുന്നെതെങ്കിൽ കൂടെപോയി താമസിക്കാൻ അവൾ കുറേ തയ്യാറെടുത്തു. തീറ്റിക്കൊതിയനെ പട്ടിണിക്കിടരുതെന്നു വെച്ച് അവൾ പാചക വിധിയിൽ പല പാഠങ്ങളും കൈവശമാക്കി. അന്നു പഠിച്ചതൊന്നും പാഴായിപ്പോയില്ല. ഒരു കുടുംബത്തിനു പകരം അനേകം കുടുംബങ്ങൾക്കാണ് ഇന്നതുപകരിക്കുന്നത്. റൊട്ടി. ബിസ്ക്കറ്റ്- (791)

പ്രണയം ഒരു കുടുംബത്തിനുതകുന്നതും സന്യാസം അനേകം കുടുംബങ്ങൾക്കുതകുന്നതുമായ സ്ഥാപനമാണെന്നുവരെ ഇവിടെ സൂചിപ്പിക്കുന്നു. ഒരു വ്യക്തിക്കും ഒരു കുടംബത്തിനും വേണ്ടി പാഴായി പോകുമായിരുന്ന ലില്ലിക്കുട്ടിയുടെ അധ്വാനം അനേകം വ്യക്തികൾക്ക് സഹായമായിത്തീരുന്നു എന്നിങ്ങനെയാണ് നഷ്ടപ്രണയത്തെയും കുടുംബത്തെയും ലില്ലിക്കുട്ടി വിലയിരുത്തുന്നത്. മാത്രമല്ല അന്നു വേണ്ട ധൈര്യം കാണിക്കാതിരുന്ന മധുവിനെ കണക്കിനുകളിയാക്കുന്നുമുണ്ട്.

അതിനൊക്കെ തന്റേടവും ആത്മവിശ്വാസവും വേണം. സ്നേഹം സ്നേഹം എന്നു പറഞ്ഞ് തലയിട്ടുരുട്ടിയാൽ പോരാ, സുഖം കുറച്ചു പോട്ടെന്നുവയ്ക്കാനും നഷ്ടപ്പെടാനും മനസ്സുണ്ടാവണം. (787)

കാശിനുകൊള്ളാത്ത ആ മനുഷ്യന് ഒന്നിനും ധൈര്യമില്ലായിരുന്നു. ആ പേടിത്തൊണ്ടന് കരച്ചിലിനോടായിരുന്നു പിടുത്തം. (787 അവസാന വരി)

കാത്തിരിപ്പ് തുടർ ജന്മങ്ങളിലുള്ള വിശ്വാസം ഇതെല്ലാം പ്രണയത്തിന്റെ ഏറ്റവും തീവ്രവും മധുരതരവുമായ സങ്കല്പങ്ങളാണ്. ഈ സങ്കല്പങ്ങളിൽ നിലനിൽക്കുന്നയാളും വിശ്വസിക്കുന്നയാളുമാണ് മധു. ലില്ലിക്കുട്ടി അതിനെ പരിഹസിക്കുന്നവളും.

അടുത്ത ജന്മംവരെ കാത്തിരിക്കാൻ ഞാൻ തയ്യാറായിരുന്നു.

പല ജന്മങ്ങളിൽ വിശ്വസിക്കുന്നവർക്ക് ആ ക്ഷമയുണ്ടാകും, കളിയാക്കലിന്റെ പുഞ്ചിരിയോടെ അവർ പറഞ്ഞു:

അവരുടെ കണ്ണിൽ കാലത്തിനു വിലയുണ്ടാകാൻ വഴിയില്ല; അതുകൊണ്ടാണ് കാശിനു കൊള്ളാതായിപ്പോകുന്നതും! പക്ഷേ, ഈയൊരു ജന്മം മാത്രമുള്ള എനിക്ക്,

അല്പസമയമുള്ളതിനെ പാഴിൽ കളയണ്ടെന്നു തോന്നി. (791)

കാമുകനെ പേടിത്തൊണ്ടൻ, കാശിനു കൊള്ളാത്തവൻ, തലക്കകത്തൊന്നുമില്ലാത്തവൻ എന്നെല്ലാം പരിഹസിക്കുകയും കുടുംബത്തേക്കാൾ മികച്ച ഒന്നായി സന്യാസത്തെ കണക്കാക്കുകയും കാത്തിരിപ്പിനെ നിഷേധിക്കുകയും ചെയ്യുന്ന ലില്ലിക്കുട്ടിയും പ്രണയത്തെ അകലത്തു നിർത്താൻ കഴിഞ്ഞവളാണ്.


മധുര പലഹാരം എന്ന കഥയിൽ അത് നേരിട്ടനുഭവിച്ചു കൊണ്ടിരിക്കുന്നവൾ തന്നെയാണ് പ്രണയത്തെ വിലയിരുത്തുന്നത്. പ്രണയം എങ്ങനെയാണ് പെണ്ണുങ്ങളെ പറ്റിക്കുന്ന മധുരപലഹാരമായിത്തീരുന്നത് എന്ന് വിശദീകരിക്കുകയാണിതിലെ ആഖ്യാതാവ്. എഴുത്തുകാരി നേരിട്ടു കഥ പറയുന്ന ഇതിന്റെ ആഖ്യാനത്തിൽ തുടക്കത്തിൽ തന്നെ പ്രണയത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കുന്നുണ്ട്.

സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്നേഹം വല്ലാത്തൊരു മധുപരദാർത്ഥമാണ്. ആ മാധുര്യത്തിൽ മയക്കി, ഒരു മാസ്മരവിദ്യക്കാരനെപ്പോലെ നിങ്ങൾക്കവളെ എവിടെയും കൊണ്ടുപോകാം; എന്തും ചെയ്യിക്കാം. ആ വികാരമൂർച്ഛയിൽ നിന്നുമവളുടെ ചേതനയെ ഉണർത്താൻ, അവളുടെ ബുദ്ധിക്കും വിവേകത്തിനും തരം കൊടുക്കാതെ നിങ്ങൾ ശ്രദ്ധിച്ചാൽമാത്രം മതി, ആ തലക്കറക്കത്തിൽ നിന്നും അവൾ ഒരുകാലം വിമുക്തയാവുമെന്നു പേടിക്കേവേണ്ട. (577)

സ്ത്രീകളെ കബളിപ്പിച്ചു കൊണ്ട് നിലനിർത്തി വരുന്ന പ്രണയത്തിന്റെ തലക്കറക്കത്തിൽപെടുകയും അത് തിരിച്ചറിയാൻ ശ്രമിക്കുകയും ചെയ്യുന്ന മേൽപറഞ്ഞ നിയമത്തിനപവാദമായ ഒരു പെൺകുട്ടിയുടെ കഥയാണ് മധുരപലഹാരം. സുരേന്ദ്രന്റെ പ്രേമത്തിൽ തന്റെ ഹൃദയമലിഞ്ഞുപോയതു കൊണ്ടല്ല അഭിപ്രായ ഐക്യത്തിൽ തന്റെ ബുദ്ധി ഇണങ്ങിയിട്ടാണ് താൻ വിവാഹത്തിനൊരുങ്ങുന്നതെന്ന് കാന്തിമതി ഉറപ്പു വരുത്തുന്നുണ്ട്. പക്ഷെ വിവാഹത്തിനു ശേഷമുണ്ടായ കുറച്ചു കാലം അവൾ പ്രണയത്തിന്റെ നവാനുഭൂതിയുടെ ലഹരികളിൽ സ്വയം മറക്കുന്നു. വലിയ ലഹരി വിട്ടു തുടങ്ങിയപ്പോഴാണ് അവൾ തനിക്കുണ്ടായ മാറ്റങ്ങളെ തിരിച്ചറിയുന്നതു തന്നെ. തന്റെ ഇഷ്ടങ്ങളെല്ലാം സുരേന്ദ്രന്റെ ഇഷ്ടങ്ങളായി മാറിയിരിക്കുന്നുവെന്ന് അവൾ മനസ്സിലാക്കുന്നു. അത് ചുറ്റുപാടുകളോടിണങ്ങിപ്പോവാൻ പ്രകൃതി നൽകിയ കഴിവിന്റെ ഭാഗമാണെന്ന് ആഖ്യാതാവ് ഇടക്കു കയറി പറയുന്നുണ്ടെങ്കിലും

എത്ര പ്രായമായാലും മനുഷ്യരുടെ ഇഷ്ടങ്ങളും ചെയ്തികളും തെറ്റിപ്പോയെന്നു വരാം. അതിത്ര ശുഷ്കാന്തിയോടെ നോക്കിത്തിരുത്താനൊരാളുള്ളത്

> സരസ്വതിയമ്മയുടെ പ്രണയകഥകളെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ പ്രണയത്തെക്കുറിച്ചുള്ള നിശിത വിമർശനങ്ങളുണ്ടാവുന്നത് പ്രണയത്തെ ഭീതിയോടെ നോക്കിക്കാണുന്നവർ അല്ലെങ്കിൽ അതിന്റെ മാസ്മരിക വലയത്തിൽ നിന്ന് പുറത്തു കടന്ന് പിന്തിരിഞ്ഞു നോക്കുന്നവരിൽ നിന്നാണ്. അതേസമയം പ്രണയത്തെ കിനാവുകാണുന്ന അതിന്റെ വഴികളിലേക്ക് ആവേശപൂർവ്വം നീങ്ങുകയും ചെയ്യുന്ന കഥാപാത്രങ്ങളെയും സരസ്വതിയമ്മ ചിത്രീകരിക്കുന്നുണ്ട്.



എത്ര നല്ലതാണ്? അതു മേൽക്കോയ്മയുടേതായ അധികാരമല്ല, സ്നേഹത്തിന്റേതായ അവകാശമാണ് (579-580) എന്നാണ് കാന്തിമതി ആശ്വസിക്കാൻ ശ്രമിക്കുന്നത്. പിന്നീട് സുരേന്ദ്രന്റെ ഭാവം മാറിയതും മധുരമില്ലാത്ത ചായകൊടുത്തതിന് ചായ കാന്തിമതിയുടെ ദേഹത്തൊഴിക്കുകയും ചെയ്ത സംഭവം വിവരിക്കുന്നു. അത്രയും കൊണ്ട് ഈ രംഗം അവസാനിച്ചില്ല.

കാന്തിമതിയുടെ ഉജ്ജ്വലമായ ഓപ്റ്റിമിസം, ആ ദമ്പതിമാർക്കിടയിലാകെ ശേഷിച്ചിരുന്ന ഒരേ ഒരഭിപ്രായച്ചേർച്ച, ദാമ്പത്യത്തെപ്പറ്റി കാന്തിക്കുണ്ടായിരുന്ന മൗലികമായ തത്ത്വസംഹിത, അവളുടെ മുഗ്ദ്ധ മൃദുലമായ കവിൾത്തടം-ഇത്രയും ഒറ്റയടിയിൽ അയാൾ തകർത്തു കളഞ്ഞു. (582)

തലോടിവേണം സ്ത്രീയെ അനുസരിപ്പിക്കാൻ എന്ന ആദർശം പറഞ്ഞിരുന്ന വാചാ പ്രസംഗങ്ങൾ നടത്തിയിരുന്ന സുരേന്ദ്രന്റെ ഈ അടി അവളെ നടുക്കുന്നുണ്ട്. എന്നാലതിനു ശേഷം അയാൾ ചായ പുരണ്ടു നിൽക്കുന്ന അവളെ പുൽകുകയും ആശ്വസിപ്പിക്കുകയും ചെയ്യുമ്പോൾ ആഖ്യാതാവാണ് വീണ്ടും ഇടപെടുന്നത്.

ആ സന്ദർഭത്തിൽ, തെറ്റു ചെയ്തു ശിക്ഷിക്കപ്പെട്ടു നിലവിളിക്കുമ്പോൾ സാന്ത്വനമായി കൊച്ചുന്നാളിൽ കിട്ടാറുള്ള മധുരപലഹാരത്തെപ്പറ്റി കാന്തിമതി ഓർത്തിരിക്കുമോ ആവോ! (582)

പ്രണയത്തെ സസൂക്ഷ്മം പരിശോധിക്കുന്ന കാന്തിമതി പലപ്പോഴും ഈ ആധിപത്യം സ്നേഹത്തിന്റെ അവകാശമായി ആശ്വസിക്കാൻ ശ്രമിക്കുകയും അതിനകത്തു തന്നെ തന്റെ ആഗ്രഹങ്ങളെ നിലനിർത്തുകയും ചെയ്യുന്നു. എന്നാൽ ഇതിനെ അകലെ നിന്ന് വീക്ഷിക്കുന്ന ആഖ്യാതാവാണിതിലെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞതായി വ്യക്തമാക്കുന്നത്.

ഇങ്ങനെ പ്രണയമനുഭവിക്കുന്ന, അതിന്റെ മാറ്റങ്ങളെ ഉറ്റു നോക്കുന്ന വ്യക്തികളും പലപ്പോഴും അതിന്റെ വഴികളിൽ തന്നെ വലിച്ചു ചേർക്കപ്പെടുന്നവരാണ്. പക്ഷെ കഥ പറയുന്നയാൾ വലിയ ആമുഖവും കൂട്ടിച്ചേർക്കലുകളും ചിത്രീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇത് കഥകൾക്കകത്തെ വൈരുദ്ധ്യമല്ല പ്രണയത്തെക്കുറിച്ചുള്ള എഴുത്തുകാരിയുടെ തന്നെ സംഘർഷങ്ങളാണെന്നു കാണാം. പ്രണയത്തെ ആഗ്രഹിക്കുകയും പരസ്പരമുള്ള അംഗീകാരത്തിന്റെ തലംവരെ അവരതിനെ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്ഥാപനമെന്ന നിലക്ക് പുരുഷനനുകൂലമായും പുരുഷാധികാരത്തിലും നിലനിൽക്കുന്ന

> സ്ത്രീത്വം, പുരുഷത്വം ഇവയെ സംബന്ധിച്ച ചില പരമ്പരാഗത ധാരണകളെ സരസ്വതിയമ്മ ചോദ്യം ചെയ്യുന്നുണ്ട്. മരം കയറുന്ന, സിഗരറ്റു വലിക്കുന്ന വിലാസിനിയിൽ പുരുഷത്വമാണുള്ളതെന്നാ രോപിക്കുന്നവരെ അന്നപൂർണ്ണി കളിയാക്കുന്നുണ്ട് പെൺബുദ്ധി എന്ന കഥയിൽ. (509) ഇവയെല്ലാം സ്ത്രീയുടെ കൂടി താല്പര്യമാണെന്നംഗീകരിക്കുകയാണിതിലൂടെ അവർ ചെയ്യുന്നത്. അല്ലെങ്കിൽ പുതിയ ഒരു സ്ത്രീത്വ സങ്കല്പം തന്നെ അവരിതിലൂടെ മുന്നോട്ടുവെക്കുന്നു. അതുപോലെ കന്യകാത്വം, പാതിവ്രത്യംപോലുള്ള സങ്കല്പങ്ങളെ അവർ കണക്കിനു പരിഹസിച്ചിട്ടുമുണ്ട്.

നടത്തി പുരുഷനനുകൂലമായി നിലനിൽക്കുന്ന വ്യവസ്ഥയെ പൊളിച്ചു കാട്ടുന്നു.

ഇങ്ങനെ സരസ്വതിയമ്മയുടെ പ്രണയകഥകളെ മൊത്തത്തിൽ വിലയിരുത്തുമ്പോൾ പ്രണയത്തെക്കുറിച്ചുള്ള നിശിത വിമർശനങ്ങളുണ്ടാവുന്നത് പ്രണയത്തെ ഭീതിയോടെ നോക്കിക്കാണുന്നവർ അല്ലെങ്കിൽ അതിന്റെ മാസ്മരിക വലയത്തിൽ നിന്ന് പുറത്തു കടന്ന് പിന്തിരിഞ്ഞു നോക്കുന്നവരിൽ നിന്നാണ്. അതേസമയം പ്രണയത്തെ കിനാവുകാണുന്ന അതിന്റെ വഴികളിലേക്ക് ആവേശപൂർവ്വം നീങ്ങുകയും ചെയ്യുന്ന കഥാപാത്രങ്ങളെയും സരസ്വതിയമ്മ ഒന്നായിമാറുന്നിടത്തു നിന്ന് അവരതിൽ നിന്ന് പിന്മടങ്ങുകയും ചെയ്യുന്നു. ഇത് പ്രണയത്തിൽ മാത്രമല്ല വിവാഹം, കുടുംബം പോലുള്ള മറ്റു സ്ഥാപനങ്ങളെയും ഇതേ രീതിയിലാണവർ ചിത്രീകരിച്ചിട്ടുള്ളത്.

ഇതിന്റെ ഭാഗമായിത്തന്നെ പ്രണയത്തെ സംബന്ധിച്ച കുറെയധികം സങ്കല്പങ്ങളെയും അവർ ചർച്ചക്കെടുക്കുന്നുണ്ട്. ദിവ്യം, മധുരം, അനശ്വരം, ആധ്യാത്മികം തുടങ്ങിയ വിശേഷങ്ങളിൽ മധുരാനുഭൂതിയെമാത്രമാണവർ ഒരു പരിധിവരെ സ്വീകരിച്ചിട്ടുള്ളത്. അതിനു കാരണം അത് ഭൗതികവും ഇന്ദ്രിയാനുഭവവുമാണെന്നുള്ളതാണ്.

അല്ലാതുള്ളവയെല്ലാം ശക്തമായ ഭാഷയിൽ വിമർശിക്കുകയും നിഷേധിക്കുകയുമാണീ കഥകൾ.

മേൽപറഞ്ഞ വിശേഷണങ്ങളും കാത്തിരിപ്പ്, ജന്മാന്തരങ്ങളിലുള്ള വിശ്വാസം, ലജ്ജ തുടങ്ങിയവയും പ്രണയത്തിനു നൽകുന്ന കാല്പനിക ആവരണങ്ങളെ നിഷ്കരുണം ഭേദിക്കുന്നു ഈ കഥകളിൽ. ഇങ്ങനെ നിലനിൽക്കുന്ന വ്യവസ്ഥയിൽ പ്രണയം എങ്ങനെ പുരുഷാനുകൂലമായി നിൽക്കുന്നു എന്നിവർ വ്യക്തമാക്കുന്നു. രമണന്റെ കാല്പനികാവരണങ്ങളും ഭേദിച്ച് അതിലെ പ്രണയത്തെ സ്ത്രീപക്ഷത്തു നിന്ന് വിലയിരുത്താനവർക്കാവുന്നതും ഇതുകൊണ്ടാണ്. ഇത്തരം സങ്കല്പങ്ങൾ മാത്രമല്ല പുരുഷാധിപത്യപരമായി ഇതിനെ നിലനിർത്തുന്നതെന്ന ബോധ്യവും അവർ പ്രകടമാക്കിയിട്ടുണ്ട്. ഇതിലുൾപ്പെടുന്ന എല്ലാ ഘടകങ്ങളെയും അവരിതിനായി സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. സാമ്പത്തികമായ പരാധീനത പെട്ടെന്നു തിരിച്ചറിയാവുന്ന ഒന്നായി ഈ കഥകളിൽ വരുന്നു. മാത്രമല്ല പുരുഷന്റെ ശാരീരികഘടനപോലും ഇതിലെങ്ങനെ പങ്കുവഹിക്കുന്നുവെന്ന് അവർ ചിന്തിക്കുന്നതു കാണാം.

അക്കാലഘട്ടത്തിലെ മറ്റെഴുത്തുകളുമായതിനെ താരതമ്യം ചെയ്യുമ്പോൾ തീർച്ചയായും വിപ്ലവകരമായ മൗലികമായ ഒരു ചിന്തയാണിതെന്നു പറയാം. പ്രണയത്തിന്റെ കാല്പനികതയെ തകർക്കുകയും സ്ത്രീ പക്ഷത്തുനിന്നതിനെ വിലയിരുത്തുകയും പുരുഷാനുകൂലമായതിനെ മാറ്റിയ വ്യവസ്ഥിതിയെത്തന്നെ വിമർശിക്കുകയും ചെയ്യുന്നവയാണീ കഥകൾ.

സ്ത്രീത്വം, പുരുഷത്വം ഇവയെ സംബന്ധിച്ച ചില പരമ്പരാഗത ധാരണകളെ സരസ്വതിയമ്മ ചോദ്യം ചെയ്യുന്നുണ്ട്. മരം കയറുന്ന സിഗരറ്റു വലിക്കുന്ന വിലാസിനിയിൽ പുരുഷത്വമാണുള്ളതെന്നാരോപിക്കുന്നവരെ അന്നപൂർണ്ണി കളിയാക്കുന്നുണ്ട് പെൺബുദ്ധി എന്ന കഥയിൽ. (509) ഇവയെല്ലാം സ്ത്രീയുടെ കൂടി താല്പര്യമാണെന്നംഗീകരിക്കുകയാണിതിലൂടെ അവർ ചെയ്യുന്നത്. അല്ലെങ്കിൽ പുതിയ ഒരു സ്ത്രീത്വ സങ്കല്പം തന്നെ അവരിതിലൂടെ മുന്നോട്ടുവെക്കുന്നു. അതുപോലെ കന്യകാത്വം, പാതിവ്രത്യംപോലുള്ള സങ്കല്പങ്ങളെ അവർ കണക്കിനു പരിഹസിച്ചിട്ടുമുണ്ട്.

പ്രണയ പരീക്ഷണങ്ങളിലൂടെ തന്റെ ഇണയെ തിരഞ്ഞെടുക്കുന്ന പെൺകുട്ടി (പ്രേമഭാജനം) വിപ്ലവം മാത്രമല്ല സമകാലിക ഭാവുകത്വവും അവരുടെ സൃഷ്ടികൾക്ക് നൽകുന്നുണ്ട്.

പക്ഷെ ഇന്നു വായിക്കുമ്പോൾ തോന്നുന്ന പരിമിതികളും കൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ടെന്നു തോന്നുന്നു. സ്ത്രീത്വം, പുരുഷത്വം ഇവയെ സംബന്ധിച്ച ചില പരമ്പരാഗത ധാരണകളെ സരസ്വതിയമ്മ ചോദ്യം ചെയ്യുന്നുണ്ട്. മരം കയറുന്ന, സിഗരറ്റു വലിക്കുന്ന വിലാസിനിയിൽ പുരുഷത്വമാണുള്ളതെന്നാരോപിക്കുന്നവരെ അന്നപൂർണ്ണി കളിയാക്കുന്നുണ്ട് പെൺബുദ്ധി എന്ന കഥയിൽ. (509)

ഇവയെല്ലാം സ്ത്രീയുടെ കൂടി താല്പര്യമാണെന്നംഗീകരിക്കുകയാണിതിലൂടെ അവർ ചെയ്യുന്നത്. അല്ലെങ്കിൽ പുതിയ ഒരു സ്ത്രീത്വ സങ്കല്പം തന്നെ അവരിതിലൂടെ മുന്നോട്ടുവെക്കുന്നു. അതുപോലെ കന്യകാത്വം, പാതിവ്രത്യംപോലുള്ള സങ്കല്പങ്ങളെ അവർ കണക്കിനു പരിഹസിച്ചിട്ടുമുണ്ട്.

എന്നാൽ വിവാഹംവരെ തന്റെ ശരീരം കളങ്കപ്പെടാതെ സൂക്ഷിക്കേണ്ടത് കർത്തവ്യമാണെന്നു കരുതുന്ന സ്ത്രീകളാണധികവും. *പ്രേമഭാജനം* എന്ന നോവലിൽ ഫ്ളർട്ട് എന്ന വാക്കു കൊണ്ടു വിശേഷിപ്പിച്ച പ്രേമപരീക്ഷണങ്ങളിലെല്ലാം ഏർപ്പെടുന്ന ബുനി പോലും കന്യകാത്വം പോകാതെ പ്രണയബന്ധങ്ങളിലേർപ്പെടുന്നവളാണ്. (872) കന്യകാത്വത്തെ സംബന്ധിച്ച സാമാന്യധാരണകളെയും പുരാണ സങ്കല്പങ്ങളെയും ഇവിടെ ചോദ്യം ചെയ്യുന്നുവെങ്കിലും ശരിയായ പകുതിക്കുവേണ്ടി അത് കരുതിവെക്കുന്നവൾ തന്നെയാണിതിലെ നായിക. അതിലൂടെ നിർവ്വാണമടയുന്നവളും. മാത്രമല്ല സ്ത്രീസ്വാതന്ത്ര്യം, സമത്വം, ബുദ്ധികൊണ്ടുള്ള തുല്യത തുടങ്ങിയവക്കു വേണ്ടി വാദിക്കുമ്പോഴും സേവനം/ശുശ്രൂഷ സ്ത്രീയുടെ ജന്മവാസനയാണെന്ന് പല കഥകളിലും ഉറപ്പിക്കുന്നു. (828)

ചോലമരങ്ങൾ പോലുള്ള കഥകളിൽ സേവന മനോഭാവത്തെ പ്രണയത്തേക്കാൾ ഉദാത്തമായി വിലയിരുത്തുകയും ചെയ്യുന്നു. സ്ത്രീയുടെ ത്യാഗത്തിന്റെ കഥകളായിത്തന്നെ പല കഥകളെയും വായിക്കേണ്ടി വരും. ഇതിന്റെ ഏറ്റവും പ്രകടരൂപമാണ് ദേവദൂതി എന്ന നാടകവും അതിലെ സാവിത്രി എന്ന കഥാപാത്രവും, ഇതിൽ പ്രണയത്തെ തന്നെ അവർ നിർവ്വഹിക്കുന്നത് ത്യാഗമായാണ്.

മറ്റൊരു പ്രധാന പ്രശ്നമായി തോന്നിയത് സരസ്വതിയമ്മ വിഭാവനം ചെയ്യുന്ന സ്ത്രീ സങ്കല്പനത്തിൽ ചില വിഭാഗങ്ങൾ തീർത്തും പുറത്തു നിൽക്കുന്നവരാണെന്നതാണ്. അന്തിക്കൂട്ട് എന്ന കഥ വിവാഹത്തിന് സ്ത്രീധനം കൊടുക്കാൻ സഹായമന്വേഷിച്ചെത്തിയ സ്ത്രീയെയും അവളുടെ മക്കളെയും കേന്ദ്രീകരിച്ചുള്ളതാണ്. കൂട്ടുകാരികളോടൊപ്പം ചിരിച്ചാർക്കുകയായിരുന്ന ഇതിലെ ആഖ്യാതാവ് സംഘത്തിലൊരു കുസൃതിക്കാരി പണപ്പിരിവിനെത്തിയവളുടെ വൈരൂപ്യത്തെ പരിഹസിക്കുന്നതു മുതൽ അവരുടെ ജീവിതത്തെയും ആദർശങ്ങളെയുമെല്ലാം തന്നിൽ നിന്ന് മാറ്റി നിർത്തി വിലയിരുത്തുന്നതാണീ കഥ.

അവളുടെ ഈശ്വരനോടുള്ളെതിര് എത്ര വേഗം സ്തുതിയായി മാറി എന്നതാണ് എന്നെ അതിശയിപ്പിച്ചത്. സ്ഥിരമായ ആദർശപ്രമാണങ്ങളും സ്നേഹവിദ്വേഷങ്ങളും ഇല്ലാത്തതിനാൽ ഏതു പരിതസ്ഥിതിക്കും ഉഗ്രമായ മാനസികസമരങ്ങളില്ലാതെ പെട്ടെന്നു വഴങ്ങിക്കൊടുക്കാൻ ഇക്കൂട്ടർക്കു സാധിക്കുമെന്നെനിക്കു തോന്നി. പിന്നീടവൾ പറഞ്ഞത് എന്റെ തോന്നലിനെ ശക്തിപ്പെടുത്തി. സ്നേഹിത പറഞ്ഞതെല്ലാം ശരിയെന്നും തെളിയിച്ചു. ഭർത്താവിനെപ്പറ്റി, യാത്രയാകാൻനേരം അവളിങ്ങനെയാണു പറഞ്ഞത്: പിന്നെ ഒരു കാര്യം കൂടി. ഭഗവാൻ തൊണച്ചാമതി. ഈ കൊച്ചൊന്നു തലയെടുത്ത് അവൾക്കൊരുത്തൻ വന്നു ചേരണതുവരെ തന്ത ആയുസ്സോടെ കെടക്കണം. അടിക്കാനാണെങ്കിലും ഒടയവനായിട്ടൊരുത്തൻ വേണ്ടേ അന്തിക്കൂട്ടിന്? പണ്ട് അമ്മ പറയുമ്പോലെ, ആണായിട്ടൊരുത്തൻ വീട്ടിലില്ലെങ്കിപ്പിന്നെ ആരോരുമില്ലാത്ത ഒരു പെണ്ണിനെ നാട്ടുകാരിട്ടേക്കുമോ? (576)

അനുജത്തിയുടെയും കൂട്ടുകാരികളുടെയും ജീവിതത്തിൽ ഉപദേശിക്കാനും വികാരത്തെ അടക്കി ബുദ്ധികൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും തയ്യാറാകുന്ന സ്ത്രീകളെയാണ് മറ്റു കഥകളിൽ കാണുന്നതെങ്കിൽ ഇതിൽ ഇക്കൂട്ടരെ പെട്ടെന്ന് മാറ്റി നിർത്താൻ എഴുത്തുകാരിക്കു കഴിയുന്നു. അവരുടെ പ്രേമത്തിനോ ദാമ്പത്യത്തിനോ അത്തരം വിശേഷണങ്ങളുമില്ല. അത് വെറും അന്തിക്കൂട്ടു മാത്രം. *പ്രേമഭാജനം* എന്ന നോവലിലും വേലക്കാരുടെ പ്രണയത്തെ ലൂസിയ കാണുന്ന വിധം അനുജത്തി വിവരിക്കുന്നുണ്ട്.

വേലക്കാർ തമ്മിൽ നിർദ്ദോഷമായി സല്ലപിക്കുന്നതും അല്പമൊക്കെ ശൃംഗരിക്കുന്നതും ബൂനി ഒരിക്കലും തടഞ്ഞില്ല. അതു കണ്ട് ഞാൻ മുഖം ചുളിക്കുമ്പോൾ അവരും മനുഷ്യരല്ലേ. ചിലപ്പോഴൊക്കെ ഒന്നു രസിച്ചോട്ടെ എന്നാണ് അവർ പറയുക. പക്ഷേ, രസം ആപൽക്കരമാകുമെന്നു വല്ല സംശയവും തോന്നിപ്പോയാൽ അന്നു മുതൽ അതിലെ സ്ത്രീ വേഷക്കാരിയെ കർശനമായി ശാസിക്കും. അവർക്കെല്ലാം ബൂനിയെ വലിയ പേടിയുമാണ്. (876)

> പ്രേമഭാജനം എന്ന നോവലിൽ ഫ്ളർട്ട് എന്ന വാക്കു കൊണ്ടു വിശേഷിപ്പിച്ച പ്രേമപരീക്ഷണങ്ങളിലെല്ലാം ഏർപ്പെടുന്ന ബുനി പോലും കന്യകാത്വം പോകാതെ പ്രണയബന്ധങ്ങളിലേർപ്പെടുന്നവളാണ്.

അവരും മനുഷ്യരല്ലേ എന്നുപറയുന്ന മനുഷ്യകുലത്തിലും താഴ്ന്ന വിഭാഗത്തിലുൾപ്പെട്ടവർ. അവരിൽ സ്ത്രീവേഷവും പുരുഷവേഷവുമുണ്ട് എന്നു പറയുന്നിടത്തു തന്നെ ഈ മാറ്റി നിർത്തൽ പൂർണ്ണമാകുന്നു. സ്ത്രീവേഷവും പുരുഷവേഷവുമിട്ട ഒരു കൂട്ടർ അവരെ തൽക്കാലം മനുഷ്യരായി പരിഗണിക്കാനുള്ള മനസ്സു കാണിക്കുന്നവൾ ലൂസിയ എന്നുമാത്രം. ശാസന ഇതിലും സ്ത്രീ വേഷക്കാരിക്കു തന്നെ. വേലക്കാരിയായ മാധവിയുടെ പ്രേമത്തെയും ഗർഭത്തെയും അംഗീകരിക്കാൻ ലൂസിയ ഒരിക്കലും തയ്യാറാകുന്നില്ല. അനുജത്തി അതിനെ കാരുണ്യപൂർവ്വം പരിഗണിക്കുന്നതായി കാണാം. പഴയ സിനിമകളിൽ ഹാസ്യരംഗമെന്ന നിലക്കാണ് വേലക്കാരുടെ പ്രണയരംഗങ്ങൾ ചിത്രീകരിക്കാറുള്ളത്. അതുപോലെ ചില പ്രണയങ്ങൾക്കും വ്യക്തിബന്ധങ്ങൾക്കും വില കൽപിക്കാൻ മടിക്കുന്ന അംശങ്ങളും ഇന്നീ കഥകളിൽ വായിച്ചെടുക്കാനാകും. ●

**കുറിപ്പ്**

ഇതിലുപയോഗിച്ചിട്ടുള്ള ഉദ്ധരിണികളും സൂചനയായി ബ്രാക്കറ്റിൽ കൊടുത്ത പേജ് നമ്പറുകളുമെല്ലാം സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികളിൽ നിന്ന് സ്വീകരിച്ചവയാണ്.

*കെ. സരസ്വതിയമ്മയുടെ സമ്പൂർണ്ണ കൃതികൾ*- 2001 ഡി.സി.ബുക്ക്സ് കോട്ടയം.

പെൺപക്ഷം



അജിത കെ.

# ആത്മബോധം തുളുമ്പുന്ന പുതിയ പെൺതലമുറ

കൊടുങ്ങല്ലൂരിലെ പ്ലസ്‌വൺകാരിയായ അശ്വതിയുടെ ആത്മബലിയുടെ പശ്ചാത്തലത്തിൽ ഈ പരാതികൾ വായിക്കപ്പെടുമ്പോൾ സ്വസമുദായത്തിൽ നിന്ന് ഒരല്പം തെന്നിമാറി മറ്റൊരു സമുദായത്തിൽ സ്വന്തം ഇണയെ കണ്ടെത്തുന്ന പെൺകുട്ടികളുടെ ഒരു പുതിയ തലമുറ ഉണർന്നു വരുന്നതായികാണാം

അടുത്തകാലത്തായി അന്വേഷിയിൽ വന്നുകൊണ്ടിരിക്കുന്ന ചില പരാതികളും അവ കൈകാര്യം ചെയ്യുന്നതിലൂടെ തിരിച്ചറിയുന്ന ചില വസ്തുതകളുമാണ് ഇത്തവണ 'പെൺപക്ഷം' എഴുതാൻ എന്നെ പ്രേരിപ്പിച്ചത്. കൊടുങ്ങല്ലൂരിലെ പ്ലസ്‌വൺകാരിയായ അശ്വതിയുടെ ആത്മബലിയുടെ പശ്ചാത്തലത്തിൽ ഈ പരാതികൾ വായിക്കപ്പെടുമ്പോൾ സ്വസമുദായത്തിൽ നിന്ന് ഒരല്പം തെന്നിമാറി മറ്റൊരു സമുദായത്തിൽ സ്വന്തം ഇണയെ കണ്ടെത്തുന്ന പെൺകുട്ടികളുടെ ഒരു പുതിയ തലമുറ ഉണർന്നു വരുന്നതായികാണാം.

സ്വന്തം വീട്ടുകാർ പല സമ്മർദ്ദങ്ങളും പ്രയോഗിച്ച് പതിനേഴാം വയസ്സിൽത്തന്നെ ഇഷ്ടമില്ലാത്ത പുരുഷന് കെട്ടിക്കൊടുത്ത പെൺകുട്ടി അഭയം തേടി വന്നത് ഒരു കഥ. പതിനെട്ട് വയസ്സ് കഴിഞ്ഞാലേ ഇന്ത്യൻ നിയമപ്രകാരം പെൺകുട്ടിയെ വിവാഹം കഴിപ്പിക്കാൻ പാടുള്ളൂ എന്നറിയാത്തവരല്ല രക്ഷിതാക്കൾ. ഇവിടെ രണ്ടുവശങ്ങളിലൂടെ ഈ പെൺകുട്ടിയുടെ മൗലികാവകാശങ്ങൾ ലംഘിക്കപ്പെട്ടിരിക്കുന്നു. ഒന്ന്; പ്രായപൂർത്തിയാവാതെ അവളെ കല്യാണം കഴിപ്പിച്ചു. രണ്ട്, അവൾക്ക് ഇഷ്ടമില്ലാത്ത പുരുഷനെയാണ് ഈ വിധത്തിൽ കെട്ടിക്കൊടുത്തത്.

അടുത്ത കഥ ഒരു പത്തൊമ്പതുകാരിയുടേതാണ്. അവൾക്കിഷ്ടമില്ലാത്ത, വെറുക്കുന്ന പുരുഷനെക്കൊണ്ട് അവളെ കല്യാണം കഴിപ്പിക്കാൻ തീരുമാനിച്ച രക്ഷിതാക്കൾക്കെതിരെ കുട്ടി പരാതി നൽകുന്നു. ഇവിടെ ഒരു പെൺകുട്ടിയുടെ ഇഷ്ടത്തിന് വിപരീതമായി അവൾ ജീവിതകാലം മുഴുവൻ കഴിയണമെന്ന് സമൂഹം കല്പിക്കുന്ന പുരുഷനോടൊപ്പം അവളെ വിവാഹം കഴിപ്പിക്കുന്ന രക്ഷിതാക്കളും ചെയ്യുന്നത് ഗുരുതരമായ ഒരു മൗലികാവകാശലംഘനമാണ്.

ഈ രണ്ട് കഥകളുടേയും പര്യവസാനം എന്തുതന്നെയായ്ക്കൊള്ളട്ടെ, പെൺകുട്ടികൾ ആത്മവിശ്വാസത്തോടെ സ്വജീവിതത്തെ കാണുന്ന, സ്വന്തം ജീവിതത്തിലെ ഇത്തരം തീരുമാനങ്ങൾ തങ്ങൾക്ക് സ്വീകരിക്കാൻ അവകാശമുണ്ടെന്ന ആത്മബോധം പ്രകടിപ്പിക്കുന്ന ഈ അവസ്ഥ, സദാചാരഗുണ്ടായിസത്തിനും ഭീമാകാരം പൂണ്ടിരിക്കുന്ന മതവർഗ്ഗീയ ശക്തികൾക്കും ഒരു ഭീഷണി തന്നെ. സ്വജീവിതം സ്വയം നിർണ്ണയിക്കാനുള്ള അവകാശത്തിൽ അക്രമാസക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഈ നികൃഷ്ടതത്വശാസ്ത്രങ്ങൾക്ക് ചുംബനസമരം പോലെ തന്നെ ഒരു വെല്ലുവിളിയാണ് ഈ പ്രവണത.

സംഘർഷം നിറഞ്ഞ സ്നേഹശൂന്യമായ സാഹചര്യങ്ങളിൽ നിന്ന് ഊഹിക്കാൻ പറ്റാത്ത കെണികളിൽ വീണുപോകുന്ന കൊച്ചുപെൺകുട്ടികൾ ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, ഈ പ്രശ്നം മറ്റൊരു തലത്തിലാണ് കൈകാര്യം ചെയ്യപ്പെടേണ്ടത്.

എന്നാൽ ആത്മവിശ്വാസത്തോടെ തീരുമാനങ്ങളെടുക്കുകയും തീരുമാനത്തിലുറച്ചു നിൽക്കുകയും ചെയ്യുന്ന പുതിയ പെൺതലമുറ തീർച്ചയായും ഭാവിയെക്കുറിച്ച് പ്രത്യാശയ്ക്ക് വക നൽകുന്നു. ●

കവിത

# ശില്പമാകാൻ തയ്യാറെടുക്കുകയാണ് ഓരോ പ്രണയവും



**ബിന്ദു ചാഴൂർ**



ആകാശം നോക്കിലൂടെ പണിത്,
കടൽക്കിതപ്പിനെ
നെഞ്ചിലൂടെ ഊതിയെടുത്ത്,
കാണാവഴിയിലൂടെ
ഒരു ചുംബനക്കുരുവിയെ പറത്തിവിട്ട്..
അങ്ങിനെയങ്ങിനെ......

മൗനത്തെ ചാരിനിന്ന്
ഒരു കവിത കണ്ണിലൂടെ പറക്കും
അനശ്വരതയിലേക്ക്
ഒരു ജലനാര് ആത്മാവിനെ കോർക്കും.....

.....എല്ലാം കഴിയുമ്പോൾ
തകർന്നുവീഴുമോയെന്ന്!  തീർച്ചയില്ല.
തകർന്നില്ലെങ്കിൽ
പിന്നെ
അമരത്വമാണ്
ഒരുലോഹശരീരം
കനത്ത ചൂടിൽ അടയിരുന്ന്
അനന്തമായി ഉരുകിക്കൊണ്ടേയിരിക്കും.....

# മലബാർ ഗോൾഡിനെതിരെയുള്ള സമരത്തിൽ അണിചേരുക...

എഴുപതുകളിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി അതിന്റെ വിപുലീകരണത്തിനു വേണ്ടി അക്വയർ ചെയ്ത എഴുപത് ഏക്കർ സ്ഥലം 26.8.1993 ലെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം കിൻഫ്രയ്ക്ക് കൈമാറാൻ തീരുമാനിക്കുകയും 25.8.1955ന്റെ കേരള സർക്കാർ ഓർഡർ പ്രകാരം 2,86,83,800 രൂപക്ക് അവർ ഏറ്റെടുക്കുകയും ചെയ്തു. കേന്ദ്രഗവൺമെന്റിന്റെ ആറുകോടി രൂപ ഗ്രാന്റ് ഉപയോഗിച്ച് 60 ഏക്കർ സ്ഥലം ഫുഡ് പാർക്കിനും 2 കോടി രൂപ ഗ്രാന്റ് ഉപയോഗിച്ച് 10 ഏക്കർ ഐ.ടിക്കുമായി സജ്ജീകരിച്ചു. ഇതിൽ 30 ഏക്കർ ഭക്ഷ്യവ്യവസായങ്ങൾക്കും 10 ഏക്കർ ഐടിക്കായും മാറ്റിവെച്ചു. കിൻഫ്രയുടെ ശിലാസ്ഥാപനം 1996ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ.എ.കെ. ആന്റണി നിർവ്വഹിച്ചു. 25.9.2003ന് ഈ പാർക്ക് ഇന്ത്യയിലെ ഒന്നാമത്തെ ഫുഡ്പാർക്കായി ബഹു. പ്രസിഡണ്ട് ഡോ. എ.പി.ജെ. അബ്ദുൾകലാം രാഷ്ട്രത്തിന് സമർപ്പിച്ചു.

ഇന്ന് മുപ്പതോളം ഭക്ഷ്യസംസ്ക്കരണ/അനുബന്ധ വ്യവസായങ്ങളും 26 ഐ.ടി സ്ഥാപനങ്ങളും കിൻഫ്രയിൽ പ്രവർത്തിക്കുന്നുണ്ട്.



ഈ പാർക്കിന്റെ മുൻവശത്തുള്ള 2.25 ഏക്കർ സ്ഥലം കൊമേഴ്സ്യൽ സോൺ ആയി മാറ്റിവെച്ചതായിരുന്നു. ഇവിടെയുണ്ടാക്കുന്ന ഉല്പന്നങ്ങളുടെ വില്പനക്കും പ്രചരണത്തിനും വേണ്ടിയായിരുന്നു അത്. ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ആക്ടിന്റെ ഒമ്പതാം ഖണ്ഡിക പ്രകാരം സ്ഥലം ഏതെങ്കിലും ആവശ്യത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ അത് ആ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. ഈ നിയമത്തിന് വിരുദ്ധമായി കിൻഫ്രയുടെ കണ്ണായ സ്ഥലത്ത് 2.25 ഏക്കർ സ്ഥലം വ്യവസായികാവശ്യത്തിനായി നൽകാൻ ചില നിബന്ധനകൾക്ക് വിധേയമായി ടെൻഡർ ക്ഷണിക്കുകയുണ്ടായി. മലബാർഗോൾഡിന്റെ ആവശ്യപ്രകാരമാവണം ഇത് ചെയ്തിട്ടുണ്ടാവുക. ഇല്ലെങ്കിൽ മലബാർഗോൾഡ് അല്ലാതെ മറ്റാരെങ്കിലും ഇത് ആവശ്യപ്പെട്ട് മുന്നോട്ടുവരുമായിരുന്നു. മലബാർ ഗോൾഡിൽ നിന്നു കിട്ടിയ ഏക ടെണ്ടർ അംഗീകരിച്ച് മറ്റൊന്നും നോക്കാതെ കിൻഫ്ര പ്രസ്തുത സ്ഥലം 22.03.2013ന് അവർക്കനുവദിച്ചു. 200 കോടി രൂപ മുതൽ മുടക്കി മൂന്ന് ഘട്ടങ്ങളിലായി രണ്ട് ലക്ഷം സ്ക്വയർ ഫീറ്റിൽ കെട്ടിടം

ഉണ്ടാക്കി 2675 ആളുകൾക്ക് ജോലികൊടുക്കാമെന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥലം കിൻഫ്ര അനുവദിക്കുന്നത്. ഇതേതുടർന്ന് കിൻഫ്രയുടെ ഏകജാലക ക്ലിയറൻസ്ബോർഡ് അവർക്ക് കെട്ടിടം ഉണ്ടാക്കാൻ 25.9.2013ന് അനുമതി നൽകി. ഇങ്ങനെ അനുമതി നൽകുമ്പോഴും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ഫാക്ടറീസ് & ബോയിലേഴ്സിന്റെയും ഫയർ & സേഫ്റ്റിയുടെയും അംഗീകാരം വാങ്ങി പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണഘട്ടങ്ങൾ അനുസരിച്ചേ കെട്ടിടം ഉണ്ടാക്കാവൂ എന്ന നിബന്ധന പ്രസ്തുത ഓർഡറിൽ തന്നെയുണ്ട്. പക്ഷേ ഈ അനുവാദം ഒന്നും തന്നെ വാങ്ങാതെ പ്രസ്തുത നിർമ്മാണം നടന്നുവരുന്നതിൽ വമ്പിച്ച അഴിമതിയും പക്ഷപാതവും ഔദ്യോഗികതലത്തിലും ഭരണതലത്തിലുമുള്ള അനാവശ്യ കൈകടത്തലുകളും ഉണ്ട് എന്നത് നിസ്തർക്കമാണ്.

ഈ കമ്പനി പ്രദേശത്ത് ഉണ്ടാക്കിയേക്കാവുന്ന പ്രകൃതി അസന്തുലിതാവസ്ഥയും വായു, ജലമലിനീകരണ സാധ്യതകളും നിസ്സാരമല്ല. ഇത് ഒരു 'Red' വിഭാഗത്തിൽപ്പെടുന്ന 'Large Scale' സ്ഥാപനമാണ്. മലിനീകരണ നിയന്ത്രണബോർഡിന്റെ 9.08.2004ലെ സർക്കുലർ പ്രകാരം മേൽവിഭാഗത്തിൽപ്പെടുന്ന ഒരു വ്യവസായത്തിന്റെ 100 മീറ്ററിനുള്ളിൽ വീടുകളോ ആൾത്താമസമോ മറ്റ് സ്ഥാപനങ്ങളോ പാടില്ല. പക്ഷേ ഈ സ്ഥാപനത്തിന്റെ 100 മീറ്ററിനുള്ളിൽ 6 വീടുകളും 2 പള്ളികളും 36 കടകളും 78 ക്വാർട്ടേഴ്സുകളും ഒരു ബാങ്കും കിൻഫ്ര ഓഫീസും ആ കെട്ടിടത്തിലെ 13 ഓഫീസുകളും 26 ഐ.ടി.കമ്പനികളും പാരിസൺസിന്റെ പാമോയിൽ, വെളിച്ചെണ്ണ ഫാക്ടറികളും എസ്സെൻ ഫുഡ്സ്റ്റീസ് എന്ന കമ്പനിയുമുണ്ട്. ഈ കാരണം കൊണ്ട് തന്നെ കിൻഫ്ര ഈ കമ്പനിക്ക് സ്ഥലം അനുവദിക്കാൻ പാടില്ലായിരുന്നു. കിൻഫ്രയിൽ ഫുഡ്/അനുബന്ധവ്യവസായങ്ങൾക്കും ഐ.ടിക്കുമല്ലാതെ സ്ഥലമില്ല. ഫുഡ് വ്യവസായത്തിന്റെ സ്ഥലം വ്യാവസായിക ആവശ്യത്തിനു നൽകിയതിൽ വലിയ ക്രമക്കേടുകളുണ്ട് എന്നു പറയേണ്ടതില്ലല്ലോ. കേന്ദ്രഗവൺമെന്റിന്റെ ഫുഡ്സേഫ്റ്റി നിയമമനുസരിച്ച് ഫുഡ്പാർക്കിൽ ഇത്തരം ആസിഡ്/രാസമാലിന്യങ്ങൾ പുറത്തുവിടുന്ന കമ്പനി തുടങ്ങാനോ സ്ഥലം അനുവദിക്കുവാനോ പാടില്ല. ഈ നടപടിക്കെതിരെ കിൻഫ്രയിലുള്ള 30 ഭക്ഷ്യ സംസ്ക്കരണ/അനുബന്ധസ്ഥാപ



നങ്ങളുടേയും, 26 ഐ.ടി.സ്ഥാപനങ്ങളുടേയും സംയുക്തസംഘടനയായ കിൻഫ്ര ഇൻഡസ്ട്രീസ് ചേംബർ 12.6.2014ന് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയും പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സ്റ്റേ ചെയ്യാൻ ഓർഡർ സമ്പാദിക്കുകയും ചെയ്തു. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. എന്നാൽ ഉൽപാദനത്തിനുമാത്രമാണ് സ്റ്റേ എന്ന മട്ടിൽ നിർമ്മാണപ്രവർത്തികൾ അതിവേഗം പുരോഗമിച്ചുവരികയാണ്.

അറിയപ്പെടുന്ന വ്യവസായങ്ങളിൽ ഏറ്റവും അധികം ആസിഡുകളും, രാസപദാർത്ഥങ്ങളും അപകടകരമായ ലോഹങ്ങളും ഉപയോഗിക്കേണ്ടുന്ന വ്യവസായമാണ് സ്വർണ്ണാഭരണനിർമ്മാണം. സ്വർണ്ണം ലയിപ്പിക്കാൻ അക്വാറീജിയ എന്ന ഹോഡ്രോക്ലോറിക്, സൾഫ്യൂറിക് ആസിഡ് മിശ്രിതം വേണമെന്നും സ്വർണ്ണശുദ്ധീകരണത്തിന് സൾഫ്യൂറിക് ആസിഡ് വേണമെന്നും സ്വർണ്ണം 22 കാരറ്റ് ആക്കാൻ ചെമ്പ് ചേർത്ത് $1064^{0}$C ചൂടാക്കണമെന്നും സ്വർണ്ണത്തിന്റെ നിറം കൊടുക്കലും ഇലക്ട്രോപ്ലേറ്റിങ്ങും വിളക്കലും വേസ്റ്റേജ് കുറക്കലും മറ്റും വിവിധ ഘട്ടങ്ങളിൽ വരുന്നുണ്ട് എന്നും ഇവരുടെ അപേക്ഷയിൽ തന്നെ പറഞ്ഞിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കമ്പനി പുറത്തുവിടുന്ന മാലിന്യങ്ങളുടെ കണക്കേ അപേക്ഷയിൽ പറഞ്ഞിട്ടുള്ളൂ. പക്ഷേ മൂന്ന് വർഷത്തിൽ ഇതിന്റെ മൂന്ന് ഘട്ടങ്ങൾ പൂർത്തിയാവുമെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത കമ്പനി മൂന്ന് ഘട്ടം പൂർത്തിയാക്കുമ്പോൾ ഒരു ദിവസത്തെ ഇവരുടെ ഉൽപാദനം 120 കി.ഗ്രാം സ്വർണ്ണാഭരണമാണ്. ഇതിന് 2675 തൊഴിലാളികളെ നിയമിക്കുകയും ചെയ്യും. ഒരു ദിവസം ഇവർ പുറത്തുവിടുക 48 ലിറ്റർ ആസിഡ് മാലിന്യമാണ്. 15ഗ്രാം പൊട്ടാസ്യം സയനൈഡും, 11 ഗ്രാം ചെമ്പ് മാലിന്യങ്ങളും ഇതിന്റെ കൂടെ വരും. വിവിധ ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ടുന്ന മെർക്കുറി. കാഡ്മിയം, സിങ്ക്, ഈയ്യം, സെലീനിയം, ടെലൂറിയം, പലേഡിയം എന്നിവയുടേയും മായം ചേർക്കാനുപയോഗിക്കുന്ന ഇറീഡിയം, റുഥീനിയം എന്നിവയുടേയും മാലിന്യങ്ങൾ ഇതിനുപുറമെയാണ്. ഈ മാലിന്യങ്ങൾ മനുഷ്യന്റേയും ജീവജാലങ്ങളുടേയും ഹൃദയം, കരൾ, ശ്വാസകോശം,

തൊലി, നാഡീവ്യവസ്ഥ എന്നിവയെ തകർക്കുന്നതിനു പുറമെ ക്യാൻസർ പോലുള്ള മാരക രോഗങ്ങൾക്കും പ്രത്യുൽപാദനശേഷി നശിപ്പിക്കുന്നതിനും കാരണമാകും. മൂന്ന് ഘട്ടം പൂർത്തിയാവുമ്പോൾ മൂന്ന് ലക്ഷം ലിറ്റർ ജലം ഇവർക്ക് ആവശ്യമാകുമെന്നതും ഇത് മുഴുവൻ മലിനജലമായി പുറത്തുവരുമെന്നതുമാണ് മറ്റൊരു ഭീഷണി. കാക്കഞ്ചേരി കിൻഫ്ര കടൽനിരപ്പിൽ നിന്നും 155 അടി ഉയരത്തിലുള്ള സ്ഥലമാണ്. ഇതിന്റെ ചുറ്റുപാടുമുള്ള ചേലേമ്പ്ര, തേഞ്ഞിപ്പലം,, പള്ളിക്കൽ പഞ്ചായത്തുകൾ ഇതിനേക്കാൾ എത്രയോ താഴ്ന്ന നിരപ്പിലുമാണ്. അതുകൊണ്ട് തന്നെ ദിവസേന മൂന്നുലക്ഷം ലിറ്റർ മലിനജലവും 48 ലിറ്റർ ആസിഡ് മാലിന്യവും 11 കി.ഗ്രാം ചെമ്പ് മാലിന്യവും, 15 ഗ്രാ ം പൊട്ടാസ്യം സയനൈഡ് മാലിന്യവും, മെർക്കുറി, കാഡ്മിയം, സിങ്ക്, ഈയം, ടെലൂറിയം, പലേഡിയം തുടങ്ങിയ മാരകലോഹങ്ങളുടെ മാലിന്യങ്ങളും കൂടി ഈ രണ്ടേകാൽ ഏക്കർ സ്ഥലത്ത് ഒഴിച്ചാൽ ഈ മലിനജലമല്ലാതെ ഈ മൂന്ന് പഞ്ചായത്തുകളിലും ലഭിക്കുകയില്ല എന്നതാണ് ഇവിടുത്തെ ജനങ്ങളെ ആശങ്കാകുലരാക്കുന്നത്. ഈ ജലം ഭൂഗർഭത്തിലെത്തിയാൽ മനുഷ്യനും മൃഗങ്ങൾക്കും മാത്രമല്ല ചെടികൾക്കും മരങ്ങൾക്കും പോലും രക്ഷയുണ്ടാവുകയില്ല. ഈ കമ്പനിയിൽ നിന്നുണ്ടാവുന്ന ആസിഡ് കലർന്ന വിഷപ്പുക ഈ പ്രദേശത്തെ ചാമ്പലാക്കുമെന്ന കാര്യത്തിൽ തർക്കമില്ല.. ഇതിനു പുറമെ 2675 തൊഴിലാളികളുടെ മലമൂത്ര വിസർജ്ജ്യങ്ങളും ഭക്ഷ്യാവശിഷ്ടങ്ങളും ഈ രണ്ടേകാൽ ഏക്കർസ്ഥലത്ത് ഒഴിച്ചാൽ സ്ഥിതി കൂടുതൽ വഷളാകും.

ഈ കമ്പനി തുടങ്ങുന്നതിനെതിരെ 5.2.2014ന് നാട്ടിലെ ജനങ്ങൾ ഒപ്പിട്ട ഭീമഹരജി പഞ്ചായത്ത് പ്രസിഡണ്ട്, വില്ലേജ് ഓഫീസർ, കളക്ടർ, പോലീസ് അധികാരികൾ, വ്യവസായവകുപ്പ് സെക്രട്ടറി,




പ്രസ്തുത കമ്പനി മൂന്ന് ഘട്ടം പൂർത്തിയാക്കുമ്പോൾ ഒരു ദിവസത്തെ ഇവരുടെ ഉൽപാദനം 120 കി.ഗ്രാം സ്വർണ്ണാഭരണമാണ്. ഇതിന് 2675 തൊഴിലാളികളെ നിയമിക്കുകയും ചെയ്യും. ഒരു ദിവസം ഇവർ പുറത്തുവിടുക 48 ലിറ്റർ ആസിഡ് മാലിന്യമാണ്. 15ഗ്രാം പൊട്ടാസ്യം സയനൈഡും, 11 ഗ്രാം ചെമ്പ് മാലിന്യങ്ങളും ഇതിന്റെ കൂടെ വരും. വിവിധ ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ടുന്ന മെർക്കുറി. കാഡ്മിയം, സിങ്ക്, ഈയ്യം, സെലീനിയം, ടെലൂറിയം, പലേഡിയം എന്നിവയുടേയും മായം ചേർക്കാനുപയോഗിക്കുന്ന ഇറീഡിയം, റുഥീനിയം എന്നിവയുടേയും മാലിന്യങ്ങൾ ഇതിനുപുറമെയാണ്.

ചീഫ് സെക്രട്ടറി, തുടങ്ങി സ്ഥലം എം.എൽ.എ, വ്യവസായവകുപ്പ് മന്ത്രി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതലയുള്ള ഊർജ്ജവകുപ്പ് മന്ത്രി, മുഖ്യമന്ത്രി തുടങ്ങി പ്രതിപക്ഷനേതാവ് വരെയുള്ളവർക്ക് സമർപ്പിക്കുകയുണ്ടായി. കോടതിയിൽ നിന്നും വ്യക്തമായ ഒരു സ്റ്റേ നിലവിലുള്ള സാഹചര്യത്തിൽ ഇവിടെ മിഷിനറികൾ ഇറക്കാനുള്ള ശ്രമം 16.12.2014ന് നാട്ടുകാർ തടഞ്ഞു. പോലീസിനെ വിട്ട് സമരക്കാരെ അടിച്ചമർത്താനാണ് അടുത്ത ശ്രമം നടത്തിയത്. യാതൊരു അക്രമത്തിലും പങ്കെടുക്കാത്ത സമിതിഭാരവാഹികളെ, കമ്പനിയിൽ കയറി ജീവനക്കാരെ മർദ്ദിച്ച് മൂന്ന് ലക്ഷം രൂപ വിലവരുന്ന കമ്പ്യൂട്ടറുകളും മറ്റും കേടുവരുത്തി എന്നാരോപിച്ച് പോലീസിനെ സമീപിച്ച് ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്യിക്കാനാണ് ഇവർ ശ്രമിച്ചത്. ഇതിൽ ക്ഷുഭിതരായ ജനങ്ങൾ 20.12.2014 മുതൽ കമ്പനി പടിക്കൽ

യാതൊരു അക്രമത്തിലും പങ്കെടുക്കാത്ത സമിതി ഭാരവാഹികളെ, കമ്പനിയിൽ കയറി ജീവനക്കാരെ മർദ്ദിച്ച് മൂന്ന് ലക്ഷം രൂപ വിലവരുന്ന കമ്പ്യൂട്ടറുകളും മറ്റും കേടുവരുത്തി എന്നാരോപിച്ച് പോലീസിനെ സമീപിച്ച് ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്യിക്കാനാണ് ഇവർ ശ്രമിച്ചത്. ഇതിൽ ക്ഷുഭിതരായ ജനങ്ങൾ 20.12.2014 മുതൽ കമ്പനി പടിക്കൽ അനിശ്ചിതകാലസമരത്തിലാണ്.

അനിശ്ചിതകാലസമരത്തിലാണ്.

ഇതിനിടെ ജനങ്ങളുടെ ആശങ്കയകറ്റാൻ എന്ന പേരിൽ മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ 2014 ഒക്ടോബർ 15-ാം തിയ്യതി സമിതിയെ ഒരു ചർച്ചക്കു വിളിച്ചു. സ്വർണ്ണാഭരണ നിർമ്മാണം അവിടെ പാടില്ല എന്ന നിലപാടിലാണ് സമിതി ഉറച്ചു നിന്നത്.

3.9.2013ൽ നൽകിയ അപേക്ഷയിലെ പല കാര്യങ്ങളും തിരുത്തി 'Red' വിഭാഗത്തിൽ നിന്നും 'Green' വിഭാഗത്തിൽ പെടുത്താനായി ബോർഡ് പുതിയ



അപേക്ഷ വാങ്ങിക്കുകയും ലൈസൻസ് കൊടുക്കുകയും ചെയ്തു.

'Red' വിഭാഗത്തിൽ നിന്നും 'Green' വിഭാഗത്തിലേക്ക് മാറ്റി അനുമതി നൽകിയ മലബാർഗോൾഡിന്റെ തിരുവണ്ണൂരിലെ കമ്പനിക്കുണ്ടായ അവസ്ഥ പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും അറിയാം. 3 കി.ഗ്രാം സ്വർണ്ണാഭരണം നിർമ്മിക്കാൻ ലക്ഷ്യമിട്ട പ്രസ്തുത കമ്പനി വെറും 6 മാസം കൊണ്ട് ആ പ്രദേശത്തെ മുഴുവൻ കിണറുകളും അശുദ്ധമാക്കുകയും അന്തരീക്ഷം മലിനമാക്കുകയും ചെയ്തപ്പോൾ ജനങ്ങൾ അവരെ അടിച്ചോടിച്ച കാര്യം ഈ കമ്പനി മറക്കാറായിട്ടില്ല. ഒരു വർഷം മുമ്പാണത്. 3 കി.ഗ്രാം ആഭരണമുണ്ടാക്കിയപ്പോൾ ഇത്രയധികം മലിനീകരണം ഉണ്ടായെങ്കിൽ 120 കി.ഗ്രാം സ്വർണ്ണാഭരണം ദിവസം ഉൽപാദിപ്പിച്ചാൽ ഇവിടുത്തെ സ്ഥിതി എന്താവുമെന്ന് പറയേണ്ടതില്ലല്ലോ? നാല് വളയും നാല് മോതിരവും മൂന്ന് ചെയിനും നിർമ്മിക്കുന്ന കമ്പനി 'Red' വിഭാഗത്തിൽപ്പെടുത്തി അനുമതി നൽകിയ മലിനീകരണ നിയന്ത്രണ ബോർഡ് 120 കി.ഗ്രാം സ്വർണ്ണാഭരണമുണ്ടാക്കുന്ന കമ്പനിക്ക് 'Green' വിഭാഗത്തിൽപ്പെടുത്തി ലൈസൻസ് നൽകിയെങ്കിൽ ഈ ഇടപാട് ലക്ഷങ്ങളിൽ നിന്ന് കോടികളിലേക്ക് കടന്നിട്ടുണ്ടാവുകയില്ലേ?

സമരം 83 ദിവസം പിന്നിട്ട 12.3.2015 ന് ബഹു.വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ബഹു.ജില്ലാ കളക്ടറും ഡെപ്യൂട്ടി കളക്ടറും തിരൂർ ആർ.ഡി.ഒയും കിൻഫ്ര എം.ഡിയും പൊല്യൂഷൻ കൺട്രോൾ ബോർഡ് എഞ്ചിനീയറും അടങ്ങിയ ഒരു സംഘം സമരസമിതിയുമായി ചർച്ച നടത്തി. യാതൊരു മാലിന്യവും ഉണ്ടാക്കാതെ സ്വർണ്ണാഭരണ നിർമ്മാണം നടത്താമെന്നും മാലിന്യം ഉണ്ടായാൽ കമ്പനി അടച്ചുപൂട്ടണമെന്ന നിർദ്ദേശവുമാണ് അവർ മുന്നോട്ട് വെച്ചത്. ഈ പരീക്ഷണത്തിന് നാട്ടുകാർ തയ്യാറല്ല എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വണ്ണം അവരെ ബോധ്യപ്പെടുത്തിയാണ് ചർച്ച അവസാനിപ്പിച്ചത്.

ഈ നാട്ടിലെ മുഴുവൻ ജനങ്ങളും കിൻഫ്രാപാർക്കിലെ മലബാർഗോൾഡ് ഒഴികെയുള്ള എല്ലാ കമ്പനികളും ഒരു ഭാഗത്തും മലബാർഗോൾഡും പോലീസും ഉദ്യോഗസ്ഥരും ഭരണകൂടവും മറുവശത്തും നിൽക്കുന്ന ഒരു സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. ശക്തമായ സമരം മാത്രമെ ലക്ഷ്യപ്രാപ്തിയിലെത്താൻ നമ്മളെ സഹായിക്കുകയുള്ളൂ. കക്ഷിരാഷ്ട്രീയ ഭേദമെന്യേ ജനങ്ങൾ നൽകുന്ന പങ്കാളിത്തവും സഹകരണവും തന്നെയാണ് നമ്മുടെ ശക്തി. ഈ സമരത്തിൽ ആത്യന്തികമായി ജനങ്ങൾ വിജയിക്കുക തന്നെ ചെയ്യും. കാരണം ഇത് ഈ നാടിന്റെ സുരക്ഷക്കു വേണ്ടിയുള്ള ധർമ്മസമരമാണ് എന്നതുതന്നെ. ●



കെ.ആർ.മല്ലിക

# ദൂരം

> ഒരു പാട്ടുപോലെ
> ജീവിക്കാനാണ് അവൾ
> അപ്പോൾ ഇഷ്ടപ്പെട്ടത്.
> ഒളിഞ്ഞും തെളിഞ്ഞും
> ഇടയ്ക്ക് തെന്നിവീണും.



**വൈ**കീട്ട് സെനറ്റ് ഹാളിലേക്ക് ഞാനുമുണ്ടെന്ന് ഉഷ പറഞ്ഞപ്പോൾ അത്ഭുതത്തോടെയാണ് ഭർത്താവ് പത്രത്തിൽ നിന്ന് മുഖമുയർത്തിയത്. എന്തുപറ്റി എന്ന് ചോദിക്കുകയും ചെയ്തു. അപ്പോൾ ചിരി വരുത്തിക്കൊണ്ട് അവൾ ഒരു തിരുത്ത് നൽകി.

വെറുതെ. ലൈവായി ഒരു പാട്ട് കേട്ടിട്ട് കുറെയായി.

നന്നായി. അത്രയും ചിന്ത വന്നല്ലോ. ഭർത്താവ് ചിരിച്ചു. നമ്മൾ ഒരുമിച്ച് പുറത്തേക്ക് പോയിട്ടും ആയി ഏറെക്കാലം.

ശരിയാണല്ലോ. എത്ര വർഷമായിട്ടുണ്ടാവും താനങ്ങനെ ഒരു പരിപാടി കാണാനായി പുറത്തേക്ക് പോയിട്ട്. വീട്ടിൽ നിന്ന് നഗരത്തിലേക്കുള്ള ദൂരവും വളവുകളും മരങ്ങളും പൂക്കളുമെല്ലാം അവൾ ഓർക്കാറുണ്ട്. പക്ഷേ, എന്തോ യാത്ര കഴിയുന്നില്ല. തന്നിലെ നിറങ്ങൾ എവിടെയാണ് അവസാനിച്ചത്?
മുൻപൊക്കെ ജീവിതത്തിന് ഒരുപാട് നിറങ്ങളുണ്ടെന്നു തോന്നിയിരുന്നു. ഇളംനിറം വീണ് ചില്ലുകൾ കറുത്ത വൈകുന്നേരങ്ങൾ. പ്രണയം തുളമ്പിപ്പോവുമെന്ന് ഭയന്ന് അമർത്തിപ്പിടിച്ച് ഓടി നടന്ന അകത്തളങ്ങൾ. ഗോപനെ ഓർത്താൽപ്പോലും പ്രണയം തുളമ്പിപ്പോയിരുന്നു.

ഒരു ചായ കൂടി എന്ന് ഭർത്താവ് വിളിച്ചുപറഞ്ഞപ്പോൾ നടുങ്ങിപ്പോയി. ഇതിപ്പോ, ഇങ്ങനെയൊരു ഒളിച്ചുവയ്ക്കലിന്റെ പ്രശ്നമേ ഉണ്ടായിരുന്നില്ല. അനിൽനായരുടെ പാട്ടുണ്ട്, എനിക്ക് ഭയങ്കര ഇഷ്ടമാണ് അനിലിനെ, പാട്ട് നേരിട്ടു കേൾക്കണം, ആളെ കാണണം എന്നു പറയുന്നതിൽ എന്തുതെറ്റാണുള്ളത്. മകന്റെ പ്രായമേ ഉണ്ടാവൂ അനിലിന്. കൗമാരത്തിനും യൗവ്വനത്തിനുമിടയിലെ ബലം കുറഞ്ഞ മീശരോമങ്ങ

ളുടെ കുറ്റി നിറഞ്ഞ മേൽച്ചുണ്ടും കീഴ്ത്താടിയും. ടിവിയിൽ ആ മുഖം സൂമിൽ വന്നു നിന്നപ്പോൾ പെട്ടന്നുമ്മവെക്കാനാണ് തോന്നിയത്. നടുക്കത്തോടെ എഴുന്നേറ്റകത്തേക്കു പോയി. ഈ മുഖം ആരുടേതായിരുന്നുവെന്ന് എത്ര പരതിയിട്ടും മനസ്സിലേക്കു വന്നതുമില്ല. വേദനയും ഏകാന്തതയും ഒരു പാട് മൗനവും കൊണ്ട് തീർത്തെടുത്ത ആ ഭാവം ഒരുപാട് നേരം മനസ്സിൽ കിടന്നു കിലുങ്ങി.

ചാനലുകളിൽ എവിടെ പാട്ടുണ്ടായാലും അതിനുമുന്നിൽ തപസ്സിരിക്കുന്ന സ്വഭാവം പണ്ടേയുണ്ട് അവൾക്ക്. ഒരു കഥ വായിച്ചാൽ ഏറെക്കാലം ആ വാരിക തലയണയ്ക്കടിയിൽ ഉണ്ടാവുന്നതുപോലെ. ഒരു പാട്ടുപോലെ ജീവിക്കാനാണ് അവൾ അപ്പോൾ ഇഷ്ടപ്പെട്ടത്. ഒളിഞ്ഞും തെളിഞ്ഞും ഇടയ്ക്ക് തെന്നിവീണും.

സെനറ്റ് ഹാളിലേക്കുള്ള യാത്രയ്ക്കായി കുങ്കുമവർണ്ണത്തിലെ ബോർഡറുള്ള സാരിയാണ് അവൾ തെരഞ്ഞെടുത്തത്. ആ സാരി കാണുമ്പോഴെല്ലാം ഒരു പഴയ സ്വപ്നത്തിൽ വിരലോടിക്കും പോലെ തോന്നും അവൾക്ക്. ഒരു കൈമുല്ലപ്പൂ ചൂടി, ഒരു ഐസ്ക്രീം നുണഞ്ഞ്, ഒരു പ്രണയത്തിന്റെ അവസാന പടിയിൽ നിന്ന രാത്രിയിൽ അവൾ ആ സാരിയാണ് അണിഞ്ഞത്.

വേദന മാറാത്ത ഒരോർമ്മ അതിൽ കുരുങ്ങി കിടന്നിട്ടും വസ്ത്രങ്ങളുടെ ശേഖരത്തിൽ നിന്ന് അതവൾക്ക് ഉപേക്ഷിക്കാനായില്ല. പക്ഷേ, ഭർത്താവ് പറഞ്ഞത് "ഇന്ന് കേമമായിട്ടാണല്ലോ" എന്നാണ്. ചിരിക്കുമ്പോൾ കണ്ണുകൾ നിറയാതിരിക്കാൻ അവൾ ശ്രദ്ധിച്ചു. പറയാത്ത പ്രണയത്തിന്റെ മധുരവും വേദനയും രണ്ടും അവൾക്കറിയാം; ഏറെ.

സെനറ്റ്ഹാളിൽ ചെല്ലുമ്പോൾ ഏറെപ്പേർ ഭർത്താവിന്റെ കൈപിടിച്ചു കുലുക്കി. അധികം അകലെയല്ലാത്ത സീറ്റിൽ ഇരിപ്പുറപ്പിച്ചപ്പോൾ എന്തോ അവളുടെ ഹൃദയം വല്ലാതെ മിടിച്ചു. ഒരു പഴയ രാത്രിയിലേക്ക് വളരെപ്പെട്ടെന്ന് നടന്നടുത്തപോലെ. രാത്രികളിലേക്ക് കവിൾ ചേർത്തിരിക്കുമ്പോൾ ഒന്നും അകലെയല്ലെന്ന തോന്നലുണ്ടാവും. ഒന്നും നഷ്ടപ്പെട്ടിട്ടില്ല. ഒന്നും.

വേദന മാറാത്ത ഒരോർമ്മ അതിൽ കുരുങ്ങി കിടന്നിട്ടും വസ്ത്രങ്ങളുടെ ശേഖരത്തിൽ നിന്ന് അതവൾക്ക് ഉപേക്ഷിക്കാനായില്ല. പക്ഷേ, ഭർത്താവ് പറഞ്ഞത്. "ഇന്ന് കേമമായിട്ടാണല്ലോ" എന്നാണ്. ചിരിക്കുമ്പോൾ കണ്ണുകൾ നിറയാതിരിക്കാൻ അവൾ ശ്രദ്ധിച്ചു. പറയാത്ത പ്രണയത്തിന്റെ മധുരവും വേദനയും രണ്ടും അവൾക്കറിയാം; ഏറെ.
സെനറ്റ്ഹാളിൽ ചെല്ലുമ്പോൾ ഏറെപ്പേർ ഭർത്താവിന്റെ കൈപിടിച്ചു കുലുക്കി. അധികം അകലെയല്ലാത്ത സീറ്റിൽ ഇരിപ്പുറപ്പിച്ചപ്പോൾ എന്തോ അവളുടെ ഹൃദയം വല്ലാതെ മിടിച്ചു. ഒരു പഴയ രാത്രിയിലേക്ക് വളരെപ്പെട്ടെന്ന് നടന്നടുത്ത പോലെ. രാത്രികളിലേക്ക് കവിൾ ചേർത്തിരിക്കുമ്പോൾ ഒന്നും അകലെയല്ലെന്ന തോന്നലുണ്ടാവും. ഒന്നും നഷ്ടപ്പെട്ടിട്ടില്ല. ഒന്നും.

ഇടയ്ക്ക് ഭർത്താവ് അവളുടെ ചെവിയിലേക്ക് കുനിഞ്ഞു.

നിന്റെ ഫേവറിറ്റ് ഗായകനുണ്ട്. അനിൽനായർ. അവൾ ചിരിച്ചു. എങ്കിലും അസ്വസ്ഥത തോന്നിയിരുന്നു. ഒടുവിലയാൾ നിശ്ശബ്ദനായി കടന്നുവന്ന് തെല്ലും ബഹളമില്ലാതെ ആളുകൾക്കിടയിൽ ഒന്നു പരതി മെല്ലെ രാത്രിയുടെ നിറങ്ങളിലേക്കും താളത്തിലേക്കും ഇറങ്ങിപ്പോയപ്പോൾ അവൾ എന്തോ ഒച്ചയുണ്ടാക്കാതെ കരഞ്ഞുകൊണ്ടിരുന്നു.

തിരികെവരുമ്പോൾ ഭർത്താവ് പറഞ്ഞു:

അനിൽനായർക്ക് നിന്റെ സുഹൃത്ത് ഗോപന്റെ നല്ല ഛായ. ഇനി അയാളുടെ മകനെങ്ങാനുമാണോ? നിർത്താതെ കരയാനുള്ള ഒരു അനുമതി കിട്ടിയതുപോലെ അവൾ സീറ്റിലേക്ക് ചാരിക്കിടന്നു. രാത്രിക്കു നല്ല വേവുണ്ടായിരുന്നു.

ഭർത്താവ് മേൽകഴുകാൻ കയറിയപ്പോൾ, അവർക്കിടയിലെ മൗനം എങ്ങനെയാണ് തകർക്കുക എന്നതിനെക്കുറിച്ച് മാത്രമാണ് അവൾ ചിന്തിച്ചത്. ഒരു പ്രണയത്തിലേക്ക് ഹൃദയംകൊണ്ട് നടന്നു പോകുന്ന ദൂരമുണ്ടാവില്ല കണ്ടു നിൽക്കുന്ന ഒരാളിന്റെ യാത്രക്ക്. പിന്നിലൂടെ നടന്നു വന്ന ഭർത്താവ് അവളെ വാരിയണച്ച് അനിൽനായർപാടിയ പാട്ടിന്റെ ഒരു വരി മൂളി. ഒരു ചെമ്പനീർ പൂവിറുത്ത് ഞാനോമലേ.... അവൾ എല്ലാം മറന്ന് പൊട്ടിക്കരഞ്ഞു.

●



## വാസ്തവം



ഡോ.ജാൻസി ജോസ്

കേരളനിയമസഭയിൽ പ്രത്യേകിച്ച് എന്തെങ്കിലും സംഭവിച്ചു എന്ന് പറയാൻ ഞാനത്ര വിഡ്ഢിയല്ല. ഒരാഴ്ചക്കാലം കണ്ടും വായിച്ചും കേട്ടും മനസ്സിലാക്കിയ ഞാൻ ചിന്തിച്ചത് എല്ലാവരും അവനവന്റെ തനി സ്വഭാവം കാണിച്ചതിപ്പോഴാണ് എന്നുമാത്രമാണ്. നിയമസഭക്ക് പുറത്ത് ഗുണ്ടകളെ വെക്കാം. എന്നാൽ അകത്ത് പറ്റില്ലല്ലോ. സഖാവ് അച്യുതാനന്ദന് ഒന്നും മിണ്ടാൻ പറ്റാത്ത കാലമാണല്ലോ ഇത്. എന്നാൽ നിയമസഭയിലും സഖാവിന് ഒരിര വീണുകിട്ടി. സ്ത്രീപീഡനം! ഒരുപക്ഷേ, ആരെങ്കിലുമൊക്കെ പറയാനിടയുണ്ട്– ഇതും അഡ്ജസ്റ്റ്മെന്റ് സമരം തന്നെയെന്ന്. ഒരു പക്ഷേ ജമീലപ്രകാശം കടിച്ചില്ലായിരുന്നില്ലെങ്കിൽ ശിവദാസമേനോന്റെ കൈ പി.ജെ.ജോസഫിന്റെ കൈപോലെയാകുമായിരുന്നു. 'പൊങ്ങാത്ത കൈ'! ഞാനീ പറയുന്നതൊന്നും വിശിഷ്ടരുടെ പോരായ്മകളോ കുറ്റങ്ങളോ അല്ല കേട്ടോ. കുറ്റം പറയുന്നത് ജനങ്ങളെ മാത്രം. നിയമസഭയിൽ കൂത്താടിയ ഒരാൾക്കും ഒരു വോട്ടു പോലും കൊടുക്കരുത് എന്ന ബുദ്ധി ജനത്തിനുദിച്ചിരുന്നുവെങ്കിൽ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കാറുണ്ട്. ഒരാഴ്ചകഴിഞ്ഞാൽ ഇവിടുത്തെ സ്ഥിതി എന്താകും? ഇവിടെയാരും കോഴകൊടുത്തിട്ടുമില്ല. വാങ്ങിയിട്ടുമില്ല. പിടിച്ചിട്ടുമില്ല. കടിച്ചിട്ടുമില്ല. കാഴ്ചക്കാർക്കും കേൾവിക്കാർക്കും മതിഭ്രമം വന്നതാകാം. അതുകൊണ്ടുതന്നെ ഈ ജനം അവരെത്തന്നെ വീണ്ടും ജയിപ്പിക്കും.

സ്ത്രീകളുടെ സുരക്ഷാപാക്കേജുകൾ തലസ്ഥാനനഗരിയായ ഡൽഹിയിൽ കൂടിക്കൊണ്ടേയിരിക്കുന്നു. സ്ത്രീകൾക്കു മാത്രമായി ടാക്സികൾ. ഇനി സ്ത്രീകൾക്കു മാത്രമായി തൊഴിൽസ്ഥലങ്ങൾ, റോഡുകൾ, വീടുകൾ, ഗ്രാമങ്ങൾ, നഗരികൾ, സംസ്ഥാനങ്ങൾ എന്നിവ തുടങ്ങിവെച്ചാൽ അതിക്രമങ്ങൾ കുറയുമോ? സ്ത്രീസുരക്ഷ ഉറപ്പുവരുത്താത്ത ഭരണകർത്താക്കളെ തുടരാൻ അനുവദിക്കരുത്. 72 വയസ്സുള്ള കന്യാസ്ത്രീ ബലാത്സംഗത്തിനിരയായപ്പോൾ സഭ കൂടെ നിന്നത് സന്തോഷകരം. അവരുടെ ചാരിത്ര്യശുദ്ധിക്ക് പ്രാധാന്യം കൊടുത്തില്ലല്ലോ. സമാധാനം. നമ്മുടെ പ്രാചീന ഗ്രന്ഥങ്ങളെല്ലാം നവീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ തെളിഞ്ഞു വരുന്നത്. സ്ത്രീ പുരുഷനുവേണ്ടിയുള്ളതാണ് എന്ന് പഠിപ്പിക്കുന്ന മതഗ്രന്ഥങ്ങളെല്ലാം തിരുത്തിയെഴുതപ്പെടണം. പുനർവ്യാഖ്യാനങ്ങൾ നടത്തി മനുഷ്യനെപ്പറ്റി പഠിപ്പിക്കണം. എന്നാൽ എല്ലാമനുഷ്യരും മനുഷ്യരെപ്പോലെ വളരുകയും പെരുമാറുകയും ചെയ്തേക്കാം. എന്നിട്ടും നന്നാകുന്നില്ലെങ്കിൽ മറ്റു പോംവഴികളിലേക്കു പോകാം. വരട്ടെ.



രശ്മി ജി.

# ബസ്‌യാത്രയും സ്ത്രീ സംവരണ പ്രതിസന്ധികളും

**സാ**ധാരണക്കാരന്റെ വാഹനമായ ബസ്സിനെ ജനകീയ വാഹനമെന്നു പൊതുവേ പരിഗണിക്കുമെങ്കിലും ബസ്സിനുള്ളിലെ കാര്യങ്ങൾ ജനകീയമോ ജനാധിപത്യമര്യാദകൾ പുലർത്തുന്നവയോ അല്ല. ബസ്സിലെ സീറ്റുകളിൽ ചെറിയൊരു ശതമാനം സ്ത്രീകൾക്കായും വളരെ ചെറിയൊരു ശതമാനം സീറ്റുകൾ അന്ധർ, അംഗപരിമിതർ/ മുതിർന്നപുരുഷന്മാർ എന്നിവർക്കായും സംവരണം ചെയ്യപ്പെടുമ്പോൾ ബാക്കിയുള്ള ഭൂരിപക്ഷം സീറ്റുകളും പുരുഷൻമാർക്കു മാത്രമുള്ളതായി മാറുന്നു/ കല്പി



ക്കപ്പെടുന്നു. സ്ത്രീകൾ അവർക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന സീറ്റുകൾക്കപ്പുറം പൊതുവായ സീറ്റിൽ ചെന്നിരുന്നാൽ പുരുഷന്മാർ അസ്വസ്ഥരാവുകയും ആ സ്ത്രീയെ അവിടെനിന്നു എണീപ്പിച്ച് മറ്റൊരു പുരുഷനെ പ്രതി

ഷ്ഠിക്കുകയും ചെയ്യുന്നത് സർക്കാർ വാഹനത്തിലെ പതിവു കാഴ്ചയാണെങ്കിൽ സ്വകാര്യബസ്സിൽ സ്ത്രീ മാറിയിരിക്കാനൊരുങ്ങുമ്പോൾ കിളി/ കണ്ടക്ടർ അതിവിനയത്തോടെ (പരിഹാസത്തോടെ) പെങ്ങളേ അതു സ്ത്രീകളുടെ സീറ്റല്ല അപ്പുറത്തുപോയിരിക്ക് എന്നു പറഞ്ഞുകളയും. ഇതേ സ്ത്രീ/ഒരു പുരുഷന്റെ കൂടെ (അമ്മ, മകൾ, ഭാര്യ, കാമുകി, സുഹൃത്ത്) ഒരു സീറ്റിൽ യാത്ര ചെയ്താൽ സ്വകാര്യ/ സർക്കാർ ബസ് ജീവനക്കാരോ യാത്രികരോ ഒരു ചോദ്യം ചെയ്യലിനും തയ്യാറാവില്ല.

ആണൊരുത്തന്റെ കൂടെ യാത്ര ചെയ്യുന്ന സ്ത്രീ പുരുഷാധികാര ഘടനകൾക്കു കീഴ്പ്പെട്ട് നില്ക്കുന്നതാണെന്ന പൊതുബോധവും അവൾ ഒറ്റയ്ക്കല്ല എന്ന തിരിച്ചറിവുമാണ് പല ചോദ്യങ്ങളിൽ നിന്നും അവൾ ഒഴിവാക്കപ്പെടുന്നത്. തനിച്ചായ സ്ത്രീ സീറ്റിനു വേണ്ടി തർക്കിച്ചാലോ ഉറക്കെ സംസാരിച്ചാലോ ജീവിതത്തിൽ യാതൊരു പരിചയവുമില്ലാത്ത പുരുഷന്മാർ അതിവേഗം ഒരു സംഘമാവുകയും ആ സ്ത്രീയ്ക്കെതിരെ പരുഷമായ രീതിയിൽ സംസാരിക്കുകയും ചെയ്യും. 'പൊതു ഇടങ്ങളിൽ' സ്ത്രീസ്വരം ഉയരാൻ പാടില്ലായെന്ന ആൺ അഹന്തകളാണ് ഇത്തരം നീക്കങ്ങളെ ശക്തിപ്പെടുക്കുന്നത്. യാദൃച്ഛികമായി പുരുഷൻമാർക്കിടയിൽ, ബസ്സിനുള്ളിൽ രൂപപ്പെടുന്ന 'സംഘബോധ'വും ആക്രമണ സ്വഭാവവും സ്ത്രീകൾക്കിടയിലുണ്ടാകാതെ പോകുമ്പോൾ ബസ്സിനുള്ളിൽ ഉറക്കെ സംസാരിച്ച സ്ത്രീ ഒറ്റപ്പെട്ടുപോകുന്നു. എനിക്കു സീറ്റു കിട്ടി ഇനി ഞാനെന്തിനാ മറ്റുള്ളവളുമാരുടെ കടെ അലമ്പുണ്ടാക്കാൻ പോകുന്നത് എന്നു ചിന്തിച്ചു നിശബ്ദയാകുന്ന മറ്റുള്ള സ്ത്രീകൾ പാരമ്പര്യ കുടുംബമഹിമകളെയല്ല മുറുകെ പിടിക്കുന്നത്. വെറുതെ പ്രശ്നങ്ങളിൽ പോയി ചാടണ്ട. എനിക്ക് എന്റെ കാര്യം മാത്രം എന്ന സ്വാർത്ഥയുക്തിയാണതിനു പിന്നിലുള്ളത്. പലപ്പോഴും സ്ത്രീകളുടെ കുറ്റകരമായ മൗനങ്ങളാണ് പല സാമൂഹ്യ പ്രശ്നങ്ങളെയും വഷളാക്കുന്നത്.

സ്ത്രീകളുടെ സീറ്റിൽ യാത്ര ചെയ്യുന്ന പുരുഷനോട് മാറിയിരിക്കാൻ പറഞ്ഞാൽ അതിനു വഴങ്ങാതെ അധികാരപൂർവ്വം ഇരുന്നുകൊണ്ട് യാത്രചെയ്യുന്ന എത്രയോ പേർ നമ്മുടെ കേരളത്തിലുണ്ട്. സ്ത്രീകളോടൊപ്പം ഒഴിഞ്ഞ സീറ്റിൽ വന്നിരിക്കുന്ന വ്യക്തി തട്ടിയും മുട്ടിയും ഗട്ടറുകൾ ചാടുമ്പോൾ കൂടുതൽ ഇടിച്ചുകയറി അവന്റെ യാത്ര ആസ്വാദ്യകരമാക്കുന്നു. ഇതിനു സമാനമായ അനുഭവങ്ങളാണ് വനിതകളായ ബസ്സ് കണ്ടക്റ്റർമാർക്കും പറയുവാനുള്ളത്. വനിതാ കണ്ടക്ടർ ഉള്ള ബസ്സുകൾ നോക്കിനിന്നു കയറുകയും ബസ്സിനുള്ളിൽ ബോധപൂർവ്വം തിരക്കുകൾ സൃഷ്ടിച്ച് കണ്ടക്ടറെ ആവോളം തട്ടുകയും മുട്ടുകയും ചെയ്യുന്ന പുരുഷൻമാരുള്ള നാടാണ് നമ്മുടെ കേരളം.

ഇതിൽ പറഞ്ഞിരിക്കുന്നവയിൽ നിന്നും ക്രോഡീകരിക്കുവാൻ കഴിയുന്ന കാര്യങ്ങൾ ഇതാണ്. പൊതുഇടങ്ങളിൽ യാത്രചെയ്യുന്ന സ്ത്രീ പുരുഷന്റെ അധികാര കേന്ദ്രങ്ങളെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാതെ കടന്നുപൊയ്ക്കൊള്ളണം. കമ്പോളാധിഷ്ഠിത സമൂഹത്തിൽ ഉപഭോഗ ഉല്പന്നമായി മാറിയ സ്ത്രീ ശരീരം പൊതുഇടങ്ങളിൽ പരമാവധി പുരുഷന് ആസ്വദിക്കുവാനുള്ളതാണ്. സാമൂഹ്യമായും സാംസ്കാരികമായും വിദ്യാഭ്യാസപരവുമായി ഏറെ ഉന്നതിയിലെത്തി എന്നു പറയപ്പെടുന്ന കേരളീയ സമൂഹത്തിലെ പുരുഷന്മാർ ബസ്സ് എന്ന പൊതുഇടത്തിൽ പോലും സ്ത്രീയെ ലൈംഗികവസ്തുവായി പരിഗണിച്ച് പെരുമാറുമ്പോൾ മലയാളിയുടെ ലൈംഗിക അരാജകത്വമാണ് വെളിവാക്കപ്പെടുന്നത്. സാമൂഹ്യബോധം, സദാചാരം, പെരുമാറ്റമര്യാദകൾ എന്നിത്യാദികൾ സന്മാർഗ്ഗപഠനക്ലാസുകളിൽ മാത്രമായി ഒതുങ്ങിപ്പോയത് സ്ത്രീകളുടെ സ്വാതന്ത്ര്യത്തോടെയുള്ള ഇടപെടലുകളോ, സ്ത്രീകളുടെ വസ്ത്രധാരണ രീതികളോ കൊണ്ടല്ല. എന്തിനെയും നിസ്സാരവൽക്കരിക്കുവാനും അരാജകത്വത്തിലേയ്ക്കു കൊണ്ടുപോയി പ്രതിഷ്ഠിക്കുവാനും ഉദ്യമിക്കുന്ന

> പൊതുഇടങ്ങളിൽ യാത്രചെയ്യുന്ന സ്ത്രീ പുരുഷന്റെ അധികാര കേന്ദ്രങ്ങളെ ചോദ്യം ചെയ്യുകയോ വിമർശിക്കുകയോ ചെയ്യാതെ കടന്നുപൊയ്ക്കൊള്ളണം. കമ്പോളാധിഷ്ഠിത സമൂഹത്തിൽ ഉപഭോഗ ഉല്പന്നമായി മാറിയ സ്ത്രീ ശരീരം പൊതുഇടങ്ങളിൽ പരമാവധി പുരുഷന് ആസ്വദിക്കുവാനുള്ളതാണ്. സാമൂഹ്യമായും സാംസ്കാരികമായും വിദ്യാഭ്യാസപരവുമായി ഏറെ ഉന്നതിയിലെത്തി എന്നു പറയപ്പെടുന്ന കേരളീയ സമൂഹത്തിലെ പുരുഷന്മാർ ബസ്സ് എന്ന പൊതുഇടത്തിൽ പോലും സ്ത്രീയെ ലൈംഗികവസ്തുവായി പരിഗണിച്ച് പെരുമാറുമ്പോൾ മലയാളിയുടെ ലൈംഗിക അരാജകത്വമാണ് വെളിവാക്കപ്പെടുന്നത്.

വരുടെ താല്പര്യങ്ങളാണ് സ്ത്രീ സമൂഹത്തിനു മേൽ അടിച്ചേൽപി ക്കപ്പെടുന്നത്. രാത്രിയിൽ തനിച്ചു സഞ്ചരിക്കുന്ന സ്ത്രീയെ തുറിച്ചു നോക്കുന്ന പുരുഷൻ പൊതു ഇട ത്തിലെ സ്ത്രീയുടെ സഞ്ചാരസമ യത്തെ (സമയം/ അസമയം)ക്രമ പ്പെടുത്തുവാനുത്സാഹിക്കുന്നവനാ ണ്. പകൽയാത്ര ചെയ്യുന്നവൾ മാന്യയും രാത്രി യാത്ര ചെ യ്യുന്നവൾ അമാന്യയുമായി മാറു ന്നു.

സമൂഹനിർമ്മിതമായ പൊതു ബോധങ്ങളെ, പുരുഷകേന്ദ്രീകൃത മായ സ്ത്രീനിയന്ത്രണാധികാര ങ്ങളെ പൊളിച്ചെഴുതേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിർഭയ മായി സഞ്ചരിക്കുവാനും അവകാ ശബോധത്തോടെ സ്വതന്ത്രമായി സംസാരിക്കുവാനും ഒരു ചെറു ന്യൂനപക്ഷത്തിനപ്പുറം ബഹുഭൂരി പക്ഷം വരുന്ന സ്ത്രീ സമൂഹ ത്തിനു കഴിയണം. സ്ത്രീ സ്വത ന്ത്രയായി എന്നു പറയുമ്പോഴും വിദ്യാഭ്യാസസാമ്പത്തിക സ്വാതന്ത്ര്യം നേടിയ സ്ത്രീകളിൽ ചെറിയൊരു വിഭാഗത്തിനേ അവ രുടേതായ ഇടം സമൂഹത്തിൽ ലഭി ച്ചിട്ടുള്ളൂ. ഇവരോടൊപ്പം താഴേത ട്ടിലടക്കമുള്ള ഭൂരിപക്ഷം സ്ത്രീകളുടെയും സാമൂഹ്യ വ്യവ സ്ഥകൾക്കു മാറ്റം വരേണ്ടതുണ്ട്. പീഢനക്കേസിലെ ഇരയെ വീണ്ടും വീണ്ടും ക്രൂശിക്കു വാനുത്സാഹിക്കുന്ന പൊതുസ മൂഹം വേട്ടക്കാരനെ സാമൂഹ്യവി ചാരണകളിൽ നിന്നു പുറം തള്ളി അവന്റെ വികലമായ നിലപാടു കളെ ആഘോഷമായി സ്വീകരി ക്കുന്ന കാലമാണിത്. കേവലം ചാനൽചർച്ചകളിലൂടെയോ, പ്രബന്ധമെഴുത്തിലൂടെയോ സെമി നാർ ചർച്ചകളിലൂടെയോ ഇത്തരം പ്രവണതകൾ മാറില്ലയെന്നിരിക്കെ സംഘടിതമായ മുന്നേറ്റങ്ങളാണ് അനിവാര്യം. കാലത്തിന്റെ അത്തര മൊരു മാറ്റത്തെ ഉപരിതല സ്പർശിയായ വിഷയങ്ങളെ പുറം തള്ളി ആവശ്യബോധത്തോടെ ഏറ്റെടുക്കുമ്പോഴേ മാറ്റങ്ങളുണ്ടാ വുകയുള്ളൂ. ●

**മിനിക്കഥ**



# ടിന്റ്ഡ് ഗ്ലാസ്

**ജയലക്ഷ്മി പി.**

**പു**തുവർഷത്തിൽ കമ്പനി എക്സിക്യൂട്ടീവ് കോംപ്ലിമെന്റായി കിട്ടിയത് ഒരു പ്രീമിയം ഹാച്ച്ബാക്ക് കാർ! അയാളതിൽ അതിയായി സന്തോഷിച്ചു. അഭിമാനിച്ചു. ഇത്തവണ എന്തോ ഒരു സർപ്രൈസ് ഉണ്ടാകുമെന്ന സൂചനയുണ്ടായിരുന്നെങ്കിലും കമ്പനി ദൈവങ്ങളുടെ അനു ഗ്രഹവർഷം ഈ രീതിയിൽ പെയ്തിറങ്ങുമെന്നതറിഞ്ഞിരു ന്നില്ല. അഞ്ജനയോടിക്കാര്യം പറയാൻ അയാളുടെ ഹൃദയം വെമ്പൽ കൊള്ളുകയായിരു ന്നു. താനിപ്പോഴുപയോഗിച്ചു കൊണ്ടിരിക്കുന്ന കാർ അഞ്ജ നക്കു കൈമാറുന്നത് അവളെ തൃപ്തിപ്പെടുത്തുമെന്നു മാത്രമ ല്ല, അയാൾക്ക് ടീം ഹെഡ്ഡും എക്സിക്യൂട്ടീവുമൊക്കെയായി സ്ഥാനക്കയറ്റം കിട്ടും മുമ്പ് വാങ്ങിയ പഴയ മാരുതിയാണ വൾ ഇപ്പോഴും ഉപയോഗിക്കു ന്നത് എന്ന അവളുടെ അപ കർഷതാബോധം ഒട്ടൊന്നു മാറു കയും ചെയ്യും. അയാളോർത്തു.

ഓഷ്യൻ ബ്ലൂ നിറത്തിലുള്ള തിളങ്ങുന്ന കാറിന്റെ നിമ്നോന്നത ങ്ങളിൽ ഒടിവുകളിൽ, അയാളുടെ കൈകൾ അഭിമാനത്തോടെ അരിച്ചു നീങ്ങി. സൺപ്രൊട്ടക്ഷന് കാറിന്റെ ജാലകങ്ങളിൽ ടിന്റഡ് ഗ്ലാസ് വേണ്ടേ? അയാൾ സ്വയം ചോദിച്ച ആ ചോദ്യത്തിന് മനസ്സ് കരുതിവെച്ച ഉത്തരം ഒരു നേരിയ വേദനയായി ഓർമ്മയിൽ നിഴൽ വീഴ്ത്തിയപ്പോൾ പെട്ടെന്നൊരു വെളിപാടു പോലെ അയാൾക്ക് തിരിച്ചറിയാനായി. ഇത്തവണ അത്ര ഇരുണ്ട ടിന്റഡ് ഗ്ലാസ് ആവ ശ്യമില്ല! വല്ലപ്പോഴുമൊക്കെ കേൾക്കാനിഷ്ടമുള്ള പ്രിയഗാന ങ്ങളുടെ മധുരം നുകർന്ന് കടപ്പു റത്തെ നീണ്ടുനിവർന്നു കിടക്കുന്ന പാതയിലൂടെ അടങ്ങാത്ത കടലല കളുടെ സംഗീതം കേട്ടു കൊണ്ടുള്ള ലോംഗ് ഡ്രൈവുകൾ ഇഷ്ടപ്പെട്ടിരുന്ന പെൺകുട്ടി ഇപ്പോൾ ഭർത്താവിനൊപ്പം യു.എ സിൽ പുതിയ കമ്പനിയിലെ ജോലിയുമായി പൊരുത്തപ്പെ ടുന്ന തിരക്കിലായിരിക്കും.

അന്ന് ഫ്ളാറ്റിൽ മടങ്ങി യെത്തി കാർ പാർക്കിംഗ് സ്ലോട്ടിൽ 'ബി വൺ' എന്ന് കറുത്ത മഷിയിൽ എഴുതിയി രുന്ന വലിയ അക്ഷരങ്ങളെ മൂടിക്കൊണ്ട് കാർ പാർക്ക് ചെയ്യുമ്പോഴാണ് രണ്ടാം സ്ലോട്ടിൽ പാർക്ക് ചെയ്തി രുന്ന അഞ്ജനയുടെ കാറിലെ ടിന്റഡ് ഗ്ലാസ്സിൽ അയാളുടെ കണ്ണുകൾ പതിച്ചത്. താൻ ഉപ യോഗിച്ചു കൊണ്ടിരുന്നപ്പോഴു ള്ളതിനേക്കാൾ ഇരുണ്ട നി റത്തിലുള്ള ടിന്റഡ് ഗ്ലാസ്... അഞ്ജനയും ഇപ്പോൾ ലോംഗ്ഡ്രൈവുകൾക്കു പോകാൻ തുടങ്ങിയിരിക്കുന്നു വെന്ന പുതിയ അറിവിൽ ദുഃഖിക്കണോ, നിരാശപ്പെ ടണോ എന്നറിയാതെ ഒരു ദീർഘനിശ്വാസത്തോടെ അയാൾ ലിഫ്റ്റിലേക്ക് നടന്നു. ●

ശാസ്ത്രം

# 2015 മണ്ണിന്റെ അന്താരാഷ്ട്ര വർഷം



സീമ ശ്രീലയം

മണ്ണില്ലാത്ത ഒരു ലോകം മനുഷ്യന് സങ്കല്പിക്കാൻ പറ്റുമോ? ഇല്ലേയില്ല എന്നാവും ഉത്തരം എന്ന് തീർച്ച. അത്രയ്ക്കുണ്ട് മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം. മനുഷ്യൻ മണ്ണിൽ കൃഷിചെയ്യാൻ തുടങ്ങിയതോടെയാണ് മാനവസംസ്ക്കാരചരിത്രത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവുണ്ടായത്. മണ്ണിൽക്കളിച്ച് ,മണ്ണിനെ അറിഞ്ഞു തന്നെ വളരണം കുട്ടികൾ. അങ്ങനെ മണ്ണിന്റെ മണം മനസ്സിൽ നിറയട്ടെ.എന്നാൽ മണ്ണിൽക്കളിച്ചും മണ്ണുവാരിയും മണ്ണപ്പം ചുട്ടും കളിക്കുന്ന ബാല്യം ഇന്നത്തെ തലമുറയിലെ പല കുട്ടികൾക്കും അന്യമാവുന്നു എന്നത് ഒരു സത്യമാണ്. മണ്ണിന്റെ മണമുള്ള എത്രയെത്ര സാഹിത്യസൃഷ്ടികളും ചലച്ചിത്രങ്ങളുമാണ് പിറന്നിട്ടുള്ളത്! അധ്വാനത്തിന്റെയും കാർഷികവൃത്തിയുടെയും പ്രകൃതിയിലെ ജീവജാലങ്ങൾ തമ്മിലുള്ള അതിസൂക്ഷ്മമായ പരസ്പരബന്ധത്തിന്റെയും പാഠങ്ങൾ കൂടിയാണ് മണ്ണ് നമ്മെ പഠിപ്പിക്കുന്നത്. അതു കൊണ്ട് ഏതു യുഗത്തിലാണെങ്കിലും മണ്ണിലിറങ്ങി, മണ്ണിനെ അറിഞ്ഞുതന്നെ വളരണം നാം.

വിസ്മയങ്ങളുടെ അക്ഷയഖനിയാണ് മണ്ണ്. നമ്മൾ ചവിട്ടിനിൽക്കുന്ന ഒരടിമണ്ണിൽ പോലും എന്തെന്ത് അത്ഭുതങ്ങളാണ് ഒളിച്ചിരിക്കുന്നത്! അതിൽ ലക്ഷക്കണക്കിന് സൂക്ഷ്മജീവികളടക്കം അനേകമനേകം ജീവവിസ്മയങ്ങളുണ്ട്. ജൈവ പദാർഥങ്ങളുണ്ട്. മൂലകങ്ങളുണ്ട്. സംയുക്തങ്ങളുണ്ട്. ജലാംശമുണ്ട്. ധാതുലവണങ്ങളുണ്ട്. ചെളിയുണ്ട്. ഉറുമ്പും കുഴിയാനയും മണ്ണിരയുമുണ്ട്. സസ്യങ്ങളുടെയും ജന്തുക്കളുടെയുമൊക്കെ അവശിഷ്ടങ്ങളുണ്ട്.എന്നാൽ എല്ലാ സ്ഥലത്തെയും മണ്ണ് ഒരുപോലെയല്ല. പൊടിമണ്ണ്, ചരൽ മണ്ണ്, കരിമണ്ണ്, എക്കൽ മണ്ണ്, കളിമണ്ണ്, എന്നിങ്ങനെ മണ്ണിന്റെ പല രൂപങ്ങൾ പരിചിതമായിരിക്കുമല്ലോ. അങ്ങനെയെങ്കിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്രയെത്ര തരം മണ്ണുണ്ടായിരിക്കും എന്നാലോചിച്ചു നോക്കൂ.എങ്ങനെയാണീ മണ്ണുണ്ടാവുന്നത്? പാറകൾക്കും കല്ലുകൾക്കും ധാതുക്കൾക്കുമൊക്കെ അപക്ഷയം സംഭവിച്ചും അവയിൽ മഴയുടെയും ചൂടിന്റെയും കാറ്റിന്റെയുമൊക്കെ പ്രവർത്തനഫലമായിട്ടുമാണ് മണ്ണ് രൂപംകൊള്ളുന്നത്. ഇതൊക്കെ ഒന്നോ രണ്ടോ ദിവസം കൊണ്ട് സംഭവിക്കുന്നതല്ല . പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും വർഷങ്ങളുടെ കഥയാണ് ഓരോ മൺതരിക്കും പറയാനുള്ളത്.മണ്ണിന്റെ രൂപീകരണം , വിവിധതരം മണ്ണുകൾ, അവയുടെ തരംതിരിവ് എന്നിവയെക്കുറിച്ചൊക്കെ പഠിക്കുന്ന ശാസ്ത്രശാഖയാണ് പെഡോളജി.

2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആഘോഷിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ കാർഷിക സംഘടനയാണ് വർഷാചരണത്തിന് നേതൃത്വം നൽകുന്നത്. നമ്മെയും സർവ്വജീവജാലങ്ങളെയും സംബന്ധിച്ച് അമൂല്യമായ വിഭവം തന്നെയാണ് മണ്ണ്. ഭൂമിയുടെ ത്വക്കാണ് മണ്ണെന്നു പറയാം. എന്നാൽ ഇന്ന് മണ്ണ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ചില്ലറയൊന്നുമല്ല. നമ്മുടെ ജീവിതത്തിൽ മണ്ണിന്റെ പ്രാധാന്യം, മണ്ണ് സംരക്ഷിക്കേണ്ടതിന്റെ

ആവശ്യകത,മണ്ണ് നേരിടുന്ന ഭീഷണികൾ എന്നിവയെക്കുറിച്ചൊക്കെ ലോകമെങ്ങും ഉള്ള മനുഷ്യരെ ബോധവാന്മാരാക്കുക എന്നതാണ് മണ്ണ് വർഷത്തിന്റെ ലക്ഷ്യങ്ങൾ. വരും തലമുറകളെയും സർവ്വജീവജാലങ്ങളെയും ഒരു പോലെ കണക്കിലെടുത്തുകൊണ്ട് വേണം മണ്ണ് വിനിയോഗിക്കാൻ. എന്നുവച്ചാൽ മണ്ണിന്റെ സുസ്ഥിര ഉപയോഗം സാധ്യമാക്കണം എന്നർഥം. എല്ലാ ജീവജാലങ്ങളും മണ്ണിന്റെ അവകാശികളാണ്. വരുംതലമുറകളിൽ നിന്നും നമുക്ക് കടമായി കിട്ടിയ ഈ മണ്ണിനെ പരിക്കു പറ്റാതെ കണ്ണിലെ കൃഷ്ണമണി പോലെ സൂക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്.

കൃഷി ചെയ്യാൻ മണ്ണ് വേണം. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തണമെങ്കിൽ കൃഷിക്ക് അനുയോജ്യമായ ആരോഗ്യമുള്ള മണ്ണ് തന്നെ വേണം. പ്രകൃതിയിൽ പുൽക്കൊടി മുതൽ മാമരങ്ങൾ വരെ മണ്ണിൽ വേരുറപ്പിച്ചാണ് വളരുന്നത്.പരിസ്ഥിതിയുടെ താളം തെറ്റാതിരിക്കാൻ മണ്ണിന്റെ ആരോഗ്യം ഉറപ്പുവരുത്തണം. ജീവ വിസ്മയങ്ങളുടെ കളിത്തൊട്ടിൽ കൂടിയാണ് മണ്ണ്. വിസ്മയകരമായ ആവാസവ്യവസ്ഥയാണത്. ജലസംഭരണത്തിലും കാലാവസ്ഥാ നിയന്ത്രണത്തിലുമൊക്കെ മണ്ണിന്റെ പങ്ക് വലുതാണ്. വിവിധ മൂലകങ്ങളുടെ ചാക്രികമായ സഞ്ചാരത്തിനും അയോണുകളുടെ വിനിമയത്തിനുമൊക്കെ മണ്ണ് വേണം.

ഒട്ടും നിസ്സാരമല്ല മണ്ണ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ. ഇതിനൊക്കെ കാരണമാവുന്നതാവട്ടെ മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങളും. രാസകീടനാശിനികളും വ്യവസായശാലകളിൽ നിന്നുള്ള

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനങ്ങളുമൊക്കെ മണ്ണിനെയും അത്മഹത്യാമുനമ്പിലേക്കാണ് കൊണ്ടുപോവുന്നത്. ഭൂമിക്ക് ചുട്ടുപൊള്ളിപ്പനിക്കുമ്പോൾ മണ്ണിന്റെ സ്വാഭാവികമായ പലപ്രവർത്തനങ്ങളും അവതാളത്തിലാവും. കാർബൺ ചംക്രമണ പ്രക്രിയ അടക്കമുള്ള പല മൂലക വിനിമയ പ്രക്രിയകളുടെയും താളം തെറ്റും.

നൂറുകണക്കിനു രാസവസ്തുക്കളും നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകളും ഇലക്ട്രോണിക് മാലിന്യങ്ങളുമൊക്കെ മണ്ണിനെ ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുന്നു. അമിതമായ രാസവളപ്രയോഗമാണെങ്കിൽ മണ്ണിന്റെ രാസഘടന തന്നെ മാറ്റുന്നു. ഇവയൊക്കെ മണ്ണിനെ മലിനമാക്കുന്നതോടൊപ്പം മണ്ണിലെ സൂക്ഷ്മജീവികളെ നശിപ്പിക്കുകയും ചെയ്യും. ലവണാംശം കൂടിയ മണ്ണിലും അമ്ലത കൂടിയ മണ്ണിലും സൂക്ഷ്മജീവികളുടെ വളർച്ച ദുഷ്ക്കരമാവും. മണ്ണു മലിനമാവുമ്പോൾ കുടിവെള്ളം കൂടിയാണ് മലിനമാവുന്നത് എന്നോർക്കണം. മണ്ണിലേക്ക് വലിച്ചെറിയപ്പെടുന്നതും സ്വാഭാവികമായി മണ്ണിലെത്തുന്നതുമായ പദാർഥങ്ങളെയും ജൈവ അവശിഷ്ടങ്ങളുടെയുമൊക്കെ ജീർണ്ണനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നത് സൂക്ഷ്മ ജീവികളാണ്. മണ്ണിലെ സൂക്ഷ്മജീവികൾ ഇല്ലാതായാൽ മണ്ണ് മാലിന്യക്കൂമ്പാരമായി മാറിയതു തന്നെ.മണ്ണിൽ ജീർണ്ണനം നടക്കാതെ പോഷകങ്ങളുടെ കുറവുണ്ടാവുമ്പോൾ അത് സസ്യവളർച്ചയെ ബാധിക്കും. അശാസ്ത്രീയമായ കൃഷി രീതികളും മണ്ണിനു ചരമഗീതം രചിച്ചുകൊണ്ടിരിക്കുന്നു. വിവേചനരഹിതമായ വികസനപ്രവർത്തനങ്ങളും നിർമ്മാണപ്രവർത്തനങ്ങളും നഗരവൽക്കരണവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വേറെ.

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനങ്ങളുമൊക്കെ മണ്ണിനെയും അത്മഹത്യാമുനമ്പിലേക്കാണ് കൊണ്ടുപോവുന്നത്. ഭൂമിക്ക് ചുട്ടുപൊള്ളിപ്പനിക്കുമ്പോൾ മണ്ണിന്റെ സ്വാഭാവികമായ പലപ്രവർത്തനങ്ങളും അവതാളത്തിലാവും. കാർബൺ ചംക്രമണ പ്രക്രിയ അടക്കമുള്ള പല മൂലക വിനിമയ പ്രക്രിയകളുടെയും താളം തെറ്റും. വനങ്ങളും പുൽമേടുകളും കുന്നുകളുമൊക്കെ അതിവേഗമാണ് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും നാം അവശേഷിക്കുന്ന പച്ചപ്പിന്റെ കടയ്ക്കൽ കത്തിവച്ചുകൊണ്ടിരിക്കുന്നു. കുന്നുകൾ ഇടിച്ചു നിരത്തുന്നു. അപ്പോൾ മണ്ണിന്റെ ജലസംഭരണശേഷി കുറയും. ശുദ്ധജലമെന്നത് അത്യപൂർവ്വ വസ്തുവായി മാറും. ഫലഭൂയിഷ്ഠമായ മേൽമണ്ണ് ഒലിച്ചുപോവുമ്പോൾ നഷ്ടമാവുന്നത് മണ്ണിന്റെ ആരോഗ്യമാണ്. പതിനായിരക്കണക്കിനു വർഷങ്ങളിലൂടെ രൂപം കൊണ്ട വിലമതിക്കാനാവാത്ത വിഭവമാണ് ഇങ്ങനെ നഷ്ടമാവുന്നത്. നമ്മുടെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോവുമ്പോൾ നഷ്ടമാവുന്നത് നമ്മുടെയും സർവ്വജീവജാലങ്ങളുടെയും വരും തലമുറകളുടെയും ജീവിതവും ഭാവിയുമാണെന്ന് നാം തിരിച്ചറിയണം. ●



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara